T62
M31

T62
M31

T 62
M·31

# മണിമേട

(പ്രഹസനം)

രചയിതാവ്
ജയിംസ് കെ. സി. മണിമല.

T 62
M 31

പ്രസാധകർ:
എസ്. എച്ച്. ലീഗ്
അപ്പസ്തോലിക് സെമ്മിനാരി,
ആലുവാ.

DHARMARAM COLLEGE LIBRARY, BANGALORE. 7177

ഡിസംബർ 1952. കോപ്പി 1000.

ഈ പ്രഹസനത്തിലെ യാതൊരു ഭാഗവും ഗ്രന്ഥകർത്താവിൻെറ രേഖാമൂലമായ അനുവാദംകൂടാതെ അഭിനയിക്കുവാൻ പാടില്ല.

# ക്രുപ്റൈക

ഇരുട്ട് ഇനിയും അവസാനിച്ചിട്ടില്ല. വെളിച്ചത്തിന്റെ വെള്ളിരശ്മികൾ പൂർവ്വചക്രവാളത്തിൽ പണ്ടേ ഉദയം ചെയ്തതാണ്. ആ മഹിമാവിലാസങ്ങൾ ഉററുനോക്കിക്കൊണ്ട് വാൻതാരങ്ങൾ ഉദിച്ചു; തെളിഞ്ഞു; പൊലിഞ്ഞു.

നൂററാണ്ടുകൾ കടന്നുപോയി. എന്നിട്ടും ആ ദീർഘരാത്രി അവസാനിച്ചിട്ടില്ല. കാലക്കടലിൽ സ്മരണകളുടെ വേലിയേററങ്ങൾ പിന്നെയും പിന്നെയും ആവർത്തിക്കുന്നു. അങ്ങിനെ ആയിരത്തി തൊള്ളായിരത്തി അൻപത്തിരണ്ട് അങ്ങു വാനോളമുയരുകയാണ്, ഭാരതഖണ്ഡത്തിൽ ഒരു വിൺമയമണിമേടക്കു അടികല്ലിട്ട ക്രിസ്ത്വാബ്ദം അമ്പത്തിരണ്ടിന്റെ മധുരസ്മരണകളോടെ.

അനന്യസുലഭമായ ഈ കനകാവസരത്തിൽ അകംനിറഞ്ഞ ആനന്ദത്തോടെയാണ് സാഹിതീക്ഷേത്രത്തിലേക്കു ഞാൻ പിച്ചവയ്ക്കുന്നതു്. ഈ സാഹസത്തിന്റെ പാരമ്യം ഞാൻ നല്ല വണ്ണമറിയുന്നുണ്ട്. എങ്കിലും ആത്മാർത്ഥതയുടെ ഈ അടിവയ്പുകളെ സഹൃദയലോകം സഹിഷ്ണുതയോടെ വീക്ഷിക്കുമെങ്കിൽ കൃതാർത്ഥതയ്ക്കു വകയുള്ളൂ.

ഈ “മണിമേട”യുടെ പശ്ചാത്തലം സാമാന്യത്തിലധികം വിസ്തൃതമാണ്. കാടും പടപ്പും, കല്ലും മുള്ളും, വെട്ടിനീക്കി നേരേ അങ്ങു പണി ആരംഭിക്കുക ദുർഘടം തന്നെ. കാലത്തിന്റെ നിഴല്പാടുകളിൽ ഐതിഹ്യങ്ങളുടെ വെളിച്ചത്തെ ഒട്ടധികം ആശ്രയിക്കേണ്ടതായി വരും. തൻമൂലം അനൗചിത്യങ്ങൾ വല്ലതും ഇതിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ മഹാജനങ്ങൾ മാപ്പുതരുമല്ലോ.

രംഗവിധാന വൈവിധ്യവും കഥാപാത്രങ്ങളുടെ ബാഹുല്യവും ഇതിൻെറ അഭിനയ സുഗമതയ്ക്കു ബാധകമാകുന്നുണ്ട്. കാലദേശങ്ങളുടെ സാമാന്യത്തിലധികം വിസ്തൃതമായ പരിധികൾക്കുള്ളിൽ വ്യാകീർണ്ണമായി കിടക്കുന്ന ഒരു വസ്തു നാടകവേദിയിൽ കൊണ്ടുവന്നു ക്രമീകരിക്കേണ്ടിവരുമ്പോൾ ഇമ്മാതിരി വൈഷമ്യങ്ങൾ സാധാരണമാണല്ലോ. ഒളിഞ്ഞും മറഞ്ഞും കിടക്കുന്ന കഥാതന്തുവെ വെളിച്ചത്തു കൊണ്ടുവരുന്നതിന് പലയിടത്തും അപ്രധാന കഥാപാത്രങ്ങളെ ആനയിക്കുകയും വിഷ്കംഭത്തെ ആശ്രയിക്കുകയും ചെയ്യേണ്ടിവന്നു.

ഈ ഗ്രന്ഥരചനയ്ക്കു് ആവശ്യമായ റഫറൻസു് ബുക്കുകളും സാന്ദർഭികമായ നിർദ്ദേശങ്ങളും നല്കി എനിക്കു് ഉത്തേജനമരുളിയ കുടുംബദീപം പത്രാധിപർ റവ. ഫാ. കൊളംബിയർ റ്റി. ഒ. സി. ഡി. അവർകളെ ഇവിടെ ആദ്യമായി അനുസ്മരിച്ചുകൊള്ളട്ടെ. സാഹിത്യരംഗത്തേയ്ക്കു് എന്നെ ആദ്യമായി കൈപിടിച്ചു നടത്തിക്കൊണ്ടുവന്ന എസ്സ്. എച്ച്. ലീഗുതന്നെ 'മണിമേട'യുടെ പ്രസിദ്ധീകരണഭാരം ഏറെറടുത്തതിൽ അപാരമായ ആനന്ദമുണ്ട്. കേരളത്തിലെ സന്മാർഗ്ഗ സാഹിത്യഭണ്ഡാരത്തിൽ മുതൽ കൂട്ടുവാൻ നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്ന ലീഗിൻെറ സേവനമാഹാത്മ്യം ആർക്കാണറിഞ്ഞുകൂടാത്തതു്? ജൂബിലിവത്സരത്തിൽതന്നെ മണിമേടയുടെ മുമ്പിൽ വിരിഞ്ഞു തൂങ്ങുന്ന യവനിക നീക്കുവാൻ സന്നദ്ധനായ അഭിവന്ദ്യ ദിവ്യശ്രീ. ഫാ. സക്കറിയാസ് ഒ. സി. ഡി. അവർകളുടെ മുമ്പിൽ എൻെറ വിനീതമായ കൂപ്പുകൈ സാഹിത്യകളരിയിലെ എൻെറ വന്ദ്യ ഗുരുഭൂതരും പണ്ഡിത വരേണ്യനുമായ റവ. ഫാ. ജോൺ കുന്നപ്പിള്ളി, റവ. ഫാ. തോമസ്സ് പരുവനാനി, എം. എ. സത്യദീപം പത്രാധിപർ റവ. ഡോക്ടർ പാറേക്കാട്ടിൽ എന്നിവരോടുള്ള കടപ്പാടുകൂടെ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. എൻെറ അദ്ധ്യാപക സുഹൃത്തുക്കളും ഇതിൻെറ കൈയ്യെഴുത്തുപ്രതി സശ്രദ്ധം പകർത്തിയെ

ഴുതി മുദ്രണയോഗ്യമാക്കിത്തന്ന വാത്സല്യ വിദ്യാർത്ഥിനികളും പ്രാതഃസ്മരണീയരാണ്. അനുഗ്രഹിച്ചവരെയൊക്കെ അകം നിറഞ്ഞ ആനന്ദത്തോടെ സ്മരിച്ചുകൊണ്ടു് അപൂർണ്ണമായ ഈ കലാശില്പവുമായി ഞാൻ ഇതാ ഒരിക്കൽക്കൂടി സഹൃദയലോകത്തെ അഭിവാദനം ചെയ്തുകൊള്ളുന്നു.

സെൻറ് ജോർജ്ജസ് ഇ. എച്ച്. സ്കൂൾ,
മണിമല. 10—10—'52.

ജയിംസ് കെ. സി. മണിമല.

# മണിമേട

## രംഗം 1

സ്ഥാനം:— അറേബ്യൻ മണലാരണ്യത്തിലെ കടൽത്തീരം.

സമയം:— സായാഹ്നം.

(പശ്ചിമചക്രവാളത്തിൽ രക്തരേഖകൾ ചിന്നി നിരന്നിരിക്കുന്നു. അലറിയുയരുന്ന തിരമാലകൾ അനസ്യൂതം ഗർജ്ജിക്കുന്നു, ചേരപ്പെരുമാളിന്റെ മന്ത്രി ഹാവാനും, വിദൂഷകൻ വാചാലനും പടവിൽ നിന്നിറങ്ങിയ വേഷത്തിൽ പ്രത്യക്ഷപ്പെടുന്നു)

ഹാവാൻ:—ഈശ്വരാ, എന്തൊരു ദുർവ്വിധി! ഊരുപണയം വച്ചാണു് ഈ കൊടുംകടൽ കടന്നിവിടെയെത്തിയതു്. ഇന്നാട്ടിൽനിന്നു് ഒരു ശില്പിയെ ലഭിച്ചില്ലെങ്കിൽ ഇനി എങ്ങോട്ടു പോകാനായിരിക്കുമോ തിരുമനസ്സിലെ കല്പന.

വാചാലൻ:—നേരാ! നേരാ! ഞാനാക്കഥ മറന്നുപോയല്ലോ! അതങ്ങു നടുക്കടലിലെങ്ങാണ്ടോണു്.

ഹാ:— ഏതു്?

വാചാ:—നമ്മുടെ ഊരു് പണയം വച്ചിരിക്കുന്നതേ. അയ്യോ, ഇപ്പോൾ വല്ല ചീങ്കണ്ണിയോ തിമിംഗിലമോ തട്ടിക്കൊണ്ടുപോയിക്കാണും. ഇനിയെന്താണു മാർഗ്ഗം?

ഹാ:— എടോ! വിഡ്ഢിശിരോമണീ! വിളച്ചിൽ പറയാനുള്ള നേരം! നാമുദ്ദേശിച്ചു പുറപ്പെട്ടിരിക്കുന്ന കാര്യത്തെപ്പറ്റി തനിക്കൊരു വിചാരവുമില്ല.

വാചാ:— വിചാരമുണ്ടു്, പെരുത്തവിചാരം. നമ്മൾ പണയം വച്ചിരിക്കുന്ന ഊരെടുത്തു കൊണ്ടുവരുന്ന കാര്യമല്ലേ?

മന്ത്രിസത്തമൻ ഒരെഴുത്തിങ്ങു തന്നാട്ടെ. ഇപ്പോഴേ ചെന്നു മേടിച്ചുകൊണ്ടുവരാം. അല്ലെങ്കിൽ അതാ ആ വരുന്ന തിരമാലയോട്ട് ഒന്നു പറഞ്ഞു വിട്ടേച്ചാലുംമതി.

ഹാ:—എടോ പടുവിഡ്ഢീ, തിരുമനസ്സിലേക്കു പുത്തൻ കൊട്ടാരം പണിയാൻ ശില്പിയെ അന്വേഷിച്ചു പുറപ്പെട്ടിരിക്കുന്ന തനിക്കു് അക്കാര്യത്തെപ്പററി വല്ല വിചാരവുമുണ്ടെങ്കിൽ ഇങ്ങനെ കുരങ്ങിനേപ്പോലെനിന്നു ചിലക്കുമോ?

വാചാ-:(വിരൽകടിച്ചു് അബദ്ധം വന്നുപോയി എന്നു നടിച്ചു്) അയ്യോ അങ്ങിനെയൊന്നുണ്ടല്ലോ എനിക്കു വിചാരം വരുന്നുണ്ടു് കേട്ടോ മന്ത്രിസത്തമാ! (കൈവിരൽ ചലിപ്പിച്ചു് എന്തോ ആലോചിക്കുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും തല വെട്ടിച്ചിട്ടു് നിശബ്ദനായി നില്ക്കുന്നു)

ഹാ:— (സ്വഗതം) ഏതായാലും ഈയുള്ളവൻെറ ഗ്രഹപ്പിഴ. ഏതെല്ലാം രാജ്യങ്ങളിൽ അന്വേഷിച്ചുനടന്നു. ഒരിടത്തും വിദഗ്ദ്ധരായ ശില്പികളില്ല. എന്നാൽ കൊട്ടാരം പണി ഒന്നു മാററിവയ്ക്കാൻ പെരുമാൾ തിരുമേനി ഒരുക്കമുണ്ടോ? അതുമില്ല. എന്തു പറയാനാണു്? മന്ത്രിപദം വേണ്ടെന്നുവച്ചിട്ടു് വീട്ടിൽപോയെങ്കിൽ എത്ര സൈ്വരത കിട്ടുമായിരുന്നു. (അല്പം ചിന്തിച്ചു്) ഏതായാലും ഇവിടുത്തെ ചില യഹൂദപ്രമാണികളെക്കണ്ടു് ഒന്നന്വേഷിക്കാം.

ഹാവാൻ:— (വാചാലനോടു്) എടോ താൻ ആ മലഞ്ചരിവിൽച്ചെന്നു രണ്ടു കഴുതകളെ ഏർപ്പാടുചെയ്തു കൊണ്ടുവരൂ.

(വാചാലൻ ചിന്താമൂകനായി നില്ക്കുന്നു)

ഹാ:— (അയാളുടെ ഭുജത്തിൽ തട്ടിയിട്ടു്) എടോ പറഞ്ഞതു കേട്ടില്ലേ?

വാചാ:— (പൂർവ്വാധികം മൗനം)

ഹാവാ:— വാചാലനെ പിടിച്ചു കുലുക്കിയിട്ടു്) എടോ!

വാചാ:—(ഞെട്ടി പ്രജ്ഞത നടിച്ച്) അരുതു്. പിടിച്ചുകുലുക്കരുതേ! എന്റെ തലയിൽ പിടിപ്പതു വിചാരമോ. അതെല്ലാം താഴെ വീണുപോകും.

ഹാവാ:— എന്തുവിചാരമെടോ? തന്നോടു പറയുന്നതു കേൾക്കു്.

വാചാ:— കേട്ടോളിൻ കേൾക്കണമെങ്കിൽ. കൊട്ടാരം പണിയാനാളന്വേഷിച്ചു് വന്ന എനിക്കു യാതൊരു വിചാരവുമില്ലെന്നിദ്ദേഹം പറഞ്ഞപ്പോൾ, ഞാനെന്തു വിഷമിച്ചാണു വിചാരം വരുത്തിയതു്. അതെല്ലാം തലയിൽനിന്നു കുലുക്കിത്താഴെയിട്ടു.

ഹാ:—(കുപിതനായി) എടോ കഴുതേ! തുണുപോലെ നോക്കിനില്ക്കാതെ ചെന്നു കൂലിപറഞ്ഞു സമ്മതിച്ചു് രണ്ടു കഴുതയെ കൊണ്ടുവരൂ. അല്ലാതെ ഈ ചുട്ടമണലിൽക്കൂടെ എങ്ങിനെ സഞ്ചരിക്കും?

വാ:— ഓഹോ! ഇപ്പോൾ കൊണ്ടുവന്നേക്കാം. (ധൃതിയിൽ നടന്നു മറഞ്ഞിട്ടു് പിന്നെയും പ്രവേശിക്കുന്നു) അപ്പൊഴേ എത്ര കഴുതയെന്നാ പറഞ്ഞതു്?

ഹാ:— (അസ്വസ്ഥനായി) ഛെടാ! നാശമെ നമുക്കു രണ്ടുപേൎക്കും സഞ്ചരിക്കണ്ടേ?

വാചാ:— അങ്ങനെ രണ്ടു്. പിന്നെ, അതിനു മുമ്പൊരു കഴുതയുടെ കാൎയ്യം പറഞ്ഞല്ലൊ.

ഹാ:— എടോ പമ്പരവിഡ്ഢി! തന്നെ കഴുതയെന്നല്ലാതെ പിന്നെ എങ്ങിനെ വിളിക്കും?

വാ:— എന്നെ കഴുതയെന്നു വിളിച്ചാൽ ഒരു കഴുതയാകും. പിന്നെ എത്രകൂടെവേണം?

ഹാവാൻ:— (പൂൎവ്വാധികം കോപാകുലനായി) എടോ കഴുതയുടെ കഴുതേ! തന്നെക്കൊണ്ടൊരു കാൎയ്യം നടപ്പില്ലല്ലൊ. പോയി

തനിക്കു തോന്നിയിടത്തോളം കൊണ്ടുവരൂ. വേഗം വേണം.

വാചാ:— ഇതാ ഇപ്പോൾതന്നെ. (ധൃതിയിൽ പോകുന്നു)

ഹാവാ:— എന്തൊരു വികൃതി. കൊട്ടാരത്തിൽ കോമാളിവേഷംകെട്ടി ശീലിച്ചതുതന്നെ അവൻ ആവർത്തിക്കുന്നു. വിഡ്ഢാനു് എല്ലാം ഒരു ഫലിതം. എൻെറ തലയാണു് പുകയുന്നതു്. ദൈവമേ! ശില്പിയേത്തേടി ഇനിയും ഒരു കടൽക്കൂടെ കടക്കേണ്ടിവരുന്നെങ്കിൽ ഞാൻ എന്തു ചെയ്യുമോ?

(ഒരു യഹൂദ പൗരൻ പ്രവേശിക്കുന്നു. സുന്ദരശരീരം അഴകുള്ള താടിമീശകൾ)

യഹൂദപൗരൻ:— (ഹാവാനോടു്) നിങ്ങൾ ഒരു വിദേശിയാണെന്നു തോന്നുന്നല്ലോ. എവിടെ പോകുകയാണു്?

ഹാവാൻ:— എൻെറ സ്വന്ത നാട്ടു് ഭാരതമാണു്. ഇപ്പോൾ സമർത്ഥനായ ഒരു ശില്പവേലക്കാരനെ അന്വേഷിച്ചിറങ്ങിയിരിക്കുന്നു. ഞങ്ങളുടെ പെരുമാൾ തിരുമനസ്സിലേക്കു് ഒരു നല്ല കൊട്ടാരം പണിയിക്കണമെന്നുദ്ദേശമുണ്ടു്.

യ. പൗ:- എൻെറ ഭൃത്യൻ ഒരൊന്നാംതരം ശില്പിയാണു്. ആവശ്യമെങ്കിൽ നിങ്ങളുടെകൂടെ അയയ്ക്കാം. നിങ്ങൾ ആരാണെന്നു വിശദമായി പറയണം.

ഹാവാൻ:— ഞാൻ വിശ്വവിഖ്യാതനായ ചോളപ്പെരുമാൾ ഗുണ്ടഫ്ഫർ തിരുമനസ്സിലെ മന്ത്രിയാണു്. ചോളനാട്ടു് ഇൻഡ്യയിലെ പ്രമുഖരാജ്യങ്ങളിലൊന്നത്രെ.

യ. പൗ:— കൊള്ളാം. ഇൻഡ്യയിലേക്കു് ഈ ശില്പിയെ അയയ്ക്കാൻ എനിക്കും സന്തോഷമാണു്. നിങ്ങൾ ഇവിടെത്തന്നെ നില്ക്കു. ഞാൻ ഉടൻതന്നെ അയാളെ പറഞ്ഞയച്ചേക്കാം. (പെട്ടെന്നു് അപ്രത്യക്ഷനാകുന്നു)

ഹാവാൻ:— ഹാ! എന്തു്, തേടിയവള്ളി കാലിൽ ചുററുകയോ? അദ്ദേഹം ഒരിക്കലും ചതിവു പറയുന്നയാളല്ല. ആ

മുഖത്തെന്തൊരു ദിവ്യചൈതന്യം. തീർച്ചയായും അതൊരമാനുഷപ്രകാശമാണ്. അദ്ദേഹത്തിൻെറ ഭൃത്യനാണെങ്കിൽ ശില്പിയും വളരെ നല്ലകൂട്ടത്തിലായിരിക്കും.

(തോമ്മാശ്ലീഹാ സാധാരണയഹൂദൻെറ വേഷത്തിൽ പ്രവേശിക്കുന്നു)

തോ: ശ്ലീ:— താങ്കളാണോ! കെട്ടിടം പണിക്കാരനെ അന്വേഷിച്ചുവന്ന ഇൻഡ്യാക്കാരൻ.

ഹാ:— അതെ, ഞാൻ നിങ്ങളെ പ്രതീക്ഷിച്ചു നില്ക്കുകയാണ്. നിങ്ങൾക്ക് എന്തെല്ലാം ശില്പവേലകൾ വശമുണ്ട്?

തോ: ശ്ലീ:— പലതുമറിയാം. പ്രത്യേകിച്ച് സ്വർഗ്ഗം വരെയെത്തുന്ന മഹാസൌധങ്ങൾ പണിയാൻ എനിക്കു പ്രയാസമില്ല.

ഹാ:— അത്തരമൊരാളിനെത്തന്നെയാണു ഞാൻ അന്വേഷിച്ചതു്. നമുക്ക് ഉടനെ പുറപ്പെടുകല്ലേ? കടലിൽ ഇപ്പോൾ കാററ് അനുകൂലമാണെന്നു തോന്നുന്നു.

തോ. ശ്ലീ:— ആകട്ടെ. ഞാൻ ഗുരുനാഥനോടു യാത്ര ചോദിച്ച് ആശംസകളുംവാങ്ങി ഉടനെ വന്നേക്കാം (നിഷ്ക്രമിക്കുന്നു)

(വാചാലൻ ഒരു കഴുതയെ ചുമലിൽ വഹിച്ചുകൊണ്ടു ദൂരെനിന്നു വരുന്നു)

വാചാ:— (അണിയറയിൽ)

കഴുതയ്ക്കു കഴുത!...... ഞാൻ കഴുത!
കരുത്തുള്ള കഴുത!......ഞാൻ കഴുത!
കാലത്തുകഴുത .........ഞാൻ......
ഉച്ചയ്ക്കുകഴുത......ഞാൻ......
വൈകിട്ടു കഴുത......ഞാൻ......
കൊട്ടാരക്കുതിര...... ഞാൻ കുതിര ..
അറബിക്കുതിര...... ഞാൻ കുതിര......

(സ്റ്റേജിൻെറ ഒരു മൂലയ്ക്കു കഴുതയെ ചുമന്നുകൊണ്ടുവന്നു നിറുത്തിയതായി നടിച്ചിട്ടു പ്രവേശിക്കുന്നു)

ഹാവാൻ:— എടോ തൻെറ തലയിലിരുന്നതെന്താണു്?

വാചാ:— കഴുത, കഴുത, അതെ നല്ല ഒന്നാംതരം കഴുതയാണെന്നേ! അതാ ഞാൻ ആ മരച്ചുവട്ടിൽ ഇറക്കി നിറുത്തിയിരിക്കുന്നതു കണ്ടില്ലേ?

ഹാ:— എടോ! മനുഷ്യരാരെങ്കിലും കഴുതയെ ചുമന്നു കൊണ്ടു വരുമോ?

വാചാ:— ഞാൻ കഴുതയുടെ കഴുതയായിട്ടു വരണമെന്നല്ലേ പറഞ്ഞതു്. മനുഷ്യനെ ചുമക്കുന്നതു കഴുത. അപ്പോൾ കഴുതയുടെ കഴുത, കഴുതയെ ചുമക്കണ്ടേ?

ഹാ:— എടോ! മുഴുവിഡ്ഡി! ഇനി അതിനെ അങ്ങു കൊണ്ടുച്ചെന്നു തിരിയെ ഏല്പിച്ചേക്കണം. നമുക്കൊരു വിദഗ്ധനായ ശില്പിയെത്തന്നെ ലഭിച്ചുകഴിഞ്ഞു. (ദൂരെനോക്കി) അതാ അദ്ദേഹം വരുന്നുണ്ടല്ലോ. (തോമാശ്ലീഹാ പ്രവേശിക്കുന്നു)

വാചാ:— ആങ്ഹാ! അപ്പോൾ കാര്യമൊക്കെ നേരെയായല്ലോ. ഞാനിതാ വന്നുകഴിഞ്ഞു. (പോകുന്നു)

(അണിയറയിൽ കഴുതയെ പ്രഹരിക്കുന്ന ശബ്ദത്തോടു് "നട കഴുതേ! നട. ഇതുവരെ ഞാൻ നിൻെറ കഴുതയായി. ഇനി നീ എൻെറ കഴുത ഉം. നടവേഗം." എന്നു കേൾക്കുന്നു. തോമ്മാശ്ലീഹായും ഹാവാനും അയാൾ പോയവശത്തേയ്ക്കു നോക്കിനില്ക്കുന്നു.)

(കർട്ടൻ)

## രംഗം 2

സ്ഥാനം: —കൊടുങ്ങല്ലൂർ രാജധാനി.

സമയം:— മദ്ധ്യാഹ്നം.

(നവപരിണീതരായ രാജദമ്പതിമാർ ഉയൎന്ന മണ്ഡപത്തിൽ ഉപവിഷ്ടരായിരിക്കുന്നു. രത്നക്കംബളം വിരിച്ച തറയിൽ രണ്ടു നിരയായി ഇരുന്നു് അതിഥികൾ ഭക്ഷണംകഴിക്കുന്നു. ഇടത്തുവശത്തു് സദസ്സിലേക്കു് ഏററവും സമീപിച്ച ഭാഗത്തു് തോമ്മാശ്ലീഹായും ഇരിക്കുന്നു. മറുവശത്തു് ദമ്പതികളുടെ സമീപത്തായിട്ടാണു് ഹാവാൻെറ സ്ഥാനം. കൃത്യനിരതരായ രണ്ടു പരിചാരകർ വിവിധവിഭവങ്ങൾ വിളമ്പിക്കൊണ്ടിരിക്കുന്നു. അതിഥികൾ ഉത്സാഹപൂൎവ്വം ഭക്ഷിക്കുന്നു. എന്നാൽ തോമ്മാശ്ലീഹാ തൻെറ മുമ്പിലിരിക്കുന്ന വിഭവങ്ങൾ എന്തൊക്കെയെന്നു നോക്കുകപോലും ചെയ്യാതെ ചിന്താഗ്രസ്തനായിരിക്കുന്നു)

അതിഥികളിൽ ഒന്നാമൻ:— അടപ്രഥമൻ അസ്സലായിരിക്കുന്നു. ആരെങ്കിലും ഇതു തയ്യാറാക്കിയവനു് ഒരു സമ്മാനം കൊടുക്കണം.

1-ാം പരിചാരകൻ:— എന്നാൽ അതിങ്ങു തന്നേച്ചാട്ടങ്ങുന്നേ! വിളമ്പിത്തന്നതു് ഈയുള്ളവനല്ലേ?

2-ാം പരിചാരകൻ:— ശരിയാ, ഞാൻ പിന്നെ എന്തെടുക്കുകയായിരുന്നു?

അതിഥികളിൽ രണ്ടാമൻ:— ചുമ്മാ! പേശാതെ പിള്ളെ! നിങ്കൾ ഈ രണ്ടുപേക്കുമെ നോം ഇനാം പോടുകിറേൻ.

അതിഥികളിൽ മൂന്നാമൻ:— അതുകൊള്ളാം. പ്രഥമൻ വച്ചയാൾ വല്ലയിടത്തും കാണും. വിളമ്പുകാർ സമ്മാനം വാങ്ങാനും.

ഒന്നാമൻ:— ആക്കും സമ്മാനം കൊടുക്കുന്നില്ലെന്നുവച്ചാലോ?

രണ്ടാമൻ:- ആമ! അപ്പടിയാം. ഇന്ത ആളുടെയ വാക്കെ യാവനും നമ്പിക്കൂടാത്ു. (തോമാശ്ലീഹായോട്ട്) നിശംതാനാ! പാതിരിസാമിയാർകൾ ശൊല്ലിക്കൊടുങ്കാൾ.

തോമാശ്ലീഹാ:- (മൌനം)

മൂന്നാമൻ:- അല്ലെങ്കിൽ അദ്ദേഹം സമ്മാനം കൊടുക്ക ട്ടെ. നമ്മുടെ വിഭവങ്ങളെ പരദേശികൾ പ്രശംസിക്കുന്നതു് അഭിമാനകരമല്ലേ?

ഒന്നാ:— അല്ലാ! നിങ്ങൾ കണ്ടില്ലേ? ആ മനുഷ്യൻ ഈ ഭക്ഷ്യവിഭവങ്ങളൊന്നും നോക്കുകപോലും ചെയ്യുന്നി ല്ലല്ലൊ.

രണ്ടാം പരിചാരകൻ:— ഞാനും അക്കാര്യം വിചാ രിക്കയായിരുന്നു. അദ്ദേഹത്തിന്നിതിലൊന്നിലും ഒരു താല്പര്യോ മില്ല.

ഒന്നാ:— നോക്കണം! അയാൾ വല്ലതും മിണ്ടുന്നോ എ ന്നു് (ശ്ലീഹായോടു്) എടോ താനെവിടുത്തുകാരനെടോ?

രണ്ടാ:— അന്തയാൾ യൂദനാർതാൻ.

മൂന്നാ:— യൂദന്മാർക്കെല്ലാം ഇത്തരം മൂഞ്ഞാമറികടന്ന സ മ്പ്രദായമാണോ?

(ഭക്ഷണമവസാനിക്കുന്നു. പരിചാരകർ അതിഥികൾക്ക സുഗന്ധ ദ്രവ്യങ്ങൾ കൊണ്ടുവന്നു കൊടുക്കുന്നു. അവർ ചിലതെല്ലാം ശരീരത്തിൽ പൂശുകയും മററു ചിലതു് ശിരസ്സിലണിയുകയും ചെയ്യുന്നു. ശ്ലീഹാ അവയിൽ ചിലതുവാങ്ങി ധ്യാനനിരതനായി അല്പസമയമിരുന്നിട്ടു് അതുകൊണ്ടുതന്നെ ശരീരത്തിൽ കുരിശടയാളം വരച്ചിട്ടു താഴെ വ യ്ക്കുന്നു)

ഒന്നാ:-- (ആ പ്രവൃത്തി അശേഷം രസിക്കാതെ) ഇയാളെ ന്തൊരു കോമാളി! എല്ലാവരും ചെയ്യുന്നതുപോലെ ചെയ്തുകൂടെ? സാമൂഹികമര്യാദ അശേഷമില്ലാത്ത ധിക്കാരി.

ഹാവാൻ:-- നിങ്ങൾ എന്തിനു ശങ്കകൂട്ടുന്നു? അദ്ദേഹം വിദേശിയല്ലേ?

രണ്ടാ:-- യാർതന്നെയാനാലും ഒമ്മുടയ നാട്ടിൽ, ഇന്ത മാതിരി വിരുന്തിൻവേളയിൽ ഒമ്മുടയ മരിയാതകളെ കെവു നിക്കവേണ്ടും.

മൂന്നാ:-- (കൈചൂണ്ടി അഭിപ്രായം സ്ഥാപിച്ച്) അതാണ്ശരി. അപ്പറഞ്ഞതിലുണ്ടു കാര്യം.

(പരിചാരകർ സുഗന്ധ ദ്രവ്യങ്ങൾ വച്ചിട്ടുള്ള താലങ്ങൾ എടുത്തു മാററിയിട്ട് സ്റ്റേജിന്റെ ഒരു മൂലയിൽ മാറി നില്ക്കുന്നു. അത്യാകർഷകങ്ങളായ വേഷഭൂഷാദികളോടുകൂടി ഒരു യഹൂദനർത്തകി പ്രവേശിച്ചു നൃത്തംചെയ്യുന്നു. അതിഥികൾ തലയാട്ടിയും താളം പിടിച്ചും ആസ്വാദനചേഷ്ടകൾ പ്രദർശിപ്പിക്കുന്നു. തോമ്മാശ്ലീഹാ, അവളെ നോക്കുകപോലും ചെയ്യാതെ ധ്യാനനിരതനായിരിക്കുന്നു. നൃത്തം കഴിഞ്ഞു് നർത്തകി ഓരോരുത്തരേയും സമീപിക്കുന്നു. വധൂവരന്മാർ പ്രത്യേകസമ്മാനങ്ങൾ കൊടുക്കുന്നു)

ഒന്നാ:- (തന്റെ സമീപത്തുവന്ന നർത്തകിക്കു മോതിരമൂരി സമ്മാനിച്ചിട്ട്) ബലേ! ഭേഷ്! സമ്മാനമായി ഇതിരിക്കട്ടെ.

രണ്ടാ:- (തലപ്പാവെടുത്തു കൊടുത്തിട്ട്) പാക്യമാനപ്പെണ്ണേ! ഉനക്കിതുതാൻ എന്നുടെയ ഇനാം.

മൂന്നാ:- (ഒരു പുഷ്പം കൊടുത്തിട്ട്) ഇതാ! ഇതു നിന്റെ ചുരുൾമുടിക്കഴകേറും.

ഒന്നാ:- ഛേ! അതാണോ തന്റെ സമ്മാനം. ഇയാൾ പണ്ടേ പരമലുബ്ധനാണ്. (നർത്തകി ഹാവാനെ സമീപിക്കുമ്പോൾ അയാൾ കീശയിൽനിന്നു് പണമെടുത്തു സംഭാവന ചെയ്യുന്നു. അനന്തരം അവൾ വാചാലന്റെയടുത്തെത്തുന്നു. അയാൾ ഒന്നും കൊടുക്കില്ലെന്നു ഹസ്തസംജ്ഞ കാണിക്കുന്നു)

രണ്ടാ:- അപ്പടിശെയ്യമുടിയാതു്. ഏതാതു കൊടുങ്കൾ. (വാചാലൻ അയാളുടെ നേരെയും ഹസ്തസംജ്ഞ കാണിക്കുന്നു)

ഒന്നാ:- എടോ തനിക്കും പാതിരിയുടെ സ്വഭാവം പിടിച്ചോ? ഒന്നും സംസാരിച്ചുകൂടെ?

വാചാ:- (ഹാവാനോട്ട് ഹസ്തസംജ്ഞമൂലം സംസാരിക്കാൻ അനുവാദം വാങ്ങിയിട്ട്) ഹേയ് എനിക്കോ! എന്റെ പേരുതന്നെ വാചാലനെന്നാണ്. സാസാരം വളരെ കൂടിപ്പോകുന്നെന്നാണ്, മന്ത്രിയദ്ദേഹത്തിന്റെ പരാതി. അതുകൊണ്ട് അതിഥിശാലയിൽ ഒന്നും മിണ്ടരുതെന്നും അദ്ദേഹം ഗംഭീരമായി ആജ്ഞാപിച്ചിരിക്കുന്നു.

രണ്ടാ:- (തലയാട്ടിക്കൊണ്ട്) ആമാ അപ്പടിയാ.

(നത്തകി തോമ്മാശ്ലീഹായെ സമീപിക്കുന്നു. അദ്ദേഹം അവളെ നോക്കുകപോലും ചെയ്യുന്നില്ല)

രണ്ടാ:- ഇവനെന്നാ കോമട്ടിയാനപ്പാ! ഇന്ത അഴകുടയ പെണ്മണിയെ പാക്കമുടിയാതെ ഇന്ത ഉലകത്തിൽ യാർതാനിരിക്കുരുതു്!

ഒന്നാ:- ധിക്കാരം! അമ്പടാ! അവന്റെ ഡംഭ്! ആരുമില്ലേ ഇവനെ ഒരു പാഠം പഠിപ്പിക്കാൻ! (പരിചാരകരിൽ ഒരാൾ പെട്ടെന്നു മുമ്പോട്ടുവന്ന് ശ്ലീഹായുടെ ചെകിട്ടിൽ അടിച്ചിട്ടു പിൻവാങ്ങി മറയുന്നു)

ഹാവാൻ:- (ചാടി എഴുന്നേററ് സഗൗരവം) ഛേ! മൂഢശിരോമണികളേ! നിങ്ങൾ അവമാനിക്കുന്നതു് എന്നെയാണ്.

തോമ്മാശ്ലീഹാ:-(പ്രശാന്തനായി) നസറേയന്റെ അനുഗാമിയായ എനിക്കു് ഇതിൽ സങ്കടമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ ഗുരുവിനേക്കാൾ വലിയ ശിഷ്യനില്ല. എന്നാൽ ഞാൻ കാണുന്നു, സത്യത്തിന്റെ സന്ദേശവാഹകനെ അവമാനിച്ചതിന്റെ ഫലം ലോകം ഗ്രഹിക്കുന്നതിനായി അവിടുന്നു് നൽകുന്ന അടയാളം നിങ്ങൾക്കും താമസമെന്നിയെ കാണാം.

ഒന്നാ:- ഓഹോ, ഒരു ദീർഘദർശി. എന്നാൽ അതുതന്നെ ഒന്നു കാണണം.

വാചാ:- അതിനു നിങ്ങളാരും വാദം കെട്ടണ്ടാ. അദ്ദേഹം പറഞ്ഞാൽ കല്ലേച്ചിത്രമാ. (ഹാവാനെ നോക്കി അപരാധസ

മ്മതഭാവത്തിൽ) ഇല്ലേ! ഇനി ഒരക്ഷരം ഉരിയാട്ടില്ല. (അണിയറയിൽ നിലവിളി)

(എല്ലാവരും പരസ്പരം തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു)

(കർട്ടൻ)

## രംഗം 3.

സ്ഥാനം:- കൊടുങ്ങല്ലൂർ രാജധാനി.

സമയം:- പ്രഭാതം.

(രാജാവു് കോപാകുലനായി ഊരിയ വാളുമായി അങ്ങോട്ടുമിങ്ങോട്ടും അസ്വസ്ഥനായി നടക്കുന്നു.)

രാജാ:- (വാൾ ഉയർത്തിപ്പിടിച്ചിട്ടു്) എന്തൊരസംബന്ധമാണിതു്! കേരളസമ്രാട്ടിൻെറ വാൾ ഇത്ര പൌരുഷമററതോ? സുഹൃത്തേ! നിൻെറ രക്തദാഹം എവിടെയടങ്ങി നില്ക്കുന്നു? ആ കള്ളസന്യാസിയുടെ കരൾത്തടം കീറിപ്പിളക്കുവാൻ നീ ഇനിയും അമാന്തിക്കുന്നോ? ധീരചരിതാ! അരികുലത്തെ അരിഞ്ഞു വീഴ്ത്തുന്നതിൽ അലംഭാവമില്ലാത്ത നിൻെറ പരാക്രമമെവിടെ?

വൈചിത്ര്യം!... ... വൈചിത്ര്യം!...... ഭീമവൈചിത്ര്യം! കേരളചക്രവർത്തിയുടെ ഓമനക്കുമാരിയുടെ മധുവിധുമണിയറയിൽക്കടന്നു് ഒരു പൂച്ചസന്യാസി മതം പ്രസംഗിച്ചു പോലും! എന്നിട്ടു പറയുന്നു, അതെന്തോ ദൈവിക ദർശനമാണെന്നു് — മണ്ണാങ്കട്ടയാണു്. ഭോഷ്ക്കിനും ഒരതിരുവേണം! വഞ്ചന! കൊടുംവഞ്ചന! ആ മാർജ്ജാരമുനിയെ ഇനി വച്ചിരുന്നു വിലപറയുകയോ? (ഉഗ്രഗാംഭീര്യത്തോടെ) ആരവിടെ?

സേവകൻ:- (പ്രവേശിച്ചു്) അടിയൻ.

രാജാ:- എടാ നീ വേഗം ചെന്നു് ആ കള്ളസന്യാസിയെ പിടിച്ചു ബന്ധിച്ചുകൊണ്ടു വരൂ.

സേവ:- ഉത്തരവ്. (ആചാരം ചെയ്തിട്ട പോകാൻ ഭാവിക്കുന്നു)

രാജാ:- നില്ക്കൂ! (സേവകൻ വീണ്ടും തിരിഞ്ഞു് കല്പന പാത്തു നില്ക്കുന്നു)

രാജാ:- സൂരഭികുമാരി ഉടനെ ഇങ്ങോട്ടു വരാൻ നാം കല്പിക്കുന്നുവെന്നറിയിച്ചിട്ട പോകൂ.

സേവ:- കല്പന! (പോകുന്നു)

രാജാ:- ഈ കള്ളത്തരത്തിന്റെ പൂച്ച തെളിയിച്ചില്ലെങ്കിൽ പിന്നെ ഇരുന്നിട്ട കാൎയ്യമില്ല. മണിയറയിലേ ദൎശനം!! മാങ്ങാത്തൊലി! .... (പല്ലുകടിച്ചുകൊണ്ടു്) എടാ! സന്യാസീ! നീ തകന്നു... ഹാ......ഹാ......ഹാ ...... (പൊട്ടിച്ചിരി)

(സുരഭികുമാരി പ്രവേശിക്കുന്നു)

രാജാ:- കുമാരീ, ഇതെന്തു കഥകളാണു് നാം കേൾക്കുന്നതു്! നിങ്ങൾക്കു ദൎശനമുണ്ടായോ?

സുരഭി:- ഉവ്വ്. അച്ഛാ! ഒരു ദിവ്യചൈതന്യമൂൎത്തി കിടക്കയിൽ വന്നിരുന്നു് ഞങ്ങൾക്കു് തത്വോപദേശങ്ങൾ നല്കി.

രാജാ:- (പരിഹാസപൂൎവ്വം) ഹ ഹ! എന്നിട്ടു് അവൻ ആരാണെന്നു പറഞ്ഞു.

സുരഭി:- ഇന്നലെ നമ്മുടെ അതിഥിശാലയിൽ ഭക്ഷണത്തിനിരുന്ന ആ സന്യാസിയാണെന്നു ഞങ്ങൾ വിചാരിച്ചു. എന്നാൽ താൻ അദ്ദേഹത്തിന്റെ സഹോദരനാണെന്നാണു് ആ മംഗളസ്വരൂപൻ പറഞ്ഞതു്.

രാജാ:- ഹാ! മംഗളസ്വരൂപൻ! മരങ്ങോടൻ മൂങ്ങാ! ഉം ഇരിക്കട്ടെ. എന്തൊക്കെയായിരുന്നു ഉപദേശങ്ങൾ?

സുരഭി:- ഞങ്ങൾ അദ്ദേഹത്തിന്റെ മതം സ്വീകരിക്കണമെന്നും എന്നാൽ ലോകമായകളിൽ നിന്നു യാതൊരു ക്ലേശവും അനുഭവിക്കേണ്ടിവരികയില്ലെന്നും......

രാജാ:- ശരി, നിറുത്തു്! നമുക്കു കേൾക്കയേവേണ്ടാ. നാം ഒന്നു ചോദിക്കട്ടെ. കേരളചക്രവർത്തിയുടെ ഓമനപ്പുത്രി സുരഭികുമാരിയാണോ നമ്മുടെ മുമ്പിൽ നില്ക്കുന്നതു്?

സുരഭി:- അതെ, പ്രിയപ്പെട്ട അഛാ! ആ ദർശനം മുതൽ ഞങ്ങൾക്കിരുവർക്കും ഒരു ദിവ്യമായ ആത്മാനുഭൂതി.

രാജാ:- വേണ്ടാ. നമുക്കു നിന്റെ വിശദീകരണമാവശ്യമില്ല. മിണ്ടടങ്ങു.

സേവകൻ:- (സംഭ്രമാകുലനായി പ്രവേശിച്ചു്) തിരുമേനീ! ആ സന്യാസി ഇവിടെയെങ്ങുമില്ല. അയാൾ കടന്നുകളഞ്ഞു.

രാജാ:- ഛീ! പടുവിഡ്ഢീ! കള്ളം പറയുന്നതു് സൂക്ഷിച്ചുവേണം.

സേവകൻ:- (വിറച്ചുകൊണ്ടു്) അല്ല തിരുമേനീ! പരമാർത്ഥമാണേ! കൊട്ടാരത്തിലെ നർത്തകിയേയും കാണാതായിരിക്കുന്നു.

രാജാ:- (ഉഗ്രമായി പൊട്ടിച്ചിരിച്ചുകൊണ്ടു്) എന്തു്! എന്തു്! അവൾ ഇല്ലെന്നോ? അവളേയും അവൻ തട്ടിക്കൊണ്ടുപോയി അല്ലെ! സേവകാ!............

സേവകൻ:- തിരുമേനി കല്പിച്ചാലും:

രാജാ:- എവിടെനിന്നെങ്കിലും നമ്മുടെ നർത്തകിയെ തേടിപ്പിടിച്ചു കൊണ്ടുവന്നില്ലെങ്കിൽ (വാൾ ഉയർത്തിക്കാണിച്ചു്) തന്റെ തല കഴുത്തിനു മേലല്ല, നമ്മുടെ കാൽച്ചുവട്ടിലായിരിക്കും ശ്രമിക്കുന്നതു്. മനസ്സിലായോ?

സേവ:- (ഭയന്നു വിറച്ചു്) ഉത്തരവു്! തിരുമേനീ! (പോകുന്നു)

രാജാ:- അമ്പമ്പാ! ഇക്കള്ളവേദാന്തികളുടെ തനിനിറം! സൗന്ദര്യം കുമ്പിത്തുളുമ്പിനില്ക്കുന്ന ആ നർത്തകിയെക്കണ്ടപ്പോൾ!

സുരഭി:- അരുതു്! അഛാ! അദ്ദേഹം ഒരു ദിവ്യപുരുഷനാണു്. ഇത്തരം അധിക്ഷേപങ്ങൾ.........

രാജാ:- (അവളെ രൂക്ഷമായി നോക്കിയിട്ട്) ഹാ! നീയാര്. ......പോ......മറയത്തുപോ. (കുമാരി പോകുന്നു)

രാജാ:- ആ നർത്തകി! മനുഷ്യനേത്രങ്ങൾക്കു മനം കുളർക്കെ ആറാടുവാനുള്ള സൗന്ദര്യക്കയം! സ്മരണകളിൽ കിക്കിളിയിളക്കുന്ന ഓമനക്കിനാവ്! (നിശ്ചേഷ്ടനായി ശൂന്യതയിൽ തറച്ച ദൃഷ്ടികളോടെ നിലകൊള്ളുന്നു)

(സേവകൻ നർത്തകിയുമൊന്നിച്ച പ്രവേശിക്കുന്നു- അവൾക്കു വേഷഭൂഷാദികളൊന്നുമില്ല. സാമാന്യവസ്ത്രധാരണം. നർത്തകി ഏങ്ങിയേങ്ങിക്കരയുന്നു)

സേവ:- ഇതാ! തിരുമേനി! നർത്തകി. ഇവൾ പട്ടണത്തിനുപുറത്തുള്ള വഴിയമ്പലത്തിൽ കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു......

രാജാ:- (സസന്തോഷം അടുത്തുചെന്ന്) അല്ലാ, നർത്തകീ! ഇതെന്ത്? നീ കരയുകയാണോ?

നർത്തകി:- (കരയുക മാത്രം)

രാജാ:- പറയൂ. എന്തുതന്നെയായാലും മടിക്കേണ്ടാ. നിൻെറ രക്ഷകനും ദാതാവുമായ നമ്മോട് എല്ലാം തുറന്നു പറയൂ.

നർത്തകി:- (വീണ്ടും കരയുന്നു)

രാജാ:- നിനക്കെന്തു സംഭവിച്ചുവെന്നു തുറന്നുപറഞ്ഞുകൊള്ളുക. അശേഷം വിഷമിക്കേണ്ടാ.

നർത്തകി:- (വ്യഥാഭരിതയായി) തിരുമേനീ! അവിടുന്നു കോപിക്കരുത്.

രാജാ:- (ഉല്കണ്ഠാകുലനായി) എന്ത്?

നർത്തകി:- അന്ധകാരത്തിൻെറ ഇരുൾക്കുഴിയിൽനിന്നു വെളിച്ചത്തിൻെറ വിശാലതയിലേക്കു് എൻെറ കാലടികൾ നീങ്ങുകയാണു്. ഇനി, ഈ ജീവിതചര്യ തുടരുവാൻ ഞാനാഗ്രഹിക്കുന്നില്ല.

രാജാ:- (അവളെ തുറിച്ചുനോക്കിക്കൊണ്ടു്) നീ എന്താണു പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല.

നർത്തകി:- പാപികളേയും പതിതരേയും സമുദ്ധരിക്കാനുള്ള ദിവ്യസന്ദേശവുമായി ഒരു തേജോമൂർത്തി പലസ്തീനായിൽ ചുററിസഞ്ചരിച്ചു. എൻെറ വർഗ്ഗക്കാർ, — യഹൂദന്മാർ— അദ്ദേഹത്തെ പിടിച്ചു കുരിശിൽത്തറച്ചു നാമാവശേഷനാക്കാൻ ശ്രമിച്ചു. പക്ഷേ, വിജയത്തിൻെറ വെള്ളക്കൊടിയുമായി അദ്ദേഹം മരണത്തിൽനിന്നു കരകയറി. ആ മഹാ തേജസ്സിൻെറ ജ്യോതിസ്ഫുലിംഗമായ ഒരു വെള്ളിനക്ഷത്രമാണു് ഇന്നലെ ഈവഴിവന്നു കീഴക്കോട്ടു നീങ്ങിയതു്. മഗ്ദലേനയുടെ കൊടുംപാപങ്ങൾക്കു മാപ്പരുളിയ ഹൃദയത്തിൽ സ്പർശിച്ചു ആ കൈകൾ എനിക്കും അവിടത്തെ വത്സലപുത്രിക്കും ജാമാതാവിനും ജ്ഞാനസ്നാനം നൾകിയിരിക്കുന്നു.

രാജാ:- എന്തു്? യഹൂദന്മാർ കഴുവിൽക്കയററിയ ആ "ജനദ്രോഹി"യുടെ കഥ ഒരു യഹൂദപ്പെണ്ണിനെ ഭ്രാന്തുപിടിപ്പിച്ചെന്നോ?

നർത്തകി:- ഭ്രാന്തു്!......അതെ ഭ്രാന്തായിക്കൊള്ളട്ടെ. മഹാരാജാവേ! സൗന്ദര്യത്തെ സമുദായത്തിൻെറ മുമ്പിൽ വില്പനക്കുവച്ചു മേരിമഗ്ദലനാ തുടങ്ങിയുള്ളവർ പാടിക്കഴിഞ്ഞ ആ "ഭ്രാന്തി"ൻെറ ഈരടികളാണു് ഞാനും പാടുന്നതു്.

"നാഥാ! തവാജ്ഞകൾ കേട്ടുനടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ"

അവിടുന്നു് ഇതൊന്നേററുപാടുക. അതാണു ബുദ്ധിപൂർവ്വകം.

രാജാ:- (അർദ്ധസ്വഗതം) കഷ്ടം! ലോകസുഖങ്ങളിൽ മുങ്ങിമറിഞ്ഞ ഈ വിലാസിനിക്കു എന്തൊരു മാനസികപരിവർത്തനമാണു സംഭവിച്ചിരിക്കുന്നതു്. (പ്രകാശം) ഇതെല്ലാം ആ സന്യാസിയുടെ മന്ത്രവിദ്യകളോ?

നർത്തകി:- മന്ത്രവും തന്ത്രവുമൊന്നുമല്ല. ആത്മാവിൻെറ

അക്ഷയാമന്ത്രണം ഹൃദയത്തിൽ കിക്കിളിയിളക്കുമ്പോൾ കിലുങ്ങിത്തിളങ്ങുന്ന തങ്കനാണ്യങ്ങൾ വെറും ചരൽക്കല്ലുകളായി മാറും. പണത്തിന്റെയും പ്രതാപത്തിന്റെയും കടുംകുരുക്കിൽ ആത്മാവിനെ ബന്ധിച്ചുനിറുത്തി ഒരുകൂട്ടമാളുകൾ ഹൃദയവിശുദ്ധിയെ വേട്ടയാടുന്നു... ...

രാജാ:- അതുകൊണ്ടു ഞാൻ എന്തു ചെയ്യണമെന്നാണു നീ പറയുന്നതു്?

നർത്തകി:- അങ്ങു ബുദ്ധിമാനാണു്. ആ ബുദ്ധിയുപയോഗിച്ചു് ജീവനുള്ള ദൈവത്തെ അന്വേഷിക്കണം! ആരാധിക്കണം! — വിശ്വസിക്കണം!! ... ... ഞാനിതാ നടന്നകലുന്നു. (രാജധാനിയെ വിദൂരതയിൽനിന്നു വീക്ഷിച്ചിട്ടു്) എന്റെ കാൽത്തളക്കിലുക്കത്താൽ അനുദിനം മുഖരിതമായ മണിമന്ദിരമേ, എന്റെ പട്ടുടുപ്പുകളുടെ വെട്ടിത്തിളക്കത്താൽ മാർബ്ബിൾച്ചുവരുകളിൽ മധുരചിത്രങ്ങൾ നിഴലിച്ച കൊട്ടാരമേ! ഇതാ ഞാൻ യാത്ര പറയുന്നു. (പോകുന്നു. രാജാവു് ചിന്താമൂകനായി അവൾ പോയവഴി നോക്കിനില്ക്കുന്നു.)

രാജാ:- (എന്തോ നിശ്ചയിച്ചുറച്ചിട്ടു്) അതെ, അതപരിത്യാജ്യമാണു്. അങ്ങിനെ, ഈ രാജകുടുംബം ക്രിസ്തുമതത്തിനു കേരളക്കരയിലെ മാർഗ്ഗദീപമായിക്കൊള്ളട്ടെ.

(കർട്ടൻ)

## രംഗം 4

സ്ഥാനം:- ചേരപ്പെരുമാൾ ഗുണ്ടഫറിന്റെ രാജധാനി.

സമയം:- സായാഹ്നം.

പെരുമാൾ, ഹാവാൻ, തോമ്മാശ്ലീഹാ എന്നിവർ യഥാസ്ഥാനങ്ങളിൽ ഉപവിഷ്ടരായിരിക്കുന്നു.

പെരുമാൾ:- ആകട്ടെ, നിങ്ങൾക്ക് എന്തെല്ലാം ശില്പവേലകൾ അറിയാം?

തോ. ശ്ലീ:- വാസ്തുവിദ്യ നല്ലതുപോലെ വശമുണ്ട്. പല ആകൃതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാം. കൊത്തുപണിയും ചായവേലയുമൊക്കെ നന്നായിട്ടു ചെയ്യാം. ശില്പവിധാനങ്ങൾ വളരെയൊക്കെ മോടിപിടിപ്പിക്കാൻ സാധിക്കും.

പെരു:- ശരി, നമുക്ക് അനേകം നിലകളുള്ള ഒരു മണിമേടയാണു നിർമ്മിക്കേണ്ടതു്. ഉടൻതന്നെ പ്ലാൻ തയ്യാറാക്കിക്കാണിക്കണം, പണം ആവശ്യംപോലെ വാങ്ങിച്ചുകൊള്ളുക. നാം അക്കാര്യം മന്ത്രിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (ഹാവാനോടു്) മന്ത്രിപുംഗവാ! നമ്മുടെ ശില്പിക്കു പണസംബന്ധമായ യാതൊരു ബുദ്ധിമുട്ടിനുമിടയാകരുതു്. കൊട്ടാരംപണിയാവശ്യത്തിലേയ്ക്കു് നിങ്ങൾതന്നെ ഭണ്ഡാഗാരത്തിൽനിന്നു് ആവശ്യംപോലെ പണമെടുത്തു കൊടുക്കണം. നമ്മെ കണക്കു ബോദ്ധ്യപ്പെടുത്തിയാൽ മതിയാകും. മനസ്സിലായോ?

ഹാവാൻ:- കല്പന യഥാവസരം നിറവേററിക്കൊള്ളാം.

പെരു:- ശരി, ഇത്ര വിദഗ്ദ്ധനായ ഒരു ശില്പിയെ അന്വേഷിച്ചുകൊണ്ടുവന്നതിനു് സമ്മാനമായി ഇതിരിക്കട്ടെ. (ഒരു

വൈരമോതിരം കൊടുക്കുന്നു. വാചാലൻ പ്രവേശിക്കുന്നു)

വാചാ:- പൊന്നുതിരുമേനീ! അടിയനുംകൂടിയായിരുന്നേ, അനുഭവിച്ചതു്.

പെരു:- തനിക്കും സമ്മാനം നിശ്ചയിച്ചിട്ടുണ്ടു്. അതു പിന്നീടു തന്നുകൊള്ളാം.

വാചാ-: അനുമതി തിരുമേനീ! ഇപ്പോൾ തന്നാലും അടിയനുവേണ്ടാ.

പെരു:- മന്ത്രീ എല്ലാം ഭദ്രമായിരിക്കണം. നാം അല്പം വിശ്രമിക്കുവാൻ പോകുന്നു. (നിഷ്ക്രമിക്കുന്നു)

ഹാവാൻ:- നിങ്ങൾ കേട്ടല്ലോ തിരുമനസ്സിലെ കല്പന. എട്ടു ദിവസം കൊടുങ്ങല്ലൂർ രാജധാനിയിൽ താമസിച്ചതുതന്നെ അവിടുത്തേക്കിഷ്ടമായിട്ടില്ല. അതുകൊണ്ടു് ഇനി ഒട്ടും താമസിയാതെ പണിയാരംഭിക്കണം. നാളത്തേക്കു് എത്ര വേലക്കാരെയാണു് ഏർപ്പാടുചെയ്യേണ്ടതു്?

തോമ്മാശ്ലീഹാ:- വേലക്കാരുടെകാര്യം പിന്നീടാകട്ടെ. ഇതൊരസാധാരണ കൊട്ടാരമായിരിക്കണമല്ലോ? വളരെ ആലോചിച്ച് ഒരു പ്ലാൻ തയ്യാറാക്കേണ്ടതുണ്ടു്.

വാചാ:- അതിലല്ലേ സംഗതിയിരിക്കുന്നതു്. പ്ലാനില്ലാതെ വല്ലതും നടക്കുമോ? മന്ത്രിയദ്ദേഹത്തിനെന്താ ഒന്നുമറിഞ്ഞുകൂടെ?

ഹാവാ:- എടോ, താനൊന്നു ചിലയ്ക്കാതിരിക്കൂ.

വാചാ:- ഹതുതന്നെ, നടപ്പുള്ളകാര്യം. പക്ഷി ചിലയ്ക്കരുതു്, പന്നി മുരുമ്മരുതു്, പൂച്ചയലയ്ക്കരുതു്; വാചാലൻ മിണ്ടരുതു്!

ഹാവാ:- എന്നാൽ പ്ലാൻ തയ്യാറാക്കിയിട്ടാവട്ടെ. അതാ, ആ പടിഞ്ഞാറേ കോട്ടയ്ക്കലുള്ള അരവിന്ദമന്ദിരമാണു് താങ്കൾക്കു താമസിക്കുവാനുള്ള ഭവനം. രണ്ടു ഭൃത്യന്മാർ എപ്പോഴും

താങ്കളോടൊന്നിച്ചുണ്ടായിരിക്കും. പണമാവശ്യമുള്ളപ്പോൾ അവരിൽ ഒരാളെ എൻെറയടുക്കൽ പറഞ്ഞയച്ചാൽമതി. തല്ക്കാലാവശ്യത്തിനു കുറെപണം ഇപ്പോൾതന്നെ ഏല്പിക്കാം. (നിഷ്ക്രമിക്കുന്നു)

വാ.ചാ:- ശില്പിസ്വാമിയാർകളേ! പണത്തിൻെറ കണക്കെഴുത്തിടപാടു വാചാലനെ ഏല്പിച്ചാൽ മതി. എല്ലാം നല്ല കണിശത്തിൻെറ കടഞ്ഞെടുത്ത കാതലായിരിക്കും.

തോ. ശ്ലീ:- ഞാൻ കണക്കെഴുതണമെന്നു വിചാരിക്കുന്നില്ല.

വാ.ചാ:- അതെ! അതാണുബുദ്ധി. കണക്കില്ലാതങ്ങു ചെലവാക്കണം. മഹാലക്ഷ്മി മുഖത്തു വന്നുകയറിയാൽ വല്ലവരും തുത്തെറിയുമോ? അതിലല്ലേ സംഗതിയിരിക്കുന്നതു്. പിന്നെ ചെലവാക്കുന്നതു് വാചാലൻകൂടിയറിഞ്ഞു്......

തോ. ശ്ലീ:- എൻെറ ചെലവുകൾ സർവ്വശക്തനായ ദൈവം മാത്രമറിഞ്ഞാൽമതി.

വാ.ചാ:- അതെ, അതുതന്നെയാണു ഞാനും പറഞ്ഞതു്. ചിലപ്പോഴെങ്ങാനും ദൈവമിതൊന്നുമറിയേണ്ടെന്നുവച്ചെങ്കിൽ അന്നേരം വാചാലനെയറിയിച്ചാൽമതി.

ഹാവാ:- (പ്രവേശിച്ചു പണം കൊടുത്തിട്ടു്) ഇതാ അയ്യായിരം വരാഹനുണ്ടു്. ഇനി എത്രവേണമെങ്കിലും ആവശ്യപ്പെട്ടു കൊള്ളണം. ഒന്നും മടിക്കരുതു്.

തോ. ശ്ലീ:- (അതു വാങ്ങിയിട്ടു്) ശരി, എന്നാൽ ഞാൻ എനിക്കു നിർദ്ദേശിച്ചിട്ടുള്ള താമസസ്ഥലത്തേക്കു പോകട്ടെയോ?

ഹാവാ:- അതിനെന്തു്! ഞാനും നിങ്ങളോടൊപ്പം അവിടെവരെപ്പോരാം. (ഇരുവരും പോകുന്നു)

വാ.ചാ:- (രംഗത്തേക്കു തിരിഞ്ഞു്) ഇദ്ദേഹം ഒരു ഭയങ്കര

പുള്ളിയാണ്. ഒരുതരത്തിലും പിടികിട്ടുകില്ല. എന്തൊരു സ്വഭാവമാണോ ഈശ്വരാ! സാധാരണ ഏതു കൊടികെട്ടിയ മിടുക്കന്മാരേയും കറക്കിയടിക്കുന്നവനാണ് വാചാലൻ. പക്ഷേ ഇക്കുറി ഫലിക്കുമെന്നുതോന്നുന്നില്ല. അദ്ദേഹം ഏതായാലും ഭാഗ്യംപിറന്നയാളാണ്. ഈശ്വരാ! ആവശ്യംപോലെ പണം കൊടുക്കാമെന്നല്ലേ തിരുമനസ്സുകൊണ്ടു പറഞ്ഞിരിക്കുന്നതു! നമുക്കും ഒരു ശില്പിയായിരുന്നെങ്കിൽ! ... എന്തു ചെയ്യാനാ! പോയബുദ്ധി ഇനി ആന പിടിച്ചാൽ തിരികെ വരുമോ? ...

(ഉദാസീനഭാവത്തിൽ തലയാട്ടിക്കൊണ്ടു നില്ക്കുന്നു)

(കർട്ടൻ)

## രംഗം 5

സ്ഥാനം:- (പൊതുനിരത്തു്)

സമയം:- സായാഹ്നം.

(ഒരു യാചകൻ പാടിക്കൊണ്ടു പ്രവേശിക്കുന്നു. ഒരു കാലിൽ ഭയങ്കരമായ മന്തു്. വലിഞ്ഞുവലിഞ്ഞുള്ള നടപ്പു്. പിറകെ ഒരു തളർവാതക്കാരൻ ദണ്ഡാവലംബിയായി നടന്നുവരുന്നു)

തളർവാതക്കാരൻ:- എടാ മന്തുകാലാ! നിനക്കെന്തോ കിട്ടി?

മന്തൻ:- (തിരിഞ്ഞു് അവജ്ഞാപൂർവ്വം നോക്കിയിട്ടു്) നീ പോടാ തളന്താ!

തളർ:- ഛേ! എന്തുപറഞ്ഞെടാ തെണ്ടിക്കഴുതേ!

മന്തൻ:- ഹൊ! ഒരു തെണ്ടാത്ത മുതലാളിവരുന്നു! (ഹാസ്യമായി) വലിയ്യമ്പ്രാക്കളെ വല്ലതും ധമ്മം തരേണേ!

തളർ:- മുതലാളിയൊന്നുമല്ലെങ്കിലും നിന്നേപ്പോലെ കണ്ടവനെ കളിപ്പിച്ചുനടക്കുകയല്ല.

മന്തൻ:- ദേ!......പിന്നെ, വേണ്ടാതനം പറയാമെങ്കി ലുണ്ടല്ലോ, ഞാനൊററച്ചവിട്ട വച്ചുതരും.

തളർ:- മന്തുകാലൻെറ ചവിട്ട്! എടാ! നിൻെറ വീട്ടു കാരിപോലും ഈ പിരട്ട് വകവച്ചുതന്നിട്ടവേണമല്ലോ,

മന്തൻ:- അങ്ങനെയൊന്നുമല്ലെടോ എൻെറ കാലിനി പ്പോൾ നല്ല ആരോഗ്യമുണ്ട്.

തളർ:- അതെനിക്കറിയാം. തനിക്കാരോഗ്യമുണ്ട്. എ ന്നിട്ടും പപ്പടോം പഴന്തുണീം ചില്ലറയാണോ ദിവസവും ചെലവാക്കുന്നതു്.

മന്തൻ:- (സൗമ്യമായി) എൻെറ പൊന്നേ! ഞാൻ വല്ല വിധത്തിലും ജീവിച്ചുകൊള്ളട്ടെ, താനൊന്നു മിണ്ടാതിരിക്കൂ. അതുപോകട്ടെ. ഇന്നെന്തുകിട്ടി?

തളർ:- (ഭാണ്ഡമഴിച്ച് ഒരു പുത്തൻ മുണ്ടെടുത്തു കാണിച്ചിട്ട്) ഇതു കണ്ടോ?

മന്തൻ:- അമ്പടാ! അതെവിടെനിന്നുമേടിച്ചു? എത്ര രൂപായായി?

തളർ:- രൂപായോ,- നല്ലകാര്യം. ആണുങ്ങൾ ധർമ്മം തന്നതാ.

മന്തൻ:- (അടുത്തുചെന്നു മുണ്ടുവാങ്ങി തിരിച്ചുംമറിച്ചും നോക്കി യിട്ട്) അയ്യോ നേരോ? എൻെറ പൊന്നുചങ്ങാതി ഇതെവിടുന്നാ?

തളർ:- ഇത്രയും മാത്രമല്ലാ, അഞ്ചിടങ്ങഴി അരിയും കിട്ടി. തീരുമ്പോൾ ഇനി ചെല്ലാനും പറഞ്ഞിട്ടുണ്ട്.

മന്തൻ:- എൻെറ പൊന്നുംകുടമേ, ഒന്നു പറഞ്ഞു തരാം.

തളർ:- ഉം. താൻ ചെന്നേരു്, തന്നുവിടും. അദ്ദേഹമെ ന്തോ ദിവ്യജ്ഞാനമുള്ള മനുഷ്യനാ. തൻെറ പിത്തലാട്ടമൊന്നു മവിടെ ചെലവാകയില്ല.

മന്തൻ:- എൻെറ മന്തുകാലുകണ്ടെങ്കിലും അദ്ദേഹം വല്ല

തും തരാതിരിക്കുമോ?

തളർ:- അങ്ങിനെയുള്ളതു പലതും കാണിച്ചാൽ മതി. വച്ചുകെട്ടും പ്രണവുമൊക്കെയങ്ങു കഴുകിക്കളഞ്ഞേക്കണം.

മന്തൻ:- എൻെറ പൊന്നളിയാ, ഇതൊക്കെ വയററുപിഴപ്പിനുവേണ്ടിയല്ലേ? ഇതുപോലെ വല്ലവരും മനസ്സറിഞ്ഞു തരുമെങ്കിൽപിന്നെ ഈ മിനക്കെട്ടപണിക്കു വല്ലോരും പോകുമോ? അദ്ദേഹം എവിടെയാണെന്നു പറയൂ.

തളർ:- എടാ ഗ്രഹപ്പിഴേ! പൊന്നുതമ്പുരാൻ അങ്ങെങ്ങാണ്ടു ശീമേന്നു വരുത്തിയിരിക്കുന്ന ശില്പ്യദ്യേത്തെ അറിയാത്തോരുണ്ടോ?

മന്തൻ:- അതു ഞാനും കേട്ടതാ. പക്ഷേ അദ്യേമിങ്ങനെ കണക്കില്ലാതെ ധമ്മം കൊടുക്കുന്നതെവിടുന്നാ?

തളർ:- കൊട്ടാരം പണിവകയ്ക്കു വാങ്ങുന്ന പണമെല്ലാം പാവങ്ങൾക്കു കൊടുക്കുകയാണെന്നാ എല്ലാവരും പറേന്നേ. നമ്മളേപ്പോലുള്ള എത്രസാധുക്കൾ അദ്യേത്തിൻെറ അടുക്കൽ ഓടിയെത്തീണതെന്നു് കണക്കില്ല. ആരും വെറും കൈയ്യായിപ്പോകുന്നില്ല. എത്ര നല്ലയാളാണു്! എല്ലാവരും ഇങ്ങനെയായിരുന്നെങ്കിൽ ഈ ലോകം തൊക്കമൊയേനെ.

മന്തൻ:- കൊട്ടാരംപണി മുറയ്ക്കു നടക്കുന്നുണ്ടായിരിക്കുമല്ലോ?

തളർ:- പണിയാരംഭിച്ചിട്ടുപോലുമില്ല. അദ്യേം ചീനത്തേദ്ദ്യോമറേറാ പോയിരിക്കയായിരുന്നു. തിരിച്ചു വന്നിട്ടധികം ദിവസമായില്ല.

മന്തൻ:- ഇനി കൊട്ടാരം പണി എന്നായിരിക്കുമോ? ഏതായാലും അന്നു നമുക്കൊക്കെ ജോലി കിട്ടിയേക്കും.

തളർ:-പിന്നെ! മന്തുകാലനെന്തു ജോലിയാ ചെയ്യിണെ!

മന്തൻ:- എടാ, നിനക്കെന്തറിയാം? അവിടെചെന്നു

തെക്കുംവടക്കും നടന്നാലും ഒരാൾ കേൾപ്പിക്കരുതെ? നേരം വൈകുമ്പോം കൂലിവാങ്ങിച്ചോണ്ടു പോരാമല്ലോ.

തളർ:- ചുമ്മാതല്ലടാ തന്നിക്കു മന്നുപിടിച്ചെ. തട്ടിപ്പും കളിപ്പീരും കൊണ്ടുതന്നെ നടക്കിണു.

മന്തൻ:- അപ്പോഴെ നീയിങ്ങനെ തളന്നുപോയതേ നല്ലകാലത്തു നീ ജോലിയൊന്നും ചെയ്യാഞ്ഞിട്ടല്ലേ?

തളർ:- നീ പോടാ എരപ്പാളി!

മന്തൻ:- ഫ! നീ പോടാ വരത്തേ!

തളർ:- നീ ചെന്നേരെടാ അങ്ങോട്ടു, മന്തുകാലിനിട്ടു "ചടാ പടാ"ന്നു കിട്ടാതെ സൂക്ഷിച്ചോണം. ഞാനിപ്പത്തന്നെ ചെന്നമ്മ്യേത്തേയറിയിക്കും, നിൻെറ തട്ടിപ്പൊക്കെ.

മന്തൻ:- ഓഹോ എന്നാ നിന്നേയിപ്പം മാളികയിലിരുത്തി വാഴിക്കും? (ഗൗരവത്തിൽ നടന്നു മറയുന്നു)

തളർ:- എൻെറ ഉടേതമ്പുരാനെ! ഈ കള്ളക്കൂട്ടമെല്ലാം വലിഞ്ഞുകേറിച്ചെന്നു നമുക്കു കിട്ടണതില്ലാതാക്കാതിരുന്നാൽ പാക്യം. അവനോടൊരിക്കലുമിക്കാര്യം പറയേണ്ടാർന്നു എവ്വ...... (ഏമ്പക്കംവിട്ടു സാവധാനം നടന്നു മറയുന്നു.)

(കർട്ടൻ)

## രംഗം 6.

സ്ഥാനം:- ചോളപ്പെരുമാളിന്റെ കൊട്ടാരം. പെരുമാളും ഹാവാനും സംസാരിച്ചുകൊണ്ടിരിക്കുന്നു.

സമയം:- പ്രഭാതം.

പെരുമാൾ:- മന്ത്രീ, നമ്മുടെ ശില്പി കൊട്ടാരം പണിയ്ക്ക് പണം വാങ്ങിത്തുടങ്ങിയിട്ട് മാസം ഒൻപതു കഴിഞ്ഞിരിക്കുന്നു. ഇനിയും പണി ആരംഭിയ്ക്കാത്തതു് വിചിത്രമായിരിക്കുന്നല്ലോ.

ഹാവാൻ:- കഴിഞ്ഞ നാലരമാസം അദ്ദേഹം ചീനദേശപര്യടനത്തിനു് പോയിരിക്കയായിരുന്നു. അവിടെനിന്നു തിരിച്ചെത്തിയിട്ട് ഇപ്പോൾ നാലരമാസമായിരിക്കുന്നു. കൊട്ടാരത്തിനുള്ള പ്ലാൻ ഇനിയും പൂർത്തിയായിട്ടില്ലെന്നാണു് അടിയനെ അറിയിച്ചിരിക്കുന്നതു്.

പെരു:- ഛേ! അതബദ്ധം! അങ്ങിനെയുണ്ടോ ഒരു പ്ലാനുണ്ടാക്കൽ?

ഹാവാ:- ശരിയായിരിക്കാം. ലോകത്തിൽ ഇതുവരെ ആർക്കും സാധിച്ചിട്ടില്ലാത്തവിധത്തിൽ ഒരു മനോഹരസൗധമാണു് അദ്ദേഹം പണിയാൻ പോകുന്നതെന്നു പറഞ്ഞു.

പെരു:- ഇന്നു് അയാൾ വന്നു് നമ്മെ മുഖം കാണിക്കണമെന്നറിയിച്ചിരുന്നല്ലേ? ഇനിയും വന്നില്ലല്ലോ.

ഹാവാ:- ഒന്നന്വേഷിക്കാൻവേണ്ടി ഞാൻ വാചാലനെ അയച്ചിട്ടുണ്ടു്. ഉടനെ വരാതിരിക്കയില്ല.

പെരു:- എതായാലും അയാൾ ഒരു ചതിയനാണെന്നു് തോന്നുന്നില്ല. ആ മുഖത്തു് എന്തൊരു ചൈതന്യവിലാസം!

ഹാവാ:- അതു സംശയമില്ല. യാതൊരു പ്രതിലോമശക്തികൾക്കും അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തെ ഇളക്കാൻ

സാദ്ധ്യമല്ല. അദ്ദേഹം ഒരു തികഞ്ഞ ആദർശസമ്പന്നനാണ്.

(വാചാലൻ പ്രവേശിക്കുന്നു)

വാചാ:- പൊന്നുതിരുമേനീ! അയാളെന്തൊരു മനുഷ്യനാണെന്നോ?

ഹാവാ:- എന്തു്?

വാചാ:- ഇങ്ങോട്ടു വരണമെന്നു് തിരുമേനി കല്പിക്കുന്നതായി അറിയിച്ചപ്പോൾ പറയുന്നു, അതിലുംവലിയ വേറൊരു തിരുമേനിയുടെ കല്പന അയാൾക്കനുസരിക്കുവാനുണ്ടെന്നു്!

പെരു:- എന്തു്? എന്തു്? നമ്മുടെ കല്പന ധിക്കരിക്കുന്നുവെന്നോ?

ഹാവാ:- തിരുവുള്ളക്കേടു തോന്നരുതേ! പൊന്നുതിരുമേനീ, അദ്ദേഹം പറഞ്ഞതു് ഇയാൾ ശരിയ്ക്കു മനസ്സിലാക്കാഞ്ഞിട്ടായിരിക്കും.

വാചാ:- ഇല്ലില്ല. ഞാൻ നല്ല ഒന്നാംതരമായിട്ടു മനസ്സിലാക്കിയിരിക്കയാണു്.

ഹാവാ:- എന്നിട്ടു് അദ്ദേഹം തിരുമുഖംകാണിയ്ക്കാൻ വരില്ലെന്നു് പറഞ്ഞോ?

വാചാ:- വരും, വരും. പക്ഷെ, അതിനുമുമ്പു് വേറെ ഏതോ വലിയ തിരുമേനിയെ കാണണമെന്നോ മറ്റോ ഒക്കെ ......(തല ചൊറിയുന്നു)

ഹാവാ:- അല്ല! തിരുമേനി കണ്ടാലും, നല്ലതുപോലെ മനസ്സിലാക്കിയ വിദ്വാനാണു്.

പെരു:- എടോ വാചാലൻ! മാറി നില്ക്കൂ ഇവിടെ.

വാചാ:- (വിറയലോടെ താണു തൊഴുതു മാറിനില്ക്കുന്നു)

പെരു:- ശില്പി തന്നോടെന്തു പറഞ്ഞു?

വാചാ:- വലിയ തമ്പുരാൻെറ കല്പന ആദ്യം കേൾക്കണം. പിന്നെയാണു് കൊച്ചുതമ്പുരാൻ അങ്ങിനെ..........

യൊക്കെ......... (വിറയ്ക്കുന്നു)

ഹാവാ:- തിരുമേനീ! കേട്ടാലും, ഇയാൾ ആദ്യം പറഞ്ഞതെന്താണ്? ഇപ്പോൾ പറയുന്നതോ?

പെരു:- ഛേ! അവിവേകീ! നീ നമ്മെ അവഗണിച്ചധിക്കാരം പറയുന്നോ? ആരവിടെ ഇവനെ ബന്ധിക്കട്ടെ. (ഒരു ഭടൻ പ്രവേശിച്ച് വാചാലനെ ബന്ധിക്കുന്നു)

വാചാ:- (സംഭ്രമാകുലനായി) അയ്യോ, പൊന്നുതിരുമേനീ! അടിയനല്ല, ആ ശില്പിയാണ് ധിക്കാരം പറഞ്ഞതു്. കൊട്ടാരം പണിക്കുവേണ്ടി വാങ്ങിക്കുന്ന പണമെല്ലാം അയാൾ പാവപ്പെട്ടവർക്ക് വീതിച്ചുകൊടുക്കയാണ്.

പെരു:- ഛട്ട്! മൂഢം! നീ ഇനി ശബ്ദിച്ചെങ്കിൽ (സഗൗരവം നോക്കുന്നു. ഭടൻ അയാളെ പിടിച്ചുകൊണ്ടുപോകുന്നു)

ഹാവാ:- തിരുമേനീ! വാചാലൻെറ തലയിൽ ഒരിരുപത്തൊന്നു ദിവസത്തേക്കു് തുടർച്ചയായി നെല്ലിക്കാത്തളം വയ്ക്കണമെന്നു തോന്നുന്നു.

(തോമ്മാശ്ലീഹാ പ്രവേശിക്കുന്നു)

പെരു:- ഹേ! ശില്പി! നാം താങ്കളെ പ്രതീക്ഷിച്ചിരിക്കയായിരുന്നു. അവിടെ ഇരിക്കണം.

തോ. ശ്ലീ:- (ഉപവിഷ്ടനായിട്ടു്) ദൂതൻ വന്നിരുന്നു. ജോലിത്തിരക്കുണ്ടായിരുന്നതിനാൽ അല്പം താമസിച്ചേ വരാൻ നിവൃത്തിയുള്ളുവെന്നു് വിവരം തിരുമനസ്സറിയിച്ചിട്ടുണ്ടായിരിക്കുമല്ലോ.

(ഹാവാനും പെരുമാളും അർത്ഥഗർഭമായി പരസ്പരം നോക്കുന്നു)

പെരു:- അതൊക്കെ നാം യഥാകാലം അറിഞ്ഞു. എത്രത്തോളം ആയി നമ്മുടെ കൊട്ടാരംപണി?

തോ. ശ്ലീ:- തിരുമേനീ! പ്ലാനെല്ലാം പൂർത്തിയായിക്കഴിഞ്ഞു. സ്വർഗ്ഗത്തിലോളമെത്തുന്ന ഒരു മണിമയസൗധമാണ്

തിരുമനസ്സിലേയ്ക്കു് പണിയാൻ നിശ്ചയിച്ചിരിക്കുന്നതും.

പെരു:- (സജിജ്ഞാസം) എന്തു്? എന്തു്? സ്വർഗ്ഗത്തിലോളമെത്തുന്നതോ?

തോ. സ്ലീ:- അതേ തിരുമനസ്സിലേയ്ക്കു് ആ കൊട്ടാരം വഴി നിത്യഭാസുരമായ സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരാം.

പെരു:- തീർച്ചയാണോ? നിങ്ങൾ നമ്മെ വ്യാമോഹിപ്പിയ്ക്കുകയല്ലേ?

തോ. സ്ലീ:- ഒരിക്കലുമല്ല. സത്യത്തിന്റെ സംപൂർണ്ണതയിൽ താരഗണങ്ങളെ നിരത്തിനിറുത്തുന്ന ഒരു മഹാശില്പിയുടെ സന്ദേശവാഹകനാണു് ഈയുള്ളവൻ. വ്യർത്ഥമായ വ്യാമോഹങ്ങൾക്കോ മിത്ഥ്യാവാദങ്ങൾക്കോ ഒന്നും ആ ഗുരുനാഥൻ വശംവദനായിട്ടില്ല. അവിടുന്നു വിശ്വസിച്ചാലും.

പെരു:- നമുക്കവിശ്വാസം ഒന്നുമില്ല, താങ്കൾ പണി തീർത്തുതന്നാൽമതി. പണത്തിന്റെ കാര്യം എങ്ങിനെയിരിക്കുന്നു.

തോ. സ്ലീ:- ഉടനെ കുറെപ്പണംകൂടി ആവശ്യമുണ്ടു്.

പെരു:- ആവശ്യാനുസരണം വാങ്ങിക്കൊൾക. (ഹാവാനോടു്) മന്ത്രീ! നമ്മുടെ നാലാംഭണ്ഡാരംകൂടെത്തുറന്നു് കരുതൽ ധനത്തിൽനിന്നു് ശില്പിസ്വാമികൾക്കു് ആവശ്യംപോലെ പണം കൊടുത്തുകൊൾക.

ഹാവാ:- കല്പനപോലെ.

പെരു:- നാം പോകട്ടെ. പ്രഭാതപൂജയ്ക്കു സമയമായി. (പോകുന്നു)

ഹാവാ:- ഇവിടെനിന്നു കൊണ്ടുപോകുന്ന പണമെല്ലാം താങ്കൾ ദരിദ്രർക്കു് വീതിച്ചുകൊടുക്കയാണെന്നു് കേട്ടല്ലോ? അക്കഥ ഞാനിതുവരെ തിരുമനസ്സുണർത്തിച്ചിട്ടില്ല. അവസാനം എന്നെക്കൂടെ കുടുക്കിലാക്കരുതേ!

തോ. ശ്ലീ:- അതൊന്നും രഹസ്യമായി വയ്ക്കേണ്ട കാര്യമല്ലല്ലോ. അങ്ങിനെയാണ് ഞാൻ കൊട്ടാരത്തിനു് പ്ലാനിട്ടിരിക്കുന്നതു്.

ഹാവാ:- (ശ്ലീഹായുടെ ആശയം മനസ്സിലായില്ലെങ്കിലും അക്കാര്യം പ്രകടമാക്കാതെ) അതു ശരി. എന്നാൽ കൊട്ടാരം പണി ഇനിയും തുടങ്ങിയിട്ടില്ല. അതു പൂർത്തിയായിക്കാണ്മാൻ തിരുമനസ്സുകൊണ്ടു് ഉൽക്കണ്ഠാകുലനായിരിക്കയുമാണു്.

തോ. ശ്ലീ:- ഒന്നും സാരമില്ല. പണിയൊക്കെ യഥാകാലം നടന്നുകൊള്ളും.

സേവ:- (പ്രവേശിച്ചു്) കൊടുങ്ങല്ലൂർ രാജധാനിയിൽനിന്നു് യുവരാജാവു് ശില്പിസ്വാമികളെ കാണാനായി എഴുന്നള്ളിയിരിക്കുന്നു.

തോ. ശ്ലീ:- അദ്ദേഹത്തെ ഇങ്ങോട്ടാനയിക്കൂ.

(സേവകൻ പോകുന്നു. കേപ്പാ— കൊടുങ്ങല്ലൂർ രാജാവിൻെറ ജാമാതാവു്—പ്രവേശിക്കുന്നു)

കേപ്പാ:- (ശ്ലീഹായുടെ പാദാന്തികത്തിൽ പ്രണമിച്ചിട്ടു്)ഗുരോ! നമസ്കാരം! അങ്ങു ഞങ്ങളെ വിസ്മരിച്ചോ?

തോ. ശ്ലീ:- (പിടിച്ചെഴുന്നേല്പിച്ചിട്ടു്) ഇതെന്താണു് കേപ്പാ! ഞാൻ എൻെറ ജോലി തുടരേണ്ടയോ?

കേപ്പാ:- ഗുരോ, കേരളക്കരയിൽ അങ്ങോളമിങ്ങോളം നിലമൊരുങ്ങിക്കിടക്കുന്നു. വിത്തുവിതയ്ക്കാൻ വൈകിപ്പോയി. അതിലേയ്ക്കു് അവിടുത്തെ വീണ്ടും അങ്ങോട്ടാനയിക്കുവാനാണു് ഞാൻ വന്നതു്. അവിടുന്നു് എന്നെ ഏൽപ്പിച്ചിരുന്ന കാര്യങ്ങൾ ഏതാണ്ടു ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടു്. ഭാഗ്യവശാൽ എൻെറ പ്രിയ മാതുലനും സത്യവേദം സ്വീകരിച്ചുകഴിഞ്ഞു.

തോ. ശ്ലീ:- വത്സാ! നാമൊക്കെ വെറും വേലക്കാരാണു്. കാലജ്ഞനായ നിത്യകർഷകനു് കാലാകാലങ്ങളിൽ വിളവെ

ടുക്കാനും, കളയൊട്ടുക്കാനും, വളമിടുവാനും എല്ലാമറിയാം.

കേപ്പാ:- ഏതായാലും, അങ്ങു ഉടനെതന്നെ പുറപ്പെടണം.

തോ. ശ്ലീ:- അങ്ങിനെയാവാം. എന്നാൽ നമുക്കിവിടെ രണ്ടുനാൾ വിശ്രമിച്ചിട്ടാകട്ടെ.

ഹാവാ - അതേ, അങ്ങിനെയാണുവേണ്ടതു്. കൊട്ടാരം പണിയ്ക്കുവേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിട്ടേ ഇനി താങ്കൾ എങ്ങോട്ടെങ്കിലും പോകാവൂ. ഇവിടെ ജോലി നടന്നുകൊണ്ടിരിയ്ക്കണം.

തോ. ശ്ലീ:- അതിനു പ്രയാസമില്ല. ഞാൻ എവിടെ ആയിരുന്നാലും ഇവിടത്തെ ജോലി മുറയ്ക്കു നടത്തികൊണ്ടിരിയ്ക്കും.

ഹാവാ:- അനുമതി. (കേപ്പായോടു) വരൂ, രാജകുമാരാ! നമുക്കു് അല്പം വിശ്രമിക്കാം.

(എല്ലാവരും പോകുന്നു)

(കർട്ടൻ)

## രംഗം 7.

കൊടുങ്ങല്ലൂർ രാജധാനി. രാജാവു്, കേപ്പാ, തോമാശ്ലീഹാ എന്നിവർ സംസാരിച്ചുകൊണ്ടിരിക്കുന്നു)

രാജാ:- ഗുരോ, അങ്ങിവിടെ ഉണ്ടായിരുന്നെങ്കിൽ കേരളക്കരയിൽ ഒട്ടധികം മാനസാന്തരങ്ങൾ നടക്കുമായിരുന്നു.

തോ ശ്ലീ:- അതു ശരിയാണു്. കേരളമൊട്ടാകെ ഒന്നു ചുററിസ്സഞ്ചരിക്കുന്നതിനൊരുങ്ങിയാണു് എൻെറ ഇത്തവണ

ത്തെ പുറപ്പാട്. ഈ രാജകുടുംബത്തിൽത്തന്നെ സുവിശേഷ ദീപം സ്ഥാപിയ്ക്കാൻ സാധിച്ചതു് ഒരു വലിയ നേട്ടമായി ഞാൻ കരുതുന്നു. ഇവിടെനിന്നു് ആ ദിവ്യവെളിച്ചം മലങ്കരയൊട്ടാകെ പ്രകാശിക്കുമെന്നുള്ളതിൽ സംശയമില്ല.

കേപ്പാ:- അവിടുന്നു് ഇന്നലെ ജ്ഞാനസ്നാനം നൽകിയ ആ യഹൂദജനങ്ങൾ നാല്പതുപേരും വളരെ വിശ്വാസതീക്ഷ്ണതയുള്ളവരാണു്. നാം സ്ലീവാ സ്ഥാപിച്ചിടത്തുതന്നെ ഒരു ദേവാലയം പണിയുവാൻ അവർക്കു വളരെ ആഗ്രഹമുണ്ടു്.

രാജാ:- പള്ളിപണിക്കുവേണ്ട ഏർപ്പാടുകൾ നാം ചെയ്തുകഴിഞ്ഞു. ഒന്നുരണ്ടു മാസങ്ങൾക്കകം അതു പൂർത്തിയായിക്കൊള്ളും.

തോ. ശ്ലീ:- എല്ലാം വളരെ നല്ലതു്. നിങ്ങളേപ്പോലെ ഭക്തിതീക്ഷ്ണതയുള്ള ഏതാനും വിശ്വാസികളെ ലഭിച്ചതുകൊണ്ടു് ഇവിടത്തെ സുവിശേഷവേല വിചാരിച്ചതിലും എളുപ്പമായി തോന്നുന്നു. തദർത്ഥം ഞാൻ ഉദ്ദേശിയ്ക്കുന്ന പരിപാടികൾ പ്രസ്താവിച്ചുകൊള്ളട്ടെ!

കേപ്പാ:- ഗുരോ! കല്പിച്ചാലും.

തോ. ശ്ലീ:- കേപ്പായെ നസറായന്റെ ഈ വിനീത ദാസൻ കൈവയ്പുനല്കി വൈദികപദവിയിലേയ്ക്കു് ഉയർത്തണമെന്നു വിചാരിയ്ക്കുന്നു. എന്നിട്ടു് നിങ്ങൾക്കൂടെ എന്നെ അനുഗമിയ്ക്കണം. നമുക്കൊരുമിച്ചു ദക്ഷിണദേശത്തേയ്ക്കു പോകാം.

രാജാ:- അവിടത്തെ താല്പര്യം ആണു് ഞങ്ങളുടെയിഷ്ടം. അതുല്യമായ ക്രിസ്തീയപൗരോഹിത്യപദവിയിലേയ്ക്കു് എന്റെ ജാമാതാവിനെ ഉയർത്തുന്നതിൽ ഞാൻ അതീവസന്തുഷ്ടനും അതിലുമധികം കൃതജ്ഞനുമാണു്.

കേപ്പാ:- ഗുരുനാഥാ! അങ്ങയെ അനുഗമിയ്ക്കുവാൻ അനുവാദം നല്കിയതു് ഈയുള്ളവന്റെ ഭാഗധേയം. ആ പാദരജസ്സിൽ ദിവ്യതപത്തിന്റെ രജതധൂളികൾ ഞാൻ കാണുന്നു.

അവ അനുസ്യൂതം അണിഞ്ഞാനന്ദിക്കാമെന്നോർക്കുമ്പോൾ എൻെറ അന്തരാത്മാവു് പുളകംകൊള്ളുന്നു. എന്നാൽ, വൈദികപദവിയിൽ പരിലസിക്കാനുള്ള യോഗ്യത ഈ ബലഹീനനശേഷമില്ല.

തോ. ശ്ലീ:- വത്സാ, ചഞ്ചലപ്പെടേണ്ട. വെറും മീൻപിടുത്തക്കാരാണു് നസ്രേയൻെറ സചിവപുംഗവന്മാർ. ഞാനുൾപ്പടെയുള്ള പന്ത്രണ്ടു് അജ്ഞശിരോമണികളെയാണു് അവിടുന്നു് സഭയുടെ നെടുംതൂണുകളായി നിശ്ചയിച്ചിട്ടുള്ളതു്. അവരിൽത്തന്നെ ഏററവും എളിയവനാണു് ഈ ദാസൻ. എന്നിരിക്കിലും, എല്ലാം പരിശുദ്ധാരൂപിതന്നെ നടത്തിക്കൊള്ളുന്നു. ആ വെളിച്ചത്തിൻെറ അരൂപി നിങ്ങളേയും നയിക്കുമെന്നു് ദൃഢമായി വിശ്വസിക്കുക.

കേപ്പാ:- ഗുരോ ഞാൻ വിശ്വസിക്കുന്നു. അത്യുന്നതൻെറ കൃപാവരങ്ങൾ അവിടുന്നേല്പിച്ച മഹനീയജോലിക്കായി എന്നെ പ്രാപ്തനാക്കട്ടെ.

ഒരു സേവകൻ:- (പ്രവേശിച്ചു്) തിരുമേനീ അപ്പുറത്തു് യഹൂദപ്രമാണികൾ ഗുരുനാഥനെ കാണാൻ കാത്തു നില്ക്കുന്നു.

രാജാ:- ഗുരോ, നമുക്കു് അങ്ങോട്ടു ചെല്ലുകയല്ലേ?

തോ. ശ്ലീ:- അങ്ങനെയാകട്ടെ. (രാജാവും ശ്ലീഹായും പോകുന്നു)

(കർട്ടൻ)

## രംഗം 8.

സ്ഥാനം:- തൃക്പാലേശ്വരം.

സമയം:- സായാഹ്നം.

(അവിടെ സ്ഥാപിച്ചിരിക്കുന്ന കുരിശിൽ സ്പർശിച്ചുകൊണ്ടു തോമ്മാ ശ്ലീഹാ നിലകൊള്ളുന്നു. അഭിഷിക്തനായ നിരണത്തു മാളിയേക്കൽ തോമ്മാകത്തനാർ മുട്ടുകുത്തി നില്ക്കുന്നു. തോമ്മാശ്ലീഹാ അദ്ദേഹത്തിന്റെ ശിരസ്സിൽ കൈവയ്ക്കുന്നു)

തോ. ശ്ലീ:- പ്രിയപ്പെട്ട തോമ്മാ, ഇതാ! ഇന്നുമുതൽ താങ്കളെ ഞാൻ നസ്രേയന്റെ പൗരോഹിത്യത്തിനു ക്ഷണിക്കുന്നു. ഈ പ്രദേശത്തെ വിശ്വാസികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ എല്ലാം വേണ്ട വിധത്തിൽ നിർവ്വഹിക്കുക. അവരുടെ ഭൗതികമായ ഉന്നമനത്തിനു് ആവശ്യമായിട്ടുള്ളവ യഥാകാലം ചെയ്തുകൊടുക്കുവാൻ വിസ്മരിക്കരുതു്.

മാളി. തോ:- ഗുരോ! ദാസൻ അവിടുത്തെ ഇഷ്ടം അനുസരിച്ചു നടന്നുകൊള്ളാം.

തോ. ശ്ലീ:- നോക്കൂ! ഇതാ തൃക്പാലേശ്വരത്തുകാർക്കു് വേണ്ടി ഞാൻ നട്ട ജീവന്റെ വൃക്ഷം. ഇതിന്റെ മധുരഫലമാണു് ഒരു ക്രിസ്ത്യാനിയുടെ ജീവൻ. പക്ഷേ ഇന്നാട്ടുകാർ ശാപത്തിന്റെ സന്താനങ്ങൾ വി. സ്ലീവായെ അശുദ്ധമാക്കി. കൊടുങ്ങല്ലൂരും കൊല്ലത്തും ചായലിലും സ്ഥാപിച്ചിട്ടുള്ള സ്ലീവാകൾ എത്ര ബഹുമാനപൂർവ്വം ആരാധിക്കപ്പെടുന്നു എന്നറിയുക. മലപ്രദേശമായ ചായലിലെ ഗ്രാമീണരുടെ ഭക്തി എന്നെ ഇങ്ങോട്ടു വിളിക്കുവാൻവന്ന മൂപ്പന്മാർ കണ്ടു ബോദ്ധ്യപ്പെട്ടതാണല്ലോ.

മാളി. തോ:- ഗുരുനാഥാ! (വികാരഭരിതനായി) ശാപവചസ്സുകൾ ഉച്ചരിക്കരുതേ! തൃക്പാലേശ്വരത്തുകാർ ചെയ്ത തെറ്റുകൾക്കു് ഈയുള്ളവൻ പരിഹാരം ചെയ്യാം. അവിടുന്നു കല്പിച്ചാലും! എന്തു പ്രായശ്ചിത്തമാണനുഷ്ഠിക്കേണ്ടതു്?

തോ. സ്ലീ:- പ്രായശ്ചിത്തം! പശ്ചാത്താപരഹിതമായ പ്രായശ്ചിത്തത്തിനു് എന്തു വിലയാണുള്ളതു്! അവിവേകത്തിനാണു് മാപ്പിരക്കേണ്ടതു്, അഹങ്കാരപാരമ്യത്തിനല്ല. ഇവിടെ ഞാൻ ജ്ഞാനസ്നാനം നല്കിയതു് അജ്ഞരായ അവജ്ഞസമുദായത്തിനല്ല, വിജ്ഞാനസമ്പന്നരായ എതാനും സവർണ്ണഗോത്രക്കാർക്കാണു്. അവരിൽനിന്നു് ഇത്തരം ധിക്കാരം അശേഷം പ്രതീക്ഷിച്ചതല്ല. (ശാന്തനായി) പോകട്ടെ തോമ്മാ! നീയുൾപ്പെട്ട കുറച്ചുപേരുടെ ഭക്തിതീക്ഷ്ണതയും ത്യാഗശീലവുംമൂലം എന്റെ ഹൃദയത്തിൽനിന്നുയരുന്ന ശാപവചനങ്ങൾ കണ്ഠത്തിൽത്തന്നെ അമർന്നു പോകുന്നു. ഒരു കാര്യം ഞാനിതാ നിശ്ചയിച്ചുകഴിഞ്ഞു. ഈ കടുത്ത ധിക്കാരികളുടെ മദ്ധ്യത്തിൽ ഇനി ഒരു നിമിഷം പോലും വി. സ്ലീവാ നിറുത്തേണ്ടാ. (കുരിശുയർത്തിയെടുത്തു് തോമ്മായുടെ കൈയിൽ കൊടുക്കുന്നു. അദ്ദേഹം താണുവീണു നമസ്കരിച്ചു് കുരിശിൽ ചുംബിച്ചിട്ടു് ഭക്തിപൂർവ്വം വാങ്ങുന്നു)

തോ. സ്ലീ:- തോമ്മാ നീ ഇതു നിരണത്തുകൊണ്ടുപോയി സ്ഥാപിച്ചു് യഥാവിധി വണങ്ങിക്കൊള്ളണം.

മാളി. തോ:- അവിടുത്തെ കാരുണ്യത്തിനു നമസ്കാരം! നിരണത്തു് ഒരു പള്ളി പണിയുവാൻകൂടെ അനുവദിക്കണം.

തോ. സ്ലീ:- സന്തോഷം! ഞാൻ അടുത്തതായി പറയാനിരുന്ന കാര്യം അതാണു്. തോമ്മാ! പരിശുദ്ധാത്മാവ് നിനക്കെപ്പോഴും മാർഗ്ഗദർശിത്വം നല്കട്ടെ. എല്ലാകാര്യങ്ങളും ഭംഗിയായി നോക്കിക്കൊള്ളണം. ഞാൻ ഇനി ഉത്തരമിക്കില്ലേക്കു പോകട്ടെ.

മാളി. തോ:- അഭിവന്ദ്യഗുരോ; ഇനി എന്നായിരിക്കുമോ നിരണം ഗ്രാമത്തിനു് അവിടുത്തെ പാദപാംസുക്കളണിയുവാൻ ഭാഗ്യമുണ്ടാകുന്നതു്?

തോ. സ്ലീ:- ഞാൻ കേരളക്കരയിൽ നിന്നു പോകുന്നതിനുമുമ്പു് ഒരിക്കൽക്കൂടെ ആ സ്ഥലം സന്ദർശിക്കാമെന്നു വിചാ

രിക്കുന്നു. വത്സാ! നീ പോകുക. ദിവ്യനാഥൻ നിങ്ങളുടെമേൽ അനുഗ്രഹങ്ങൾ ചൊരിയട്ടെ. (വീണ്ടും ആശീർവ്വദിക്കുന്നു. തോമ്മാക്കത്തനാർ താണു നമസ്കരിച്ച് സ്ലീവായുമായി നടന്നകലുന്നു)

(കർട്ടൻ)

## രംഗം 9.

സ്ഥാനം:- കൊടുങ്ങല്ലൂർ കൊട്ടാരവളപ്പിലെ രാജകീയോദ്യാനം.

സമയം:- പ്രഭാതം.

(നവമായി ജ്ഞാനസ്നാനം സ്വീകരിച്ച സുരഭികുമാരി ആനന്ദഭരിതയായി മാലകെട്ടിക്കൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് ഒരു ഭ്രാന്തൻ പ്രവേശിക്കുന്നു. വസ്ത്രധാരണത്തിനു ക്രമീകരണമൊന്നുമില്ല, കൈയിൽ അപ്പോഴും കടിച്ചെടുത്ത ഒരു മരക്കൊമ്പ്)

ഭ്രാന്തൻ:- കുയിലേ!—കുയിലേ!—മാനക്കുയിലേ!
പറന്നുവാടീ! മാനക്കുയിലേ!—
ഉയിരേ! ഉടലേ! ഊമപ്പെണ്ണേ!
ഉണ്ണാൻ വാടീ ഊമപ്പെണ്ണേ!—കുയിലേ!... ...
കരിമീൻ മിഴിയേ, കനകക്കതിരേ!
കറങ്ങിവാ നീ! കനകക്കതിരേ... ...കുയിലേ! ...

(ആടിപ്പാടി ഉല്ലസിക്കുന്നു)

സുരഭി:- നീ ആര്, വേഗം ഉദ്യാനത്തിൽനിന്നു പോകൂ.

ഭ്രാന്തൻ:- കൊച്ചിക്കുമെച്ചമെന്തോ! കൊടുങ്ങല്ലൂർത്തേവിയമ്മേ... ...കൊച്ചി... ....

സുരഭി:- എടാ വിഡ്ഢീ! പുറത്തു പോകാനല്ലേ പറഞ്ഞത്?

ഭ്രാന്തൻ:- (കുറേക്കൂടെ അടുത്തുചെന്ന്) വിഡ്ഢീ! വിഡ്ഢീ! വികൃതിവിഡ്ഢീ! സുന്ദരവിഡ്ഢീ സുരഭിലവിഡ്ഢീ!

സുരഭി:- ഹ! നീ എന്നെ ആക്ഷേപിക്കുന്നോ?

ഭ്രാന്തൻ:- എന്നെയും നിന്നെയും തനന്നന്നാ......തന്ന... തന്നാന്നാ...... നിന്നെയും, പിന്നെയും.........തനന്നന്നം... ... തന്ന.........

(മരക്കൊമ്പും കുലുക്കിക്കൊണ്ട് കുമാരിയെ സമീപിക്കുന്നു)

സുരഭി:- (അകന്നുമാറി) പടുവിഡ്ഢീ! നിന്നെ മര്യാദ പഠിപ്പിക്കാമോ എന്നു ഞാൻ നോക്കട്ടെ.

(സുരഭി പോകുന്നു)

ഭ്രാന്തൻ:- വാനംപാടിപ്പക്ഷിയായ് നീ പോയ്മറഞ്ഞോ നീലക്കുയിലേ! നീളെനീളെപ്പാടിപ്പാടിപ്പോയ്മറഞ്ഞോ നീലക്കുയിലേ!

അരിമക്കുയിലേ!......ആനന്ദക്കുയിലേ! ... ...
കോലക്കുയിലേ!... ... പ്രേമക്കുയിലേ! ... (വാനം...)

(വിവിധ രീതിയിലുള്ള ഗാനങ്ങളോടെ സ്റ്റേജിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ചാടി നടക്കുന്നു. തോമ്മാശ്ലീഹാ പ്രവേശിക്കുന്നു; പിന്നാലെ കുമാരിയും. ഭ്രാന്തൻ പ്രശാന്തനായി ശ്ലീഹായുടെ പാദാന്തികത്തിൽ സാഷ്ടാംഗം പ്രണമിക്കുന്നു)

തോ. ശ്ലീ:- യുവാവേ! എഴുന്നേല്ക്കുക. നീ ഇത്രനാളും എവിടെയായിരുന്നു?

ഭ്രാന്തൻ:- (എഴുന്നേററ് ആദരപൂർവ്വം മാറിനിന്ന് വികൃതവസ്ത്രങ്ങൾ ഒട്ടെല്ലാം അഴിച്ചുമാററിയിട്ട് വിനയപൂർവ്വം) ഗുരോ! ക്ഷമിച്ചാലും. അന്നു സുരഭികുമാരിയുടെ വിവാഹവേളയിൽ അവിടുത്തെ ആക്ഷേപിക്കുവാൻ കൂട്ടുനിന്നവനാണ് ഈ മഹാപാപി. ഞങ്ങൾ രണ്ടുപേരുമൊരുമിച്ചാണ് വെള്ളമെടുക്കുവാൻ കുളക്കരയിലേക്കു പോയതു്. കൂട്ടുകാരനെ അപ്പോൾത്തന്നെ പുലി

പിടികൂടി. ആ ഹിംസ്രജന്തു എന്റെ നേരെയും ചാടിവീണു. ഞാൻ ഊരുംകൊണ്ടു് ഏതുവഴിക്കോ ഓടി. അതിൽപിന്നെ ഇന്നുവരെ ഞാൻ എവിടെയായിരുന്നെന്നും എന്തൊക്കെ ചെയ്തെന്നും ഓർമ്മയില്ല. എങ്കിലും ഒരാന്തരികസ്വരം സദാ എന്നോടാജ്ഞാപിക്കുന്നുണ്ടായിരുന്നു, അവിടുത്തെ സന്നിധിയിൽവന്നു മാപ്പിരക്കുവാൻ. ഇന്നിതാ അക്കാര്യം സഫലമായി. ഗുരോ! അവിടുന്നു് എന്നെ അനുഗ്രഹിക്കുമോ?

തോ. ശ്ലീ:- (അനുഗ്രഹപൂർവ്വം) ദൈവത്തിന്റെ കരുണ നിന്നെ നേർവഴിയിലേക്കു നയിക്കട്ടെ.

സുരഭി:- അമ്പടാ! വീരാ! നീയായിരുന്നോ ഈ പേക്കൂത്തൊക്കെക്കാണിച്ചതു്?

ഭ്രാന്തൻ:- അതെ, കുമാരീ! തെററിദ്ധരിക്കരുതു്. അങ്ങയോടു ഞാൻ പറഞ്ഞതെന്തൊക്കെയെന്നു് എനിക്കു നിശ്ചയമില്ല. ഇതാ! ഗുരുനാഥന്റെ ദർശനമാത്രയിൽ എന്റെ ബുദ്ധിഭ്രമം തീർന്നിരിക്കുന്നു. ഇനി, അദ്ദേഹത്തിന്റെ പാദശുശ്രൂഷ മാത്രമാണു് എന്റെ ആഗ്രഹം. (ശ്ലീഹായോടു്) ഗുരുനാഥാ! അവിടുന്നു് എന്നെക്കൂടെ അവിടുത്തെ ഒരു വിനീതശിഷ്യനായി സ്വീകരിക്കുമോ?

തോ. ശ്ലീ:- വത്സാ! നിരാശപ്പെടേണ്ടാ! പശ്ചാത്തപിക്കുന്ന പാപിയുടെ ആശ്രയകേന്ദ്രമാണു് ക്രിസ്തുനാഥൻ.

ഭ്രാന്തൻ:- എനിക്കു സമാധാനമായി; ഞാൻ പോയി പ്രാർത്ഥനകൾ എല്ലാം പഠിക്കട്ടെ. (നമസ്കരിച്ചിട്ടു പോകുന്നു)

സുരഭി:- ഗുരുനാഥാ! അവിടുത്തെ അനന്തരപരിപാടിയെന്താണു്?

തോ. ശ്ലീ:- എന്റെ ജോലി ഒന്നുമായിട്ടില്ല. ഇനി ഉത്തരദിക്കിൽ സഞ്ചരിക്കണമെന്നാണു് വിചാരിക്കുന്നതു്.

സുരഭി:- ഈയുള്ളവൾക്കൂടെ അങ്ങയെ അനുഗമിക്കട്ടെയോ?

തോ. സ്ലീ:- വേണ്ടാ; സഹോദരീ! ഇവിടെത്തന്നേ ധാരാളം പ്രേഷിതരംഗങ്ങളുണ്ടു്. സന്മാതൃകകളാലും സദുപദേശങ്ങളാലും ഈ പട്ടണത്തിൽനിന്നുതന്നേ വളരെപ്പേരെ ക്രിസ്തുനാഥൻെറ കൊടിക്കീഴിലേക്കു കൊണ്ടുവരാമല്ലോ. കേപ്പായും ഇത്തവണ എന്നെ അനുഗമിക്കാതെ ഇവിടെ നില്ക്കട്ടെ. പലതും നിങ്ങൾക്കിവിടെ ചെയ്യാനുണ്ടു്.

സുരഭി:- എല്ലാം ഗുരുനാഥൻെറ ഇഷ്ടംപോലെ.

(കർട്ടൻ)

## രംഗം 10

സ്ഥാനം:- പാലയൂർ ഗ്രാമത്തിലെ ഒരു കുളക്കര.

സമയം:- പ്രഭാതം.

(ഒരു നമ്പൂതിരി സ്നാനത്തിനു തയ്യാറായി വരുന്നു. ഒരു കൈയിൽ കുഴമ്പിൻകിണ്ണം. മറെറാരുകൈയിൽ കീറിച്ചുരുട്ടിയ ഇഞ്ച)

നമ്പൂതിരി:- ഭഗവാനേ! നേരം ഇത്രയും പുലൎന്നല്ലോ. ഉദയത്തിനുമുമ്പു് സൂൎയ്യനമസ്കാരം കഴിക്കേണ്ടതായിരുന്നു. ഇനിയും എന്തൊക്കെയാണോ വന്നുകൂടാൻ പോകുന്നതു്! (എണ്ണയും ഇഞ്ചയും താഴെവച്ചിട്ട് ഒരുവശത്തേയ്ക്കു നീങ്ങുന്നു. പിറകെ ഒരു ഉണ്ണി ഓടിക്കിതച്ചു പ്രവേശിക്കുന്നു. കുളിച്ചു കുറിയിട്ടു സുന്ദരമായ വേഷം)

ഉണ്ണി:- അമ്മാവാ!......അമ്മാവാ!......

നമ്പൂ:- (തിരിഞ്ഞു്) ഇതാരു്? ഉണ്ണീ! എന്തുപററി?

ഉണ്ണി:- അ...മ്മാ...വാ!...... (ഏങ്ങലടിച്ചു കരയുന്നു)

നമ്പൂ:- എന്തുപററി കുഞ്ഞേ? വല്ല പാമ്പിനേയും കണ്ടോ?

ഉണ്ണി:- ഇല്ല... ... ... (വീണ്ടും കരയുന്നു)

നമ്പൂ:- വല്ല മാപ്പിളപ്പാതിരിമാരും പേടിപ്പിച്ചോ?

ഉണ്ണി:- ഇല്ല.

നമ്പൂ:- പിന്നെന്താണ് കുഞ്ഞേ! വേഗം പറയൂ. എന്തായാലും പറയൂ.

ഉണ്ണി:- അമ്മാവാ തീ... തീ... (ഏങ്ങിക്കരയുന്നു)

നമ്പൂ:- (സംഭ്രാന്തനായി) എന്ത്? തീയോ! എവിടെയാണ് തീ പിടിച്ചത്?

ഉണ്ണി:- അല്ല. തീ......തീ...... (ഗദ്ഗതം)

നമ്പൂ:- തീ എവിടെ? പറയൂ, ഇല്ലത്തിന്നോ, കളപ്പുരയ്ക്കോ? എവിടെയാണ് തീ പിടിച്ചത്? വേഗം പറയൂ. നീ എന്നെ തീ തീററാതെ.

ഉണ്ണി:- തീ ...... തീ...... തീണ്ടി.

നമ്പൂ:- മഹാപാപി!

ഉണ്ണി:- അമ്മാവാ! ഞാൻ വഴിയേപോയപ്പോൾ ആ പിഴച്ച പുലയന്മാര് കണ്ടത്തിൽനിന്നു കാളപൂട്ടുന്നു. അവന്മാരെങ്ങും മാറിയില്ലന്നേ!

നമ്പൂ:- എടാ വകതിരിവില്ലാത്ത കഴുതേ! നീ എന്താ "ഓഹോയ്" പറയാഞ്ഞത്?

ഉണ്ണി:- ഓഹോയ്, പൂഹോയ് എല്ലാം പറഞ്ഞു, പക്ഷേ അവന്മാരു മാറിയില്ല.

നമ്പൂ:- എന്തുചെയ്യാം! കലികാലം!! നസ്രാണിപ്പരിഷ!!! പോയി കുളി, പോ, പോ. (ഉണ്ണി എതിർവശത്തേക്കു മറയുന്നു)

(നമ്പൂതിരി ഒന്നു രണ്ടു സോപാനങ്ങൾ ഇറങ്ങി രംഗത്തേക്കു തിരിഞ്ഞുനിന്നു വെള്ളംകോരി ആകാശത്തേക്കെറിഞ്ഞ് ജപസംചലിതോഷ്ഠനായി സൂര്യനമസ്കാരം ചെയ്യുന്നു. തോമാശ്ലീഹായുടെ ശിഷ്യനായ ഒരു ക്രിസ്ത്യാനി പ്രവേശിക്കുന്നു)

ശിഷ്യൻ:- അല്ല, പട്ടേരിപ്പാടെന്തു ചെയ്കയാ?

നമ്പൂ:- (ആഗതനെ ആപാദചൂഡം നോക്കിയിട്ട്) താനാരെടോ, വകതിരിവുകെട്ട ശപ്പൻ! വേദോക്തമായവിധത്തിൽ ഞാൻ സൂര്യനമസ്കാരം ചെയ്യുന്നതിനു തനിക്കെന്തു്?

ശിഷ്യൻ:- ഒട്ടതിരിപ്പാടു് കോപിക്കാതെ. എനിക്കൊന്നുമറിഞ്ഞുകൂടാഞ്ഞിട്ടല്ലേ? അജ്ഞന്മാരുടെ അപരാധങ്ങൾ അഭിജ്ഞന്മാർ ക്ഷമിക്കണ്ടേ?

നമ്പൂ:- ഞാൻ ക്ഷമിച്ചല്ലോ. അല്ലാതെ തന്നെ ശപിച്ചിരുന്നെങ്കിൽ! എന്തൊക്കെയായാലും കൊടുങ്ങല്ലൂർ കൊച്ചുതമ്പുരാൻ വിശ്വസിച്ച ക്രിസ്ത്യാനിമതത്തിൽപ്പെട്ടവനല്ലേ താനും. അതുകൊണ്ടു് ഞാനങ്ങു ക്ഷമിക്കുന്നു. (വീണ്ടും വെള്ളം കോരിയെറിഞ്ഞു് സൂര്യാർച്ചന ചെയ്യുന്നു)

ശിഷ്യൻ:- ആകട്ടെ, ഞാൻ ഒന്നു ചോദിക്കട്ടെ. അങ്ങനെ കോരിയെറിയുന്ന വെള്ളത്തുള്ളികൾ ആകാശത്തിൽ നിറുത്തി കാണിക്കാമോ?

നമ്പൂ:- താൻ പോടോ, ഉച്ചക്കിറുക്കാ. അതു നടപ്പുള്ള കാര്യമാണോ?

ശിഷ്യൻ:- നടപ്പുണ്ടു്. എന്റെ ഗുരുനാഥൻ അങ്ങനെ ചെയ്തു കാണിക്കും.

നമ്പൂ:- (ഹാസ്യമായി) ഉം. എന്നാൽ അപ്പൊഴേ ഞാൻ ഈ പൂണലൂരിക്കളഞ്ഞിട്ടു് തന്റെ വേദം സ്വീകരിച്ചേക്കാം. തന്റെ ഗുരുവിനെ എന്നാണു് ഇങ്ങോട്ടു കൊണ്ടുവരുന്നതു?

ശി:- അദ്ദേഹം കൊടുങ്ങല്ലൂരിലെത്തിയിട്ടുണ്ടു്. പതിനഞ്ചു ദിവസത്തിനകം ഇങ്ങോട്ടു വരും.

നമ്പൂ:- ശരി, അങ്ങനതന്നെ. ഇന്നേയ്ക്കു പതിനഞ്ചാം പക്കം ഞങ്ങൾ നാലഞ്ചുപേർ ഈ കുളക്കരയിലെത്തിയേക്കാം.

ശി:- അങ്ങനെയാകട്ടെ. (പോകുന്നു)

(യവനിക)

## രംഗം 11.

സ്ഥാനം:- ഒരു നാട്ടുംപുറം.

സമയം:- സായാഹ്നം.

(തോമ്മാശ്ലീഹാ ഒരു പാറപ്പുറത്ത് മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. കൈയിൽ ഒരു മരക്കുരിശ്)

തോ. ശ്ലീ:- നാഥാ! ഈ ജനസമൂഹത്തെ ആവരണം ചെയ്തിരിക്കുന്ന അജ്ഞതയുടെ അന്ധകാരം അങ്ങു ദൂരെയകററേണമേ. ഇരുട്ട്!..... കൂരിരുട്ട്.... കൊടുംകൂരിരുട്ട്......വിഗ്രഹാരാധന, കപടഭക്തി, അയിത്താചാരങ്ങൾ, അന്ധവിശ്വാസങ്ങൾ; ഹാ! അജ്ഞതയുടെ അന്ധകാരത്തിൽ നെട്ടോട്ടമോടുന്ന കുറുനരിക്കൂട്ടങ്ങളുടെ ഓലിയിടൽ ഈ ദാസൻെറ കണ്ണുകളിൽ മുഴങ്ങുന്നു. അയിത്തത്തിൻെറ കരിംപാറകളിൽ കാലിടറി വീഴുന്ന പാവങ്ങളുടെ പ്രലാപങ്ങളാണു ഈ കേരളക്കരയിൽ അങ്ങോളമിങ്ങോളം അലതല്ലുന്നതു്. മനുഷ്യനും മനുഷ്യനും തമ്മിൽ തീണ്ടൽ ഹാ! അവിടുന്നു സൃഷ്ടിച്ചവർ അങ്ങേ പരിപാവന രക്തത്തുള്ളികളാൽ പ്രത്യുദ്ധരിക്കപ്പെട്ടവർ പരസ്പരം അടുത്താൽ തീണ്ടലാണുപോലും? ദീനബന്ധോ! പതിതരേയും പാപികളേയും തേടിയല്ലേ അങ്ങു ഭൂമിയിലേക്കു വന്നതു്? .....അങ്ങേ ദിവ്യസന്ദേശം ഇനിയും ഇവർ ചെവിക്കൊള്ളുന്നില്ലന്നോ?

ഈ ഇരുൾപ്പരപ്പിൽ അവിടുത്തെ ദിവ്യവെളിച്ചത്തിൻെറ കൈത്തിരിയുമായി ഈ ദാസൻ ചുററി സഞ്ചരിച്ചുകൊള്ളാം. പാഴ്‌വഴിത്താരകൾ എത്രവേണമെങ്കിലും ചവുട്ടിത്തള്ളാം. സുദീർഘമായ ഈ പ്രയാണത്തിലെ നാഴികക്കല്ലുകളെല്ലാം അവിടുത്തെ മഹത്വത്തിൻെറ മണിസ്തംഭങ്ങളായിരിക്കട്ടെ. നാഥാ! കേരളക്കരയെ അനുഗ്രഹിക്കേണമേ. (ധ്യാനനിരതനായി നില്ക്കുന്നു. ഒരധഃകൃതൻ പാട്ടുപാടിക്കൊണ്ടു പ്രവേശിക്കുന്നു)

അധഃകൃതൻ:- (അണിയറയിൽ) ഏതൊരാതതീണ്ടാളേ! വഴിമാറുകമേലാളേ!......ഏതൊരു .....(പ്രവേശിക്കുന്നു)

ഏനടുക്കരുതൂഴമെപോലും— മേലൂട്ടുകാർ—
ക്കേനിടിച്ചുവൽ പച്ചമാപോലും!......... (ഏനടു......)

(തോമ്മാശ്ലീഹായെക്കാണുന്നു. പെട്ടെന്നു പഞ്ചപുച്ഛമടക്കി സംഭ്രാന്തനായി ഒതുങ്ങിമാറി വിറയലോടെ നിലകൊള്ളുന്നു)

അധ:- തമ്പ്രാക്കളെ, രച്ചിക്കണം! രച്ചിക്കണം!! എന്നക്കമെത്തം പെണ്ണഞ്ഞുപോയി.

(ശ്ലീഹാ ദയാപുരസ്സരം അവനെ നോക്കുന്നു)

അധ:- (വീണ്ടും സസംഭ്രമം) ഇനിയും ചിച്ചിക്കല്ലെ തമ്പ്രാക്കളേ! ഇല്ലത്തെ തമ്പ്രാൻ കെവിതുളച്ചു കെട്ടീട്ടു് ഇപ്പമഴിച്ചുവിട്ടേയുള്ളു!

തോ. ശ്ലീ:- (എഴുന്നേററു്) നീ എന്തു കുററമാണു് ചെയ്തതു്?

അധ:- തീണ്ടിപ്പോയേ! മല്യമ്പ്രാക്കളേ, അടിയനറിഞ്ഞോണ്ടല്ലെ!......

തോ. ശ്ലീ:- എനിക്കു തീണ്ടലൊന്നുമില്ല. നീ പരിഭ്രമിക്കാതിരിക്കൂ, (അടുത്തു ചെല്ലുന്നു)

അധ:- (താണുവീണു തൊഴുതിട്ടു്) കൊല്ലല്ലെ, പൊന്നെമ്പ്രാക്കളേ, കിടാത്തനവത്തം വന്നതാണേ!

തോ. ശ്ലീ:- സഹോദരാ! നിന്നെയും എന്നെയും സൃഷ്ടിച്ച കൈ ഒന്നുതന്നെയാണു്. എനിക്കു നീ തീണ്ടുകയില്ല. സമാധാനമായിപ്പോവുക. (അധഃകൃതൻ തലയുയർത്തിനോക്കി വീണ്ടും നമസ്കരിച്ചിട്ടു് പിറകോട്ടു നടന്നു മറയുന്നു)

അധ:- (പോകുന്നതിനിടയിൽ) എന്തു നല്ല തമ്പ്രാൻ! ഇല്ലത്തെ തമ്പ്രാനായിരുന്നേൽ ഇപ്പം ഇങ്ങേ കെവിക്കുടെ തുളച്ചേനെ.

(ശ്ലീഹായുടെ ശിഷ്യൻ പ്രവേശിക്കുന്നു)

ശിഷ്യ:- ഗുരോ! ഒരു കൂട്ടം പാവങ്ങൾ അങ്ങയെക്കാണാനായി ആ ആറാവക്കിൽ കാത്തു നില്ക്കുന്നു. ഇങ്ങോട്ടു സമീപിക്കാൻ അവക്കു പേടിയാണത്രെ. ഇവിടത്തെ സവർണ്ണഹിന്ദുക്കൾ അവക്കു തീണ്ടൽ കല്പിച്ചിരിക്കുകയാണു്.

തോ. ശ്ലീ:- നിർദ്ദയരായ മനുഷ്യർ! ദൈവത്തിൻെറ കാരുണ്യത്തേപ്പററി അവർ അല്പമെങ്കിലുമറിഞ്ഞിരുന്നെങ്കിൽ?

ശിഷ്യ:- ഏതായാലും നമുക്കു് അങ്ങോട്ടു പോവുകയല്ലേ?

തോ. ശ്ലീ:- ആകട്ടെ. (ഇരുവരും പോകുന്നു)

(യവനിക)

## രംഗം 12.

സ്ഥാനം:- പത്താംരംഗത്തിലെ കുളക്കര.

സമയം: പ്രഭാതം.

(മൂന്നു നമ്പൂതിരിമാർ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നു)

ഒന്നാമൻ:- (രണ്ടാമൻെറ ഭുജത്തിൽ നീണ്ടവിരൽകൊണ്ടു തട്ടീയിട്ടു്) എടോ ചങ്ങലംപള്ളീ! താനറിഞ്ഞോ ഒരു കാര്യം? ഇന്നു് ഈ വഴിക്കു് ആ നസ്രാണീസന്ന്യാസി വരുന്നുണ്ടു്.

രണ്ടാ:- അതിനു നമുക്കെന്തു ചേതം? അയാൾ അയാളുടെ വഴിക്കു പോകട്ടെ.

മൂന്നാ: പിന്നെ വേറൊന്നുണ്ടു്. കുളത്തിലെങ്ങാനുമിറങ്ങി അശുദ്ധമാക്കിയെങ്കിൽ പിടിച്ചുനിറുത്തി ഏത്തമിടുവിച്ചു കലശം കഴിപ്പിച്ചേ വിടാവൂ.

ഒന്നാ:- നല്ലകാര്യം. അതൊന്നും നടപ്പില്ല. അയാൾ ഒരു വല്ലാത്ത സന്ന്യാസിയാണു്.

രണ്ടാ:- ഓ പിന്നെ! അവനെന്നാ കല്ക്യവതാരമോ മറേറാ ആണോ?

മൂന്നാ:- ചുണയുണ്ടെങ്കിൽ വന്നു കുളത്തിലിറങ്ങട്ടെ. അപ്പോൾ കാണിച്ചുകൊടുക്കാം. മാമ്പുഴശേരിയെ അവൻ മനസ്സിലാക്കിയിട്ടില്ല.

ഒന്നാ:- അതെങ്ങനെയുമിരിക്കട്ടെ. ഞാൻ ഇറങ്ങികുളിക്കാൻ പോകുകയാണ്. നിങ്ങൾ ഇരുന്നു സംസാരിക്കുവിൻ. (പോകുന്നു)

രണ്ടാ:- എടോ മാമ്പുഴശേരീ, അയാൾ ആരായിരിക്കും? ഇന്നാട്ടിലൊക്കെ ധാരാളംപേരെ ക്രിസ്തുമതത്തിൽ ചേർക്കുന്നുണ്ട്.

മൂന്നാ:- എവിടെനിന്നോ വന്ന ഒരു മുഴക്കിറുക്കൻ. വിദ്വാന്റെ തലയിൽ കുറെ നെല്ലിക്കാവെള്ളമൊഴിച്ചാൽ നന്നായിരിക്കും.

രണ്ടാ:- ഛേ! അങ്ങനെയൊക്കെപ്പറഞ്ഞാലോ? കൊടുങ്ങല്ലൂർ രാജാവും കല്ലേറവുമാവുമൊക്കെ വെറും മണ്ടന്മാരാണോ?

മൂന്നാ:- ചങ്ങലംപള്ളിക്കും തുടങ്ങി കിറുക്ക്. തന്നെ ഇനി നെല്ലിത്തടി തുളച്ചിടണമെന്നാണു തോന്നുന്നതു്.

(തോമ്മാശ്ലീഹായും ശിഷ്യനും പ്രവേശിക്കുന്നു. രണ്ടാമൻ എഴുന്നേററു മാറുന്നു. മൂന്നാമൻ ഗൗരവഭാവത്തിൽ ഇരിക്കുന്നു)

തോ. ശ്ലീ:- (അണിയറയിലേക്കുനോക്കി സൂര്യനമസ്കാരം ചെയ്യുന്ന ഒന്നാമനോട്) സഹോദരാ, നിങ്ങൾ ആരെയാണ് വന്ദിക്കുന്നതു്? ജീവനുള്ള ദൈവത്തേയോ, വെറും വിഗ്രഹത്തേയോ?

ഒന്നാ:- (അണിയറയിൽ) ഭഗവാനെ; സൂര്യഭഗവാനെ.

തോ. ശ്ലീ:- നിങ്ങൾ ആരാധിക്കുന്നതു് ജീവനുള്ള ദൈവത്തെയാണെങ്കിൽ ജലനിരപ്പിൽ, കോരിയെടുക്കുന്ന വെള്ളത്തിന്റെ കുഴികൾ കാണണം. ആകാശത്തിലേക്കെറിയുന്ന ജലകണങ്ങൾ അവിടെത്തന്നെ തിളങ്ങി നില്ക്കുകയും വേണം.

മൂന്നാ:- (പെട്ടന്നെഴുന്നേററു ശ്ലീഹായെ സമീപിച്ചു്) ആകട്ടെ, തനിക്കങ്ങനെയൊന്നു കാണിക്കാമോ?

തോ. ശ്ലീ:- തീർച്ചയായും. ഞാൻ ആരാധിക്കുന്നതു സാക്ഷാൽ ജീവനുള്ള ദൈവത്തെയാണു്.

രണ്ടാ:- അങ്ങനെ ജലത്തുള്ളികൾ ആകാശത്തിൽ നിറുത്താമെങ്കിൽ ഞങ്ങളും തൻെറ വേദത്തിൽ വിശ്വസിക്കാം.

തോ. ശ്ലീ:- ആകട്ടെ. നോക്കിക്കൊൾവിൻ! (ശ്ലീഹാ ഒരു വശത്തേക്കിറങ്ങി മറയുന്നു. ഒന്നാമൻ കുളികഴിഞ്ഞു് ഈറൻ മുണ്ടുമായി പ്രവേശിക്കുന്നു)

മൂന്നാ:- കിറുക്കനാണെന്നു്. മുഴക്കിറുക്കു്! അതുണ്ടോ നടക്കാൻ പോകുന്നു?

ശിഷ്യൻ:- തോക്കിൽക്കയറി വെടിവയ്ക്കാതെ. നിങ്ങൾ അദ്ദേഹം എന്തുചെയ്യുന്നുവെന്നു സൂക്ഷിച്ചു നോക്കിക്കൊൾവിൻ. (എല്ലാവരും ശ്ലീഹാ പോയ വശത്തേയ്ക്കു് നിന്നിമേഷരായി നോക്കി നില്ക്കുന്നു)

ശിഷ്യൻ:- (പെട്ടെന്നു് ആനന്ദതുന്ദിലനായി ശ്ലീഹാ ഇറങ്ങിയ ഭാഗത്തു് അന്തരീക്ഷത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു്) അതാ! അവിശ്വാസികളേ, നിങ്ങൾ കണ്ണുതുറന്നു നോക്കുവിൻ. അദ്ദേഹം കോരിയെറിഞ്ഞ ജലത്തുള്ളികളല്ലേ "വെള്ളിപ്പൂക്കളാ"യി അംബരപ്പരപ്പിൽ നിലകൊള്ളുന്നതു്? ആരാണു് അവയെ വായുമണ്ഡലത്തിൽ താങ്ങിനിറുത്തിയിരിക്കുന്നതു്? ഒഴുകുന്ന ജലപ്പരപ്പിൽ കോരിയ വെള്ളത്തിൻെറ കുഴി എങ്ങനെ ദൃശ്യമായി? പ്രകൃത്യതീതമായ ഈ കാഴ്ചകളെങ്കിലും നിങ്ങളുടെ അന്ധനേത്രങ്ങളെ തുറപ്പിക്കയില്ലെന്നോ? സത്യദൈവത്തിൻെറ അമോഘശക്തി! ഹാ! നിങ്ങൾക്കെന്തുതോന്നുന്നു?

(തോമ്മാശ്ലീഹാ വീണ്ടും പ്രവേശിക്കുന്നു. ഒന്നാമനും രണ്ടാമനും, പൂണൂൽ പൊട്ടിച്ചു് ദൂരെയെറിഞ്ഞിട്ടു് അദ്ദേഹത്തിൻെറ മുമ്പിൽ പ്രണമിക്കുന്നു. ശ്ലീഹാ അവരെ അനുഗ്രഹിക്കുന്നു)

ഒന്നാമനും രണ്ടാമനും: ഗുരോ ഞങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നു.

മൂന്നാ:- കിറുക്ക്!......കിറുക്ക്! ഇവന്മാർക്കു കിറുക്കു പിടിച്ചുപോയി. ഞാൻ ഇനി ഒരു നിമിഷം ഇവിടെ നില്ക്കില്ല, ഈ ശാപത്തിൻെറ ദേശത്തു്. അതുകൊണ്ടു് ഇനിയത്തെക്കളി വേമ്പനാട്ടു്.

(കോപാകുലനായി തുള്ളിച്ചാടിപ്പോകുന്നു)

(യവനിക)

## രംഗം 13.

(ചോളപ്പെരുമാളിൻെറ രാജധാനി. പെരുമാളും ഹാവാനും സംസാരിച്ചുകൊണ്ടിരിക്കുന്നു)

പെരു:- മന്ത്രീ! ഇനി നാം ക്ഷമിക്കാൻ തയ്യാറില്ല. വർഷം എട്ടു കഴിഞ്ഞിരിക്കുന്നു. കോടിക്കണക്കിനു രൂപാ അയാൾ നമ്മോടു വാങ്ങി. ഇനിയും കൊട്ടാരം പണിയാരംഭിക്കാത്തതു് എന്തൊരു വഞ്ചനയാണു്! നിങ്ങൾ എന്തുകൊണ്ടു് ഇതു സംബന്ധിച്ചു് അന്വേഷണം നടത്തിയില്ല?

ഹാവാ:- തിരുമേനീ! അടിയൻ കൂടെക്കൂടെ അന്വേഷിക്കാറുണ്ടു്. അപ്പോഴൊക്കെ അരമനപണി മുറയ്ക്കുനടക്കുന്നുണ്ടെന്നു് മറുപടി പറയും.

പെരു:- ഛേ! പെരുംകള്ളം. ഇവിടെയെങ്ങും ഒരൊററ കല്ലു പൊട്ടിച്ചിട്ടില്ല. ഒരു കുഴഞ്ചു തിട്ട പണിതിട്ടുമില്ല. കൈയിൽ കിട്ടിയ പണമെല്ലാം അയാൾ കണ്ട തെണ്ടികൾക്കു വാരിക്കൊടുക്കുകയാണു്......

---

(*) ശാപക്കാട്ടു്-ചാവക്കാട്ടു്, വേമ്പനാട്ടു്-വെണ്മനാട്ടു്. പാലയൂർ ഗ്രാമത്തിൽ ഈ രണ്ടു സ്ഥലങ്ങളും ഇപ്പോഴുമുണ്ടു്.

ഹാവാ:- അങ്ങനെയാണ് പണി നടത്തുന്നതെന്നാണ പറയുന്നതു്.

പെരു:-- ഫ! മന്ത്രീ! തൻെറ തലച്ചോറിനു് എന്തോ തകരാറു പററീട്ടുണ്ടു്. കുറെ മൂടന്തനും തളന്തനും, പൊട്ടക്കണ്ണനുമൊക്ക പണം വാരി കൊടുത്താൽ പണി മുറയ്ക്കു നടക്കും! എന്നിട്ടവിടെ? ഇന്ദ്രലോകത്തിലാണോ കൊട്ടാരം?

ഹാവാ:- അതെ! തിരുമനസ്സിലേക്ക സ്വൎഗ്ഗത്തിലാണ് കൊട്ടാരം തീൎക്കുന്നതെന്നാണ് ശില്പി പറയുന്നതു്.

പെരു:- (കോപാകുലനായി) ആ വിഡ്ഢിത്തം കേട്ട താൻ അടങ്ങിയിരിക്കുകയും ചെയ്തു! എടോ! വിശ്വാസഘാതനായ മന്ത്രീ! തനിക്ക രക്ഷവേണമെങ്കിൽ അയാളെ നമ്മുടെ മുമ്പിൽ വരുത്തി ന്യായമായ സമാധാനം തരുവിച്ചുകൊള്ളണം! മനസ്സിലായോ?

ഹാവാ:- ഉവ്വ് തിരുമേനി! അദ്ദേഹം ഇന്നുതന്നേ വന്നേക്കും. അടിയൻ വാചാലനെ കേരളക്കരയിലേക്കു് അയച്ചിട്ടുണ്ടു്.

പെരു:- (സിംഹാസനത്തിൽനിന്നും ചാടിയെഴുന്നേററു്) മൂഢാ! നമ്മുടെ ക്ഷമ അസ്തമിച്ചു. ഇന്നു സൂൎയ്യാസ്തമയത്തിനകം ആ കള്ളശില്പിയെ നമ്മുടെ മുമ്പിൽ ഹാജരാക്കാത്തപക്ഷം തൻെറ ശിരസ്സു് കഴുത്തിൽനിന്നും താഴെയിറങ്ങേണ്ടതായിവരും. (തുള്ളി വിറച്ചുകൊണ്ടു പോകുന്നു)

ഹാവാ:- (ചിന്താമൂകനായി ശിരസ്സു താങ്ങിയിരുന്നിട്ടു്) ദുരിതമെ! ദുരിതം. ദുരന്തദുരിതം!! എന്തുകഷ്ടപ്പെട്ടാണ് ഒരു ശില്പിയെ തേടിപ്പിടിച്ചു കൊണ്ടുവന്നതു്. ഇപ്പോൾ അയാൾതന്നെ നമുക്ക പാരയായി. ഈശ്വരാ! ഈ മന്ത്രിപദമൊന്നവസാനിച്ചിരുന്നെങ്കിൽ സുഖമായി കിടന്നുറങ്ങാമായിരുന്നു. (കുറേനേരം കഴിഞ്ഞു്) ആ വിഡ്ഢ്യാൻ വാചാലൻ കേരളക്കരയിലേക്ക

പോയിട്ട് മാസം എത്രയായി. അവനു് ഇനിയും തിരിച്ചെത്താറായില്ലല്ലെ. അല്ല, അവനെന്തൂത്തരവാദിത്വമാണ്. ആരെന്തുപറഞ്ഞാലും നിന്നു പല്ലിളിക്കുക. അതിനിടയിൽ വായിൽ തോന്നിയതൊക്കെ വിളിച്ചു പറയുക. ഏമാളി! ഇത്തവണ ഇന്നു വരട്ടെ. (കുറെനേരം ചിന്താമൂകനായിരിക്കുന്നു. മുഖത്തു് വിവിധവികാരങ്ങൾ പ്രതിഫലിക്കുന്നു. വാചാലൻ ഒരുഭാഗത്തു് സാവധാനം പ്രവേശിക്കുന്നു)

വാചാ:- മന്ത്രീ! തിരുമനസ്സിലേയ്ക്കു നമസ്കാരം!

ഹാവാ:- (ഞെട്ടി തിരിഞ്ഞുനോക്കിയിട്ടു്) ഫാ! പോടാ! വിഡ്ഢി! എന്തിനാണിപ്പോൾ ഇങ്ങോട്ടു് എഴുന്നള്ളിയതു്. എന്റെ ശവസംസ്കാരത്തിൽ പങ്കുകൊള്ളാനോ?

വാചാ:- അല്ല, മന്ത്രി മരിച്ചിരിക്കുന്നോ? കഷ്ടം! എന്നാൽ ഞാനൊന്നു കരയട്ടെ. (കള്ളക്കരച്ചിൽ നടിക്കുന്നു)

ഹാവാ:- അഛനു മരണവേദന! മകൾക്കു വീണവായന!!

വാചാ:- ആങ്ഹാ! അത്രധിക്കാരമോ അതേതു മകളാണെന്നു് ഒന്നു പറഞ്ഞാട്ടെ. വാചാലനിപ്പോൾത്തന്നെ ചെന്നു് അവളുടെ ചെവിക്കുററി തകത്തിട്ടു വരാം.

ഹാവാ:- എടാ! നിനക്കെല്ലാമൊരു തമാശ! എടാ! എന്റെ ജീവൻ ത്രാസിൽ തൂങ്ങുന്നകാര്യം നീയറിയുന്നുണ്ടോ?

വാചാ:- (മൂക്കിൽ വിരൽവച്ചുകൊണ്ടു്) അയ്യോ അങ്ങിനെയാണോ? ഏതായാലും മരിച്ചില്ലല്ലോ? ദൈവാധീനം! എന്നാൽ ഞാൻ ആ ജീവനിരിക്കുന്ന തട്ടിൽ പിടിച്ചുകൊള്ളാം.

ഹാവാ:- നിറുത്തെടാ നിന്റെ വികൃതിയാട്ടങ്ങൾ. ശില്പിയെവിടെ?

വാചാ:- ഇതാ വന്നുകഴിഞ്ഞു. ആ രാജവീഥിയിൽ കണ്ട തെണ്ടികളോടൊക്കെ വത്തമാനം പറയുന്നു. വിവരം ഉണത്തിക്കാനല്ലേ വാചാലൻ നേരത്തെ ഇങ്ങു വന്നതു്.

ഹാവാ:- നീയെന്തുകൊണ്ടാണു് ഇത്രയധികം താമസിച്ചതു്?

വാചാ:- ആ കഥയെന്താപറയാനം അങ്ങുന്നേ! വാചാലനല്ലാതെ ഉലകത്തിലാരായാലും അദ്ദേഹത്തെ കണ്ടുപിടിക്കുകയില്ലായിരുന്നു. ഒരിടത്തുണ്ടെന്നു കേട്ട് അവിടെ ചെല്ലുമ്പോഴേക്കും പൊയ്ക്കളയും. അങ്ങനെ അദ്ദേഹം മലയാളക്കര മുഴുവൻ ചുററിനടക്കുകയാണെന്നേ! അവിടെയെല്ലാം സ്ലീവായും പള്ളിയുമൊക്കെ മുറയ്ക്കു സ്ഥാപിച്ചു കഴിഞ്ഞു. വളരെയധികം ആളുകൾ അദ്ദേഹത്തിന്റെ മതം സ്വീകരിച്ചുകഴിഞ്ഞു.

ഹാവാ:- നീ എവിടെയൊക്കെ സഞ്ചരിച്ചു?

വാചാ:- പാലയൂർ, കൊക്കമംഗലം, കൊടുങ്ങല്ലൂർ (തല ചൊറിഞ്ഞു) പിന്നെ എവിടെയൊക്കെയാണോ എനിക്കറിഞ്ഞുകൂടാ.

ഹാവാ:- ആകട്ടെ, കൊടുങ്ങല്ലൂർ രാജാവു് ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞോ?

വാചാ:- ഹതുകൊള്ളാം! രാമായണമാകെ പറഞ്ഞിട്ടു ചോദിക്കുന്ന ചോദ്യമാണേ! രാജകുടുംബത്തിൽ ഇനിയും ആരും അദ്ദേഹത്തിന്റെ വേദം സ്വീകരിക്കാനില്ല. അദ്ദേഹത്തിന്റെ മരുമകനുണ്ടല്ലോ, കേപ്പാ.......

ഹാവാ:- എന്തു്! ആരു്!

വാചാ:- കേപ്പാ! അതാണു് പുതിയവേദത്തിൽ അദ്ദേഹത്തിന്റെ പേരു്: കേപ്പായെ കേരളക്കരയിൽ അദ്ദേഹത്തിന്റെ പ്രതിനിധിയായിട്ടഭിഷേകം ചെയ്തിരിക്കുന്നു.

ഹാവാ:- (ഒന്നും മനസ്സിലാകാത്ത മട്ടിൽ) അതു വല്ലതുമാകട്ടെ. നമ്മുടെ കൊട്ടാരം പണിക്കാര്യം എന്തു പറഞ്ഞു?

വാചാ:- അതൊക്കെ തീർന്നുകഴിഞ്ഞെന്നാണു് അദ്ദേഹം പറഞ്ഞതു്.

(തോമ്മാശ്ലീഹാ പ്രവേശിക്കുന്നു)

ഹാവാ:- ഹേ! ശില്പേ! അവിടെയിരിക്കണം. നിങ്ങൾ ഇത്രയും നാൾ എവിടെ പോയിരുന്നു?

തോ. ശ്ലീ:- (ഉപവിഷ്ടനായിട്ടു്) ഞാൻ എന്റെ ഗുരുവിന്റെ ശാസനം അനുസരിക്കുകയായിരുന്നു.

ഹാവാ:- കൊട്ടാരം പണിയെല്ലാം കുഴപ്പത്തിലാക്കി, അല്ലേ?

തോ. ശ്ലീ:- ഹേയ്! ഒരിക്കലുമില്ല. അതു് മുറയ്ക്കു പുരോഗമിക്കുന്നു. ഇപ്പോൾ മിക്കവാറും പൂർത്തിയായിരിക്കുന്നു.

ഹാവാ:- നിങ്ങൾക്കെന്നും ഈ പല്ലവിതന്നെ പാടാനുള്ളതു്. ആകട്ടെ. തിരുമുമ്പിൽ നിങ്ങൾതന്നെ സമാധാനം ബോധിപ്പിച്ചുകൊള്ളുക. (വാചാലനോടു്) എടോ, ശില്പി വന്നിരിക്കുന്ന വിവരം തിരുമനസ്സുണർത്തിക്കൂ. (വാചാലൻ പോകുന്നു)

ഹാവാ:- നിങ്ങൾ കൊട്ടാരം പണി തീർക്കാഞ്ഞതിനാൽ തിരുമനസ്സിലേക്കു് എന്റെ പേരിലും തിരുവുള്ളക്കേടായിരിക്കുകയാണു്. (ശ്ലീഹാ എന്തോ ധ്യാനിച്ചുകൊണ്ടിരിക്കുന്നു. പെരുമാൾ ഊരിയ വാളുമായി കോപാക്കലിപൂണ്ടു് പ്രവേശിക്കുന്നു. ഹാവാനും ശ്ലീഹായും എഴുന്നേററു് ആചാരം ചെയ്യുന്നു)

പെരു:- എടാ! വഞ്ചകാ! മൂഢസന്യാസീ! നീ നമ്മുടെ പണമെല്ലാം തട്ടിയെടുത്തു. എവിടെ? നമുക്കെവിടെയാണു് കൊട്ടാരം പണിതിരിക്കുന്നതെന്നു കാണിക്കാത്തപക്ഷം! തന്റെ കഴുത്തു്, ഈ കള്ളമീശകൾ ഓരോന്നായി നാം പിഴുതെടുക്കും. (തോമ്മാശ്ലീഹാ അക്ഷോഭ്യനായി നിലകൊള്ളുന്നു) മായശിരോമണീ! ചോഴമണ്ഡലമഹാസാമ്രാട്ടിനോടാണു നീ കളിക്കുന്നതു്? എടാ! നമ്മുടെ ഈ വാളിനു് നിന്റെ വെള്ളികെട്ടിച്ച മീശകളെ ഭയമില്ല. പറയൂ! എവിടെയാണു് നമുക്കു നീ കൊട്ടാരം പണിതിരിക്കുന്നതു്?

തോ. ശ്ലീ:- (നിശ്ചഞ്ചലനായി) സ്വർഗ്ഗത്തിൽ.

പെരു:- ഛേ! ഈ കള്ളവേദാന്തംകേട്ടു മയങ്ങുന്ന അല്പബുദ്ധിയാണു നാമെന്നാണോ നിൻെറ വിചാരം. മൂഢാ! നിൻെറ ഈ മരത്തല ഇപ്പോൾ നമ്മുടെ മുമ്പിൽ കിടന്നു പിടയ്ക്കുകയില്ലെന്നു നീ കരുതുന്നുണ്ടോ? (വാൾ അല്പം ഉയർത്തി വീണ്ടും താഴ്ത്തിയിട്ടു്) അല്ലെങ്കിൽ വരട്ടെ. നിന്നെ അങ്ങനെ ഒററനിമിഷംകൊണ്ടു് കൊല്ലാൻ പാടില്ല. നിൻെറ രക്തസിരകൾ ചിതറിച്ചിതറി മരിക്കണം!! കുടിലതയുടെ കരാളമായ നിൻെറ ഹൃദയം ചതഞ്ഞു തകന്നു മരിക്കണം! ഘോരകാപട്യങ്ങൾക്കു കളമൊരുക്കുന്ന ഈ തലച്ചോറു പൊട്ടിത്തെറിച്ചു മരിക്കണം! ......(ഉഗ്രസ്വരത്തിൽ) എടോ! ആരവിടെ?

(ഒരു സേവകൻ പ്രവേശിച്ചു്) അടിയൻ.

പെരു:- എടാ! ഈ കള്ളസന്യാസിയെ ഉടനെ ബന്ധിച്ചു് കാരാഗൃഹത്തിലാക്കുക. (സേവകൻ ശ്രീഹായെ ബന്ധിക്കുന്നു)

ഹാവാ:- (വിറച്ചുകൊണ്ടു്) തിരുമേനി! അദ്ദേഹത്തിനു സമാധാനംപോലും പറയുവാൻ സമയം.........

പെരു:- എന്തു പറഞ്ഞെടാ! വിശ്വാസഘാതകാ! നിനക്കും ഈ കള്ളക്കച്ചവടത്തിനു പങ്കുണ്ടു്. ആരവിടെ?

(മറെറാരു ഭടൻ പ്രവേശിക്കുന്നു)

പെരു:- (ഹാവാനെ ചൂണ്ടിക്കാണിച്ചു്) ഇവൻ ഇന്നുമുതൽ നമ്മുടെ മന്ത്രിയല്ല. ബന്ധിച്ചു കാരാഗൃഹത്തിലാക്കൂ.

(സാടോപം പോകുന്നു. ഭടൻ മന്ത്രിയെ ബന്ധിക്കുന്നു)

വാചാ:- (മുമ്പോട്ടു നീങ്ങിനിന്നു്) ഭഗവാനേ! എന്തൊരു കാലവിശേഷം. ഭദ്രകാളിയെ പിശാചു പിടിക്കുന്നു.

ഭടന്മാർ:- (ഹാവാനേയും ശ്രീഹായേയും വാചാലൻെറ പിറകിലേക്കു തള്ളിനീക്കിയിട്ടു്) നടക്കെടാ! കള്ളക്കഴുതേ?

വാചാ:- ഞെട്ടി തിരിഞ്ഞുനോക്കി) പൊന്നച്ഛന്മാരേ!

എന്നെ ബന്ധിക്കരുതേ! തിരുമേനി അങ്ങിനെ പറഞ്ഞിട്ടില്ല. (സസംഭ്രമം ഓടി മറയുന്നു. ഭടന്മാർ മററു രണ്ടുപേരെയും തള്ളിക്കൊണ്ടു പോകുന്നു)

(കർട്ടൻ)

## രംഗം 14.

(ചോഴമണ്ഡല രാജധാനി. പെരുമാളുടെ ഒരു സഹോദരൻ ഒരു മഞ്ചത്തിൽ മരിച്ചുകിടക്കുന്നു, ശരീരത്തിൽ സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്തു് രാജകീയ വസ്ത്രങ്ങൾ ധരിപ്പിച്ചിരിക്കുന്നു. തലയ്ക്കൽ എരിഞ്ഞുകൊണ്ടിരിക്കുന്ന കുറെ സാമ്പ്രാണിത്തിരികൾ, കുന്തിരിക്കം മുതലായ സുഗന്ധദ്രവ്യങ്ങൾ വെള്ളിത്തട്ടത്തിൽ പുകഞ്ഞുകൊണ്ടിരിക്കുന്നു. പെരുമാൾ വെറും സാധാരണ വേഷത്തിൽ നിലത്തു് ചമ്രംപടഞ്ഞിരുന്നു് വിലപിക്കുന്നു. മററു ബന്ധുജനങ്ങൾ ചുററുംനിന്നു് ശബ്ദമുണ്ടാക്കാതെ വിങ്ങിവിങ്ങി കരയുന്നു)

പെരു:- അല്ല! തമ്പി! നീ ഇത്രയുംവേഗം എന്നെ വിട്ടു പിരിഞ്ഞോ. ഹാ! എനിക്കു് താങ്ങും തണലുമായിരിക്കേണ്ട നീയോ ഈ നിശ്ചേഷ്ടനായിക്കിടക്കുന്നതു്. അയ്യോ! ആ ശില്പിയോടുള്ള കോപം സഹിക്കവയ്യാതെ നിന്നോടും എന്തൊക്കയോ ഞാൻ പറഞ്ഞുപോയി. ഉണ്ണീ! നീ ഒന്നെഴുന്നേല്ക്കുമോ? അയ്യോ......... (തലയിലടിച്ചു കരയുന്നു)

(അനന്തരം പെരുമാൾ നിർന്നിമേഷനായി സഹോദരന്റെ മുഖത്തേക്കു നോക്കിക്കൊണ്ടിരിക്കുന്നു. അയാൾ കണ്ണു തുറക്കുന്നു)

പെരു:- (സസന്തോഷം എഴുന്നേററു്) ഉണ്ണീ! ഉണ്ണീ! ഹാ! എന്റെ പ്രിയപ്പെട്ട ഉണ്ണീ! (മരിച്ചയാൾ പൊടുന്നനവെ പിടഞ്ഞെഴുന്നേല്ക്കുന്നു. എല്ലാവരും അത്ഭുതസ്തിതരായി പകച്ചു നോക്കിക്കൊണ്ടു നില്ക്കുന്നു)

പെ. സഹോദരൻ:- അണ്ണാ! നിങ്ങൾ എന്നെ എന്തു ചെയ്യാൻ പോകുകയായിരുന്നു. എനിക്കെന്തു സംഭവിച്ചു?

പെരു:- (സഹോദരനെ ആശ്ലേഷിച്ചുകൊണ്ടു്) ഉണ്ണീ! നീ മരിച്ചുപോയിരുന്നു. എന്നാൽ .....എന്റെ......ഭാഗ്യം ..

സഹോ:- എന്തു്, ഞാൻ മരിച്ചുപോയോ? ഇങ്ങനെയാണു് മരണമെങ്കിൽ എനിക്കിനിയും ഉടനെ മരിക്കണം. ഹാ! എന്തൊരാനന്ദം! .........എന്തൊരു സൗഭാഗ്യം... !!!

പെരു:- അരുതു്! ഭ്രാന്തു പറയാതെ ഉണ്ണീ! ഇനി നീ മരിച്ചാൽ... ... ...

സഹോ:- മരിച്ചാൽ എനിക്കാ മനോഹര മന്ദിരത്തിൽ നിത്യവും ജീവിക്കാം.

പെരു:- (ഉല്ക്കണ്ഠാപൂർവ്വം) ഏതു മന്ദിരത്തിൽ?

സഹോ:- നമ്മുടെ ശില്പിയില്ലേ? അദ്ദേഹം സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പണിതിരിക്കുന്ന അലോകസുന്ദരമായ ആ മണിമേടയിൽ—

പെരു:- എന്തു്? സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി മണിമേട പണിതിട്ടുണ്ടോ?

സഹോ:- ഉണ്ടു്. എന്റെ പ്രിയപ്പെട്ട അണ്ണാ! ഞാനതു കാണുകയായിരുന്നു. ഇതിനു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ആ ശില്പവൈചിത്ര്യങ്ങൾ വാചാമഗോചരമത്രേ. ഹാ! ഇനി ഒരിക്കൽക്കൂടി ആ മഹാസൗധം കാണാൻ കഴിഞ്ഞിരുന്നെങ്കിൽ!

പെരു:- അപ്പോൾ ശില്പി സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി കൊട്ടാരം പണിതിട്ടുണ്ടു്, അല്ലേ? ഉണ്ണി കണ്ടതു് നമ്മുടെ മന്ദിരമാണെന്നെങ്ങനെയറിയാം?

സഹോ:- കൊട്ടാരത്തിലെ പ്രധാന മണ്ഡപത്തിൽ നമ്മുടെ ശില്പി പ്രതാപവാനായിരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ജാജ്വല്യമാനങ്ങളായ നേത്രങ്ങളും, ധവളസുന്ദരമായ താടിമീശയും, മായാത്ത മന്ദസ്മിതവും എല്ലാം ഒരു ദിവ്യശോഭയാൽ ആവൃ

തമായിരുന്നു. എന്നെ അദ്ദേഹം അത്ഭുതമോട്ട ക്ഷണിച്ചു. എന്തൊക്കെയോ സംസാരിച്ചു ശരിക്കു മനസ്സിലായില്ല. ഒന്നു നിശ്ചയം! അദ്ദേഹം ഒരു മനുഷ്യവ്യക്തിയാണു്.

പെരു:- നാം അദ്ദേഹത്തോടു് അധമ്മം പ്രവത്തിച്ചല്ലോ? വരൂ! ഉണ്ണീ! നമുക്കു് ഒരുമിച്ചുപോയി കാരാഗൃഹത്തിൽ ചെന്നു് അദ്ദേഹത്തോടു് മാപ്പപേക്ഷിക്കാം.

സഹോ:- ആകട്ടെ, അണ്ണാ! എനിക്കാകൊട്ടാരത്തേപ്പററി വളരെ കായ്യങ്ങൾ ഇനിയും പറയാനുണ്ടു്. എത്ര പറഞ്ഞാലും തീരുകയില്ല. പക്ഷെ ഇപ്പോൾ ഒന്നും പറയാൻ തോന്നുന്നുമില്ല. (രണ്ടുപേരും കൈകോർത്തു് പിടിച്ചു നടന്നു മറയുന്നു. മററുള്ളവർ ആശ്ചയ്യപൂവ്വം നോക്കി നില്ക്കുന്നു)

വാചാ:- (മുമ്പോട്ടു നീങ്ങിനിന്നു്) എന്തു കെങ്കേമൻ കൊട്ടാരമായിരിക്കുമപ്പാ അതു്. വാചാലനുമങ്ങോട്ടു പോകണം. അവിടെ പള്ളിയിൽശ്ശേവുകപ്പണി കിട്ടിയാലും മതി. (ആനന്ദപൂവ്വം തലയാട്ടിക്കൊണ്ടു പോകുന്നു)

(കർട്ടൻ)

## രംഗം. 15.

സ്ഥാനം:- കാരാഗൃഹം.

സമയം:- രാത്രി.

(ഹാവാൻ ഒരുഭാഗത്തുറങ്ങി കിടക്കുന്നു. തോമ്മാശ്ലീഹാ പ്രാർത്ഥനാനിരതനായിട്ടു് മുട്ടുകുത്തി നില്ക്കുന്നു. പെരുമാളും സഹോദരനും സാധാരണവേഷത്തിൽ പ്രവേശിച്ചു് ശ്ലീഹായുടെ മുമ്പിൽ നമസ്കരിക്കുന്നു)

പെരു:- മഹാഗുരോ! ക്ഷമിച്ചാലും!! അല്പനായ എന്റെ അപരാധങ്ങൾക്കു് മാപ്പു തരേണമേ!

സഹോ:- ഗുരോ! അങ്ങു് സ്വർഗ്ഗത്തിൽ പണിതുയർത്തിയ മണിമേട കാണുവാൻ ഈയുള്ളവനു ഭാഗ്യം സിദ്ധിച്ചു. ഇനി എന്നായിരിക്കുമോ അതിനെ അധിവസിക്കുവാൻ ഞങ്ങൾ യോഗ്യരാകുന്നതു്?

തോ. ശ്ലീ:- സത്യദൈവത്തിന്റെ കാരുണ്യം നിങ്ങളുടെ മേൽ നിർല്ലോപം വർഷിക്കപ്പെടട്ടെ. നിങ്ങൾ അവിടുത്തെ ദിവ്യമാർഗ്ഗങ്ങൾ സ്വീകരിച്ചാൽ എല്ലാ ഭാഗ്യവും അചിരേണ കൈവരും.

പെരുമാളും സഹോദരനും:- (മുട്ടുകുത്തി ശിരസ്സു നമിച്ചുകൊണ്ടു്) ഗുരോ! ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നാജ്ഞാപിച്ചാലും!! (ശ്ലീഹാ ബന്ധിതഹസ്തങ്ങളുയർത്തി അവരെ അനുഗ്രഹിക്കുന്നു)

പെരു:- അങ്ങയെ ബന്ധനസ്ഥനാക്കിയ ആ മഹാപാപിയുടെ കൈകൾതന്നെ അവിടുത്തെ സ്വതന്ത്രനാക്കിക്കൊള്ളട്ടെ. (വിനയപൂർവ്വം വിലങ്ങു പൊട്ടിക്കുന്നു)

തോ. ശ്ലീ:- ഇതോടൊന്നിച്ചു് നിങ്ങളുടെ ആദ്ധ്യാത്മിക ബന്ധനത്തിന്റെ ഭാരിച്ച ശൃംഖലകൂടെ തകർന്നുകഴിഞ്ഞിരിക്കുന്നു. ഇന്നുതന്നെ നിങ്ങൾക്കു് ജ്ഞാനസ്നാനം നല്കാം.

പെരു:- ഗുരോ! ആയിരം മഹാതീർത്ഥങ്ങളിൽ കുളിച്ചാലും തീരാത്ത മാലിന്യമാണു് അങ്ങയോടുള്ള അധർമ്മ പ്രവർത്തനത്താൽ എന്റെ അന്തരാത്മാവിനെ ബാധിച്ചിരിക്കുന്നതു്. അവിടുന്നു നൽകുന്ന ദിവ്യജലസ്നാനത്താൽ മാത്രമേ അതു കഴുകപ്പെടുകയുള്ളു. വന്നാലും നമുക്കു് കൊട്ടാരത്തിലേക്കു പോകാം.

(ശ്ലീഹാ മുമ്പിലും രാജസഹോദരൻ പിറകെയുമായി നടന്നു മറയുന്നു. ഈയവസരത്തിൽ ഞെട്ടിയുണരുന്ന ഹാവാൻ അവരുടെ പിമ്പെ നടക്കുന്ന പെരുമാളിന്റെ പാദങ്ങളിൽ കെട്ടിപ്പിടിക്കുന്നു)

ഹാവാ:- തിരുമേനീ! അടിയനെ രക്ഷിക്കണേ! അടിയൻ നിരപരാധിയാണേ!!!

പെരു:- (പ്രശാന്തനായി) മന്ത്രീ! നാം ചെയ്തുപോയിട്ടുള്ള തെററുകൾക്കു് ഗുരുനാഥൻെറ മുമ്പിൽ മാപ്പപേക്ഷിക്കുക. അദ്ദേഹം അനുഗ്രഹദാതാവാണു്. ഇതാ നിങ്ങളും ഇന്നുമുതൽ സ്വതന്ത്രനായിരിക്കുന്നു. (ബന്ധനം വിമോചിക്കുന്നു. പെരുമാളും പിന്നാലെ ഹാവാനും പോകുന്നു)

(കർട്ടൻ)

## രംഗം 16.

സ്ഥാനം:- തെരുവീഥി.

സമയം:- സായാഹ്നം.

(ചോളപ്പെരുമാളും കുടുംബവും ക്രിസ്തുമതം സ്വീകരിച്ചതു സംബന്ധിച്ചു് കൊട്ടാരത്തിൽ നടത്തപ്പെട്ട വിഭവസമൃദ്ധമായ സദ്യകഴിഞ്ഞു സന്തുഷ്ടരായ രണ്ടു യാചകർ പ്രവേശിക്കുന്നു)

ഒന്നാ:- ഹ ഹാ. (ഏമ്പൂ....) എത്ര കേമമായ ഊണു്.

രണ്ടാ:- എൻെറ കുട്ടാ! ഒന്നൂടെപ്പറ! ഞാനുണ്ടായതിൽ പിന്നെ ഇന്നാ ഇതുപോലൊരുണുണ്ടതു്.

ഒന്നാ:- അമ്പമ്പാ! തൻെറ വയറിപ്പം പൊട്ടുമെന്നു തോന്നുന്നല്ലോടാ! എടാ! മൂദേവിപിടിച്ചോനേ! ചോറുചുമ്മാ കിട്ടിയെങ്കിലും വയറു നിൻെറയാണോന്നോക്കണ്ടായോ?

രണ്ടാ:- അമ്പമ്പാ! ഒരു പച്ചപ്പരമാത്ഥി! എടാ! നീ എത്ര തവണ ഉണ്ടെടാ!

ഒന്നാ:- നീ ഉണ്ടതിൽ ഒന്നു കുറച്ചു്.

രണ്ടാ:- ഞാൻ ഒററപ്രാവശ്യമേ ഉണ്ടുള്ളു.

ഒന്നാ:- എന്നാൽ ഞാൻ ഉണ്ടേയില്ല.

രണ്ടാ:- (ഹാസ്യമായി) അവിടം വരട്ടെ. എന്നാൽ പോയീ

ഒന്നുണ്ടേച്ച വന്നാട്ടെ. പിന്നെ ഒരു കാര്യം, വഴീക്കിടന്നാൽ കെട്ടിയെടുത്തോണ്ടു പോകാനെന്നെക്കൊണ്ടാകുല്ല.

ഒന്നാ:- (അടുത്തുചെന്നു് കൂട്ടുകാരന്റെ തോളിൽ തടവിയിട്ടു്) അതൊക്കെ കളകുട്ടാ! തന്റെ ഓമ്മയിലെങ്ങാനും കൊട്ടാരത്തിൽ ഇതുപോലെയൊരു കെങ്കേമൻ സദ്യ നടന്നിട്ടുണ്ടോ?

രണ്ടാ:- കൊട്ടാരത്തിൽ എത്രയെത്ര കേമൻ നടത്തിയിരിക്കുന്നു. പക്ഷെ നമ്മെപ്പോലുള്ള പാവങ്ങളെ മതിലിനകത്തെങ്ങാനും കേറവുമോ?

ഒന്നാ:- എടോ! അതല്ലേ ഞാൻ ചോദിച്ചതു്? വല്യവർക്കൊക്കെ എന്നും സദ്യയല്ലേ? നമുക്കിതുപോലൊരു വെട്ടു കിട്ടിയതായിട്ടു ഞാനോക്കുന്നില്ല.

രണ്ടാ:- ആരു പറഞ്ഞു. കൊച്ചു തമ്പുരാന്റെ പള്ളികെട്ടിനും വല്യതമ്പുരാട്ടി തിരുവയറൊഴിഞ്ഞപ്പഴും പാവങ്ങൾക്കു് ചോറുണ്ടായിരുന്നതു് താനങ്ങു മറന്നോ? തിന്നവാക്കു നന്ദിയില്ലാത്തവൻ.

ഒന്നാ:- എന്നാലും എനിക്കതൊന്നും ഇത്രയും സുഖമായിട്ടു തോന്നുന്നില്ല. ആ പരദേശസന്യാസിക്കു പാവങ്ങളോടു് വല്യക്കൂറായതുകൊണ്ടു് അദ്ദേഹത്തിന്റെ ഇഷ്ടമനുസരിച്ചാണു് പൊന്നുതമ്പുരാൻ ഇങ്ങനെ ചെയ്തതു്. അല്ല്യോ?

രണ്ടാ:- അതെ! തമ്പുരാനും, രാജകുടുംബം മുഴുവനും അദ്ദേഹത്തിന്റെ വേദത്തിൽ വിശ്വസിച്ചു കഴിഞ്ഞല്ലോ? ഇനി മിക്കവാറും കൊട്ടാരത്തിൽ വച്ചൂട്ടു കാണും. ഏതായാലും നമ്മുടെ പാക്യമാ കുട്ടാ!

ഒന്നാ:- അതുവ്വോ, കൊച്ചു തമ്പുരാട്ടിമാരും?

രണ്ടാ:- ഉവ്വെന്നേ! രാജകുടുംബം മുഴുവനുമെന്നു പറഞ്ഞില്ലേ. പിന്നെന്നാ വേരുമെലോക്കുടെപ്പറിച്ചു കാണിക്കണോ? ഇന്നു രാവിലെയാ കൊച്ചുതമ്പുരാട്ടിമാരെ അദ്ദേഹം മാമ്മാമുക്കിയതു്.

ഒന്നാ:- എന്തു് മാമ്മാദയോ? അതോ മാമ്മാസാദയോ?

രണ്ടാ:- ഓ! അതുതന്നെ. എന്റെ പൊന്നേ, ആ പേരോത്തിരിക്കാൻ കുറച്ചു പ്രയാസമാ.

ഒന്നാ:- ആകട്ടെ കൂട്ടാ! താൻ ക്രിസ്ത്യാനിവേദത്തിൽ ചേരുന്നോ? ധാരാളംപേരെ അദ്ദേഹം ചേർക്കുന്നുണ്ടല്ലോ.

രണ്ടാ:- നൂക്കു് വേദമേതായാലും വയറു നിറയെ ചോറുകിട്ടണം. അതുതാൻ നമ്മുടെ വേദം.

ഒന്നാ:- പോടാ ശാപ്പാട്ടുരാമാ! നിനക്കെന്തറിയാം.

രണ്ടാ:- നിനക്കു പിന്നെ കുറെ അറിയാം. അമ്പ ഒരുത്തൻ വന്നിരിക്കുന്നു എന്നെ വേദം മാററാൻ.

(മറെറാരു യാചകൻ പാടിക്കൊണ്ടു പ്രവേശിക്കുന്നു)

ഒന്നാ:- (രണ്ടാംമുണ്ടും ഷർട്ടുമൊക്കെ നേരെവലിച്ചിട്ടു ഘനഭാവത്തിൽ) എടാ! തെണ്ടി! ഇവിടെക്കിടന്നലയ്ക്കാതെ അങ്ങു കൊട്ടാരത്തിലോട്ടു ചെല്ലു്. ചോറു കിട്ടും.

രണ്ടാ:- (ഒന്നാമനോടു്) അമ്പടാ! തെണ്ടാത്ത ഒരു കേമൻ! (ഹാസ്യമായി പൊട്ടിച്ചിരിക്കുന്നു. യാചകൻ പാട്ടു തുടരുന്നു)

ഒന്നാ:- (രണ്ടാമനോടു ശാന്തമായി) കൂട്ടാ! നമ്മളിപ്പോ അത്ര ഉപായത്തെണ്ടികളൊന്നുമല്ല. നിറയെ ചോറുമുണ്ടു; കീശയിൽ കാശും നിറഞ്ഞു വരുന്നു. നമുക്കിപ്പോളൊന്നു മുതലാളി ആയിക്കളയാം. ഇവനു വല്ലതും ധർമ്മം കൊടുക്കാം അല്ലേ? (ഗൌരവത്തിൽ യാചകനോടു്) എടാ! തെണ്ടീ! മാറിനില്ക്കിവിടെ! (യാചകൻ മാറി നില്ക്കുന്നു) നിനക്കെന്നാവേണം? കാശോ, നെല്ലോ, അരിയോ?

യാച:- (സവിനയം) എന്തെങ്കിലും കിട്ടിച്ചാ മതിയേ.

ഒന്നാ:- (മുണ്ടു് കുടവയററിൽ കയററിവച്ചുടുത്തു് മുതലാളിത്തം നടിച്ചു്) ഞങ്ങൾ ഇവിടത്തെയാരാണെന്നറിയാമോ?

യാച:- അറിഞ്ഞുകൂടേ!

ഒന്നാ:- എന്നാൽ കേട്ടോ! മൊയലാളിമാരു്! എന്നു വച്ചാൽ ധർമ്മം തെണ്ടാതെ എന്നും വയറുനറച്ചുണ്ടോണ്ടു വഴിയിൽച്ചുമ്മാ നടക്കാനിറങ്ങിയിരിക്കണ മൊയലാളിമാരു്. മനതിലായോ?

യാച:- ഓ. മനതിലായേ!!

ഒന്നാ:- എന്നാൽ നീ ഞങ്ങളോടൊന്നു തെണ്ടിനോക്ക.

യാച:- വല്ലതും തരണേ!

ഒന്നാ:- ഛീ! അങ്ങിനെയല്ലെടാ! (യാചകരുടെ സ്വരവൈചിത്ര്യത്തിൽ) പൊന്നച്ചന്മാരേ! മൊയലാളിമാരേ! കൂടപ്പിറപ്പുകളേ! വല്യങ്ങുന്നന്മാരേ! വല്ലോം തരണേ!...... എന്നു പറ

രണ്ടാ:- (ചിരിച്ചുകൊണ്ടു്) അല്ല ഈ മൊയലാളിയ്ക്കു തെണ്ടാൻ നല്ല വശമാണല്ലോ.

യാച:- അപ്പം മൊയലാളിക്കും എൻെറ പണിയാരുന്നോ?

ഒന്നാ:- ഛേ! തെണ്ടി! നിനക്കു വല്ലതും വേണേങ്കിൽ ചൊവ്വേ തെണ്ടു്!

(വീണ്ടും പറഞ്ഞു കൊടുക്കുന്നു. യാചകൻ ഏററു പറയുന്നു. ഒന്നാമൻ കൈവിറയലോടെ പോക്കററിൽനിന്നും ചില്ലിക്കാശുകൾ വാരിയെടുക്കുന്നു. ഓരോന്നും താല്പര്യപൂർവ്വമെണ്ണുന്നു)

ഒന്നാ:- (എണ്ണുന്നതിനിടയിൽ) ഭഗവാനേ! ഇന്നു കൊട്ടാരത്തീന്നും കിട്ടിയതിത്രയുള്ളോ. കൊച്ചുതമ്പുരാക്കന്മാരെല്ലാം തൂക്കെയയച്ചു ധർമ്മം കൊടുത്തിതന്നല്ലോ.

യാച:- നീ പോടാ ചൂലെ! ഇരക്കുന്നെങ്കിൽ ഇരപ്പാളിയോടു വേണോടാ. മൊയലാളി ചമയുന്നു. ഞാൻ നോക്കട്ടെടാ മററുവല്യ ആണുങ്ങളും കാശുള്ളവരുണ്ടോന്നു് (ദൂരെ മാറി വീണ്ടും പഴയപടി പാട്ടു പാടുന്നു)

(ഒന്നാമൻ ഇളിഭ്യനായി നില്ക്കുന്നു)

രണ്ടാ:- (കൂട്ടുകാരൻെറ തോളിൽ തട്ടിയിട്ട്) എന്താ മുതലാളിത്തം മതിയായോ?

ഒന്നാ:- പോടാ! നീയൊരു കേമൻ?

രണ്ടാ:- ഞാൻ കേമനൊന്നുമല്ലെങ്കിലും ഇങ്ങനെ വല്ലവൻെറയുംമുമ്പിൽ പൊണ്ണത്തം കാണിക്കുകേല.

ഒന്നാ:- (യാചകനെ വിളിച്ച്) എടോ, കുട്ടാ! താനേതായാലും കൊട്ടാരത്തിൽ ചെല്ലണം ചോറു കിട്ടും. (ഒന്നാമനും രണ്ടാമനും പോകുന്നു)

(കർട്ടൻ)

## രംഗം 17.

സ്ഥാനം:- മലയാററൂർ ഗിരിശൃംഗം,

സമയം:- സായാഹ്നം.

(തോമ്മാശ്ലീഹാ പ്രാർത്ഥനാനിരതനായി മുട്ടുകുത്തി നില്ക്കുന്നു)

തോ. ശ്ലീ: ഹാ! നാഥാ! ഇതെന്തൊരനുഗ്രഹമാണ്. അവിടുത്തെ വാനദൂതന്മാർ എന്നെ ഈ ഗിരിശൃംഗത്തിലേയ്ക്കാനയിച്ചുവല്ലോ. (ആകാശത്തിൽ ഉററുനോക്കിക്കൊണ്ട്) നാഥാ! ഞാൻ കാണുന്നു, വെള്ളിമേഘങ്ങൾ വിൺമന്ദിരത്തിൽ കനകകവാനങ്ങൾ ചാത്തുന്നതു്; ലോകത്തിനു വെളിച്ചം തൂകുന്ന അവിടുത്തെ കൈവിളക്കു് അങ്ങു പടിഞ്ഞാറേക്കു അണഞ്ഞു വിശ്രമിക്കുന്നതു്; മേക്കേറുവാൻ ഉയൎന്നു പറക്കുന്ന പറവകൾ അവിടുത്തെ മധുരനാമം പ്രകീൎത്തിക്കുന്നതു്.........

അംബരപ്പരപ്പിൻെറ നീലിമയെ ചുംബിക്കുവാനുയൎന്നുപോകുന്ന ഈ തരുനികരങ്ങൾ അവിടുത്തെ മഹാസൗധത്തിൻെറ മണിസ്തംഭങ്ങളാണു്. ശരത്കാലമണൽത്തിട്ടയിൽ കി

കിളിയിളക്കിക്കൊണ്ടു് വളഞ്ഞു പുളഞ്ഞൊഴുകുന്ന കാട്ടുചോലകളിലേക്കു് ഇവിടെനിന്നു കൊതിയും മതിയുംതീരെ ഒന്നു നോക്കിക്കൊള്ളട്ടെ. മലയാളക്കരയുടെ ഈ മൗലികതലത്തിൽനിന്നു് വിനീത ദാസൻ നടന്നുതീർത്ത വഴിത്താരകൾ ഒന്നു പരിശോധിച്ചുകൊള്ളട്ടെ; രക്ഷാകരമായ തിരുസ്ലീവാ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളെ ആകമാനം ഒന്നു വീക്ഷിച്ചുകൊള്ളട്ടെ. —അതാ! കാണുന്നു വിദൂരതയിൽ, അങ്ങാ ചക്രവാളത്തിൽ —കൊടുങ്ങല്ലൂർ, —കൊല്ലം— നിരണം —ചായൽ - കോട്ടക്കാവു്! —കോക്കമംഗലം —പാലയൂർ..... ... അങ്ങനെ അണിയണിയായി! ദിവ്യനാഥാ! അവിടുത്തെ ദാസന്റെ പ്രയാണരംഗത്തിലെ നാഴികക്കല്ലുകളാണവ. മലയാളക്കരയിൽ സുവിശേഷത്തിന്റെ പൊൻവിളക്കായി അവയോരോന്നും എന്നെന്നും വിരാജിക്കുവാൻ അനുഗ്രഹിക്കണമേ. (കുറേ സമയത്തേക്കു ധ്യാനനിർല്ലീനനായി നില്ക്കുന്നു. വീണ്ടും) വിനാഴിക! – നാഴിക!! —നാഥാ! ഞാൻ കാണുന്നു, ഇരുളിൽക്കൂടെ ഹിംസ്രജന്തുക്കൾ എന്റെ നേരേ പാഞ്ഞടുക്കുന്നതു് —ഈ നിസ്സാരജീവിതത്തിന്റെ നിമിഷങ്ങളെ അവിടുന്നു കണ്ണീഴയ്ക്കാതെ നോക്കിക്കൊണ്ടിരിക്കുന്നതു്.— ഈ ബലഹീനപാദങ്ങൾ സ്മശാനത്തിലേക്കു വളരെ സമീപിച്ചിരിക്കുന്നു. നാഥാ! ഏതൊരു ഭയങ്കരതയാണാവോ ദാസനെ ഗ്രസിക്കുവാൻ വെമ്പൽ കൊള്ളുന്നതു്. (കൈവിരിച്ചു പ്രാർത്ഥിച്ചുകൊണ്ടു് പെട്ടന്നു് നവോദേഗംപൂണ്ടു്) ഹാ! ഭീരുത്വം!... ഭീരുത്വം! ..... നസറേയന്റെ അനുയായിക്കു ഭയമോ?— പീഡകളേയും രക്തച്ചൊരിച്ചിലിനേയും പേടിക്കുകയോ?— ഇല്ല— ഇല്ല!— രക്തകണങ്ങളാൽ അലംകൃതമായ ആ മധുരകിരീടം ഞാൻ കാണുന്നു. അതൊന്നണിയുവാൻ എന്റെ ഹൃദയം കൊതിക്കൊള്ളുന്നു.— നാഴിക— വിനാഴിക— അതതിവിദൂരതയിൽ നിശിതായുധങ്ങളുടെ രജതപ്രഭയിൽ എന്റെ കിരീടം വെട്ടിത്തിളങ്ങുന്നു.— ആയിരമായിരം നിണകണികകൾ അതിൽ മിന്നിത്തിളങ്ങുന്നു. നാഥാ!

എൻെറ ശ്വാസധാരയിൽ ആ രക്തരേഖകൾ അലിഞ്ഞുചേരു ന്നു. ഈ ഹൃദയസ്പന്ദനമാത്രാനും ആ മണിമകുടമണിയുന്ന ഈ ദാസൻെറ ജയഭേരികളാണ്. (വിരിഞ്ഞ കൈകൾ മുകളി ലുയർത്തുന്നു)

ഗുരുനാഥാ! സമയം സമീപിക്കുന്നു. മലയാളക്കരയിൽ ഇനിയും എന്തൊക്കെയോ ഞാൻ ചെയ്തു തീർക്കാനുണ്ട്. ആക യാൽ ഈ ബലഹീനപാദങ്ങൾ ഒരിക്കൽക്കൂടെ ഇവിടെ ചു റ്റി സഞ്ചരിച്ചുകൊള്ളട്ടെ.

(സാവധാനം നടന്നു പോകുന്നു)

(കർട്ടൻ)

## രംഗം 18.

സ്ഥാനം:- കൊടുങ്ങല്ലൂർ രാജധാനി.

സമയം:- പ്രഭാതം.

(സുരഭികുമാരിയും ഭൃത്യനും പ്രത്യക്ഷപ്പെടുന്നു)

ഭൃത്യൻ:- എൻെറ കൊച്ചമ്മേ! ഗുരുനാഥൻ എത്ര നല്ല യാളാ. നമ്മുടെ കൊച്ചുതമ്പുരാനെയല്ലേ. മലയാളത്തിലേ മെ ത്രാനായി വാഴിക്കാൻ നിശ്ചയിച്ചിരിക്കുന്നതു്.

സുരഭി:- പക്ഷെ, എനിക്കിതിൽ അശേഷം ആനന്ദമി ല്ല. ഗുരുനാഥൻ ഉടൻതന്നെ കേരളത്തോടു യാത്ര പറയുക യല്ലേ?

ഭൃത്യൻ:- അതു നമുക്കൊരു തീരാനഷ്ടമാണ്. എന്നാലും എൻെറ കൊച്ചമ്മേ ഇങ്ങനെയൊക്കെ സംഭവിക്കുമെന്നും ആ രുവിചാരിച്ചു.

സുരഭി:- എല്ലാം ജഗദീശ്വരന്റെ അനന്തകാരുണ്യമല്ലാതെ മററെന്താണ്?

ഭൃത്യൻ:- ഗുരുനാഥൻകൂടെ നമ്മെ വേർപിരിയാതിരുന്നെങ്കിൽ!

സുരഭി:- അതു സാദ്ധ്യമല്ല. ദൈവേഷ്ടം എല്ലാത്തിനും ഉപരിയാണല്ലോ. ചോളപാണ്ഡ്യരാജ്യങ്ങളിൽ സത്യത്തിന്റെ വെളിച്ചം കാണാതെ ഇനിയും അനേകർ ഉഴലുന്നുണ്ട്.

ഭൃത്യൻ:- അപ്പോൾ ഗുരുനാഥൻ മലയാളത്തിൽ അദ്ദേഹം സ്ഥാപിച്ചിട്ടുള്ള സ്ലീവാകൾ എല്ലാം സന്ദർശിച്ചു മടങ്ങിയെത്തിയിരിക്കുന്നത് ഈ നാടിനോടു പരിച്ഛേദം യാത്ര പറയുവാനാണ് അല്ലേ?

സുരഭി:- തീർച്ചയായും അതിനു ഗുരുനാഥൻ ഒരുങ്ങിക്കഴിഞ്ഞല്ലോ. തന്റെ സ്ഥാനത്ത് ഇവിടെ ഒരു പ്രതിനിധിയെ അഭിഷേകം ചെയ്തതുതന്നെ അതിനു വേണ്ടിയല്ലേ?

ഭൃത്യൻ:- ഏതായാലും അദ്ദേഹം പോകാതിരിക്കണേ! എന്നുമാത്രമാണ് ഈയുള്ളവന്റെ പ്രാർത്ഥന. എന്റെ കൊച്ചമ്മേ, അന്ന് അദ്ദേഹത്തിന്റെ ദർശനമാത്രയിൽ എന്റെ ബുദ്ധിഭ്രമമെല്ലാം തീർന്നല്ലോ. അതിൽപിന്നെ എന്തൊരു മനസ്സമാധാനം!

(തോമ്മാശ്ലീഹാ പ്രവേശിക്കുന്നു. ഭൃത്യൻ വിനയപൂർവ്വം നമസ്കരിച്ച് ഒരുവശത്തേക്കു മാറി നില്ക്കുന്നു. സുരഭി അദ്ദേഹത്തിന്റെ പാദാന്തികത്തിൽ മുട്ടുകുത്തുന്നു)

സുരഭി:- ഗുരോ! അനുഗ്രഹിച്ചാലും. അവിടത്തെ വിയോഗം എന്നെ ആകുലചിത്തയാക്കുന്നു.

തോ. ശ്ലീ:- (ഇരുകൈകളുമുയർത്തി അനുഗ്രഹിച്ചിട്ട്) സഹോദരീ ക്രിസ്തുവിൽശാന്തി! എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടു കഴിഞ്ഞു. ശ്മശാനത്തിന്റെ വക്കിലേക്ക് ഈ ബലഹീനപാദ

ങ്ങൾ നീങ്ങുകയാണ്. ഞാൻ ചവിട്ടിക്കടന്ന നാഴികക്കല്ലുകൾ അനന്തരഗാമികൾക്കു മാർഗ്ഗദർശനമാകുമെങ്കിൽ എനിക്കു കൃതാർത്ഥതയ്ക്കു വേണ്ടുവോളം വകയുണ്ട്.

സുരഭി:- (എഴുന്നേററ് അല്പംമാറിനിന്നു് വ്യഥാകുലയായി) ഹാ! എന്തു്! നന്മയുടെ നിരന്തരനികേതനമായ അവിടുത്തെ ദിനങ്ങൾ എണ്ണപ്പെട്ടുവെന്നോ? ഇരുളിന്റെ മാറത്തിൽ ഉദിച്ചുയന്നു് ഒളിവീശിയ വെള്ളിനക്ഷത്രം എന്തിനു പൊലിയണം! അജ്ഞതയുടെ ഹൃദയത്തിലേക്കു അതിസ്നിഗ്ദ്ധമായ സ്നേഹാമൃതം പകന്നു കൊടുക്കുന്ന സുവർണ്ണചഷകം എന്തിനു തകരണം?— അലപ്പരപ്പിൽ ആലംബമററുഴലുന്ന അനേകായിരങ്ങളുടെ ആശാകേന്ദ്രമായ ഒരു കൊച്ചോടം എന്തിനു മുങ്ങിപ്പോകണം.

തോ. സ്ത്രീ:- ബലഹീനം, വെറും ബലഹീനം. സഹോദരി, അനവധി ബലഹീനതകളുടെ ഒരു സമാഹാരമാണു് മനുഷ്യജീവിതം. അതു മരണത്തിന്റെ കവാടത്തിൽ തളന്നുവീഴാതെ ഗത്യന്തരമില്ല. അപ്പോൾ അനന്തതയുടെ ഭണ്ഡാഗാരത്തിൽ മുതൽ കൂട്ടിയിട്ടുള്ള ആത്മാവിനുമാത്രം സ്നേഹത്തിന്റെ ചിറകു വിരിച്ചു പറന്നുയരാം.

സുരഭി:- അവിടുത്തെ അതുല്യമായ ചിന്താശക്തിയിൽ വിളയുന്ന തത്വരത്നങ്ങൾ പെറുക്കിയെടുക്കുക മാത്രമാണു് ഈ വിനീതയുടെ ലക്ഷ്യം. എന്നാൽ ഇനിയും ദീർഘകാലത്തേ അങ്ങയുടെ ജീവിതം ലോകത്തിനാവശ്യമുണ്ടു്.

തോ. സ്ത്രീ:- അക്കാര്യം നാം ആരേയുംകാൾ ആദ്യമായി തീരുമാനിക്കേണ്ടതു് നമ്മുടെ ദിവ്യനാഥനാണു്. അവിടുത്തെ നിർദ്ദേശങ്ങൾ അണുവിടതെററാതെ അനുസരിക്കുകയാണു് ഈയുള്ളവന്റെ കത്തവ്യം. അതുകൊണ്ടുതന്നെ ഞാൻ ഏററവും സ്നേഹിക്കുന്ന മലയാളനാടിനോടു് ഇപ്പോൾ യാത്ര പറയുന്നതും.

സുരഭി:- (ക്ഷമാപണസ്വരത്തിൽ) ഗുരോ, മാപ്പരുളിയാലും. അല്പബുദ്ധിയായ ഞാൻ അവിടുത്തെ വിയോഗചിന്തയാൽ വിവശയായി എന്തൊക്കെയോ പറഞ്ഞുപോയി.

തോ. ശ്ലീ:- മനുഷ്യജീവിതത്തിൽ ഇമ്മാതിരി രംഗങ്ങൾ ദുർല്ലഭമല്ല. ഒന്നുമാത്രമേ എനിക്കനുസ്മരിപ്പിക്കുവാനുള്ളു കേരളത്തിലെ ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായാണീ രാജധാനി. ഇവിടെ മുളച്ചു വിത്താണ് ഇനി നാടൊട്ടുക്ക പടന്നു പന്തലിക്കാൻ പോകുന്നതു്. അതിന്റെ പരിപാലകനായി കേപ്പായെ ഞാൻ നിയോഗിച്ചുകഴിഞ്ഞു. അദ്ദേഹത്തിനാവശ്യമായ സഹായങ്ങൾ പ്രാർത്ഥനയും പ്രവൃത്തിയുംവഴി നല്കണമെന്നാണ് എനിക്കൽബോധിപ്പിക്കുവാനുള്ളതു്.

സുരഭി:- ഗുരുനാഥാ, അവിടുത്തെ കല്പന അനുക്ഷണം ഈ വിനീത അനുവത്തിച്ചുകൊള്ളാം.

തോ. ശ്ലീ:- സ്നേഹം, ത്യാഗം, സഹനം, സേവനം- ഇവയാണ് നമ്മുടെ നാഥന്റെ സന്ദേശം. പ്രലോഭനങ്ങളും പീഡനങ്ങളുമനുഭവിക്കുമ്പോഴും ഇതു് ഓമ്മയിലിരിക്കണം.

സുരഭി:- ഗുരോ, അവിടുന്നു് ഒരിക്കൽക്കൂടെ എന്നെ അനുഗ്രഹിച്ചാലും. (മുട്ടുകുത്തുന്നു)

തോ. ശ്ലീ:- (കൈവിരിച്ചനുഗ്രഹിക്കുന്നു) ക്രിസ്തുവിൽ ശാന്തി,

(കർട്ടൻ)

## രംഗം 19.

(മൈലാപ്പൂർ ഗ്രാമവീഥി. മൂന്നു കേരളീയക്രിസ്ത്യാനികൾ സംസാരിച്ചുകൊണ്ടു നില്ക്കുന്നു)

ഒന്നാ:- ഗുരുനാഥൻ ഇവിടെയും വിശ്രമമില്ലാതെ അദ്ധ്വാനിക്കുകയാണ്. നാം എത്രദിവസമായി ഇവിടെ വന്നിട്ട് ഒന്നു കണ്ടുകിട്ടുവാൻ കഴിഞ്ഞില്ലല്ലോ.

രണ്ടാ:- ഗുരുനാഥനെപ്പററിയുള്ള വിവരങ്ങളറിയാൻ അക്ഷമനായിരിക്കയാണ് കേപ്പാ തിരുമേനി.

മൂന്നാ:- എങ്ങനെയെങ്കിലും ഇന്നു നമുക്ക് അദ്ദേഹത്തെ തേടിപ്പിടിക്കണം

ഒന്നാ:- അതെങ്ങനെയാണ്? ഒരു ഗ്രാമത്തിലുണ്ടെന്നു കേട്ട് അവിടെച്ചെല്ലുമ്പോൾ അദ്ദേഹം അവിടെനിന്നു പോയിക്കാണും. എത്രയെത്ര ഗ്രാമങ്ങളിലാണ് ആ ത്യാഗിവര്യൻ ചുററി സഞ്ചരിക്കുന്നത്?

രണ്ടാ:- അദ്ദേഹം വളരെ അദ്ധ്വാനിക്കുന്നുണ്ടെങ്കിലും നമ്മുടെ മലയാളക്കരയിലേതുപോലൊരു ക്രൈസ്തവചൈതന്യം ഇവിടെയെങ്ങും കാണുന്നില്ല.

മൂന്നാ:- എല്ലായിടത്തും ഒരേ വിളവു ലഭിച്ചെന്നു വരുമോ? വഴിവക്കുകളിലും പാറക്കെട്ടുകളിലും മുൾപ്പടർപ്പുകളിലും വീഴാറില്ലേ വിത്തുകൾ? ദൈവം ഇവരെ അനുഗ്രഹിക്കട്ടെ.

ഒന്നാ:- ആകട്ടെ! ആ ബ്രാഹ്മണഗ്രാമത്തിലെ ക്രിസ്ത്യാനികളിലൊരാളെ കൂട്ടി നമുക്കു ചിന്നമലയ്ക്കുതന്നെ പോകാം. അവിടെ ഗുരുനാഥൻ സാധാരണ പ്രാർത്ഥിക്കാറുണ്ടെന്നല്ലേ അവർ പറഞ്ഞതു്?

രണ്ടാ:- അതെ, അതെ.

മൂന്നാ:- (മ്ലാനവദനനായി) സഹോദരന്മാരേ, എന്റെ മനസ്സിനെ ആ വാർത്ത കരണ്ടു തിന്നുകൊണ്ടിരിക്കുന്നു. ഗുരുനാഥൻ ... ...........

രണ്ടാ:- എന്താണു് ചേട്ടൻ പറയുന്നതു്?

ഒന്നാ:- (ഉൽക്കണ്ഠാകുലനായി) എന്തു്?

മൂന്നാ:- ഗുരുനാഥനെപ്പററി കേട്ടതു നിങ്ങൾ മറന്നുപോയോ?

രണ്ടാ:- ഓഹോ മനസ്സിലായി.

ഒന്നാ:- ആ പെണ്ണുങ്ങൾ പറഞ്ഞതോ?

മൂന്നാ:- അതിൽ കുറെ വാസ്തവം കാണണം. ആ ക്രൈസ്തവവനിതകൾ അല്ലെങ്കിൽ എന്തിനു കള്ളം പറയണം?

രണ്ടാ:- വാസ്തവം കാണും. ആ കൃത്യത്തിനുവേണ്ട കടുപ്പമുള്ള കൂട്ടരാണിന്നാട്ടുകാർ.

ഒന്നാ:- കണ്ടില്ലേ ചില കടവയററന്മാർ നമ്മെ കണ്ടപ്പോൾ പുരികംകോട്ടി പല്ലുകടിച്ചുകൊണ്ടു കടന്നുപോയതു്. നമ്മുടെ ഈ കുരിശു കണ്ടപ്പോൾ അവക്കു സഹിക്കാൻ വയ്യ.

മൂന്നാ:- എല്ലാം ദൈവഹിതം. ആ പുണ്യപുരുഷൻ എന്തപരാധം ചെയ്തിട്ടാണു് അദ്ദേഹത്തിനെതിരായി ഈ മനുഷ്യർ ഗൂഢാലോചന നടത്തുന്നതു്?

ഒന്നാ:- സത്യത്തിന്റെ ധമ്മദൂതന്മാക്കു് ഹൃദയമററ ഈ ലോകം നല്കുന്ന സമ്മാനമാണിതു്. ഗുരുനാഥൻതന്നേ പറഞ്ഞില്ലേ എസ്തപ്പാനോസിന്റെ ചരിത്രം?

മൂന്നാ:- ഹാ നാഥാ, ലോകരക്ഷകാ! അവിടുത്തെ ദാസന്മാരെ കാത്തുകൊള്ളണമേ. അവിടുത്തെ നാമം പ്രസംഗിക്കുവാൻ, അവിടുത്തെ രാജ്യം പരത്തുവാൻ, ഞങ്ങളുടെ മാതൃഭൂമിക്കു് സത്യമാർഗ്ഗം കാണിച്ചുകൊടുക്കുവാൻ ആഗതനായിരിക്കുന്ന ഞങ്ങളുടെ അപ്പസ്തോലനെ അനുഗ്രഹിക്കണമേ.

രണ്ടാ:- നമുക്കെന്നാൽ ഉടനെ പുറപ്പെടാം. സന്ധ്യയോടുകൂടെ ചിന്നമലയിലെത്തണം.

ഒന്നാ:- പിന്നെ, ഗുരുനാഥനെ കണ്ടാൽ.........

രണ്ടാ:- കൈമുത്തി ഉടൻ ഓലകൊടുക്കണം. കേപ്പാ തിരുമനസ്സിലെ പ്രത്യേകാഗ്രഹവും അറിയിക്കണം.

മൂന്നാ:- അങ്ങനെതന്നെ.

(കർട്ടൻ)

## രംഗം 20.

സ്ഥാനം:- മൈലാപ്പൂർ മലയിലെ ഒരു ഗുഹാന്തർഭാഗം.

സമയം:- സായാഹ്നം.

(തോമ്മാശ്ലീഹാ ഏകനായി മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്നു)

തോ. ശ്ലീ:- (ഊർദ്ധ്വദൃഷ്ടിയായി വിരിച്ച കൈകളോടെ) ദിവ്യനാഥാ, ഈ ജീവിതത്തിൻെറ നാഴികക്കല്ലുകൾ എണ്ണിയെണ്ണി ഞാൻ വശംകെട്ടു. ഈ തകന്ന വീണക്കമ്പികൾ പിന്നെയും ഞാൻ മുറുക്കി നോക്കി. ഹാ! അതു മധുരമോഹനമായി സഞ്ചരിക്കുകയാണ്. ഇടറാത്ത ഗാനതല്ലജങ്ങൾ, പതറാത്ത പദപരിവാഹം!......... ഹാ! കന്യാത്മജാ! അവിടുത്തെ ദിവ്യാനുഗ്രഹിയുടെ അദൃശ്യഹസ്തങ്ങളിലല്ലായിരുന്നെങ്കിൽ എത്രപണ്ടേ ഈ ഗാനം അസ്തമിച്ചേനെ. അല്ലെങ്കിൽ ശ്മശാനശൂന്യതയുടെ ഹൃദയത്തിലേക്കു വാർന്നിറങ്ങുന്ന ഒരു പാഴ്പ്പാട്ടായിത്തീരുന്നേനേ.

നസറേയൻെറ പാദദാസനു ജീവിതഭാരം വെറുമൊരു പൂക്കൂടയാണ്. പേറുംതോറും അതിൻെറ മധുകരസൗരഭ്യമേറി വരുന്നു. മറക്കാനും മറപ്പിക്കാനുമാവാത്ത മധുരക്കിനാവുകൾ ഒട്ടിച്ചേർന്നതാണെങ്കിലും ഈ ഉയിർച്ചുമടൊന്നിറക്കി

വച്ചു നിത്യതയുടെ കവാടത്തിൽ ഈയുള്ളവൻ വിശ്രമിച്ചുകൊള്ളട്ടെ. (ധ്യാനലീനനായി കുറെ സമയം നില്ക്കുന്നു....വീണ്ടും) ജഗദ് ഈശ്വരാ, ആ മണിമന്ദിരത്തിന്റെ പണി ഇനിയും തീർന്നിട്ടില്ല. എന്നിട്ടും കാലത്തിന്റെ മാറാലകൾക്കപ്പുറത്തു് അതിന്റെ താഴികക്കുടങ്ങൾ മിന്നിത്തിളങ്ങുന്നതു ഞാൻ കാണുന്നു ഈ ബലഹീനഹസ്തങ്ങൾ പ്രതിഷ്ഠിച്ച ആദ്യത്തെ കല്ലിൽനിന്നു തന്നെ അതുയരുകയാണ്. ഹാ! അനേകായിരങ്ങളുടെ ഭക്തി പാരമ്യത്തെ പ്രകീർത്തിക്കുന്ന ആ 'മണിമേട'- അതിന്റെ കനകകവാടത്തിങ്കലേക്കു് അങ്ങയുടെ തേർച്ചക്രങ്ങൾ നീങ്ങിക്കൊള്ളുമോ? ..... (കൈകൾ മാർത്തട്ടിൽ കുരിശാകൃതിയിൽവച്ചു് വീണ്ടും ധ്യാനനിർല്ലീനനാകുന്നു)

(ഏതോ ആന്തരികാഹ്വാനത്താൽ പെട്ടന്നു് ഉണർന്നതുപോലെ)

നാഴിക! .. വിനാഴിക!! .... നിമിഷങ്ങൾ അങ്ങോട്ടു പറക്കുകയാണു്. ആ പൂഞ്ചിറകിൽ ഞാനും പാറിച്ചെന്നുകൊള്ളട്ടെ. നാഴിക! .. വിനാഴിക!! ... ഈ ശ്വാസമിടിപ്പുകൾ കഴിമാടത്തിലേക്കു് എന്നെ വലിച്ചു നീക്കുകയാണു്. ഹാ! കൊലയായുധങ്ങൾ! ..... രക്തപ്രവാഹം!! ... .. പ്രാണബലി!......

(ദിവ്യചൈതന്യത്താൽ മുഖം പൂർവ്വാധികം പ്രസന്നമാകുന്നു)

സ്നേഹനാഥാ! ഞാൻ കാണുന്നു. കപാലഗിരിയുടെ ശൂന്യതയിൽ തീവെയിലത്തു് ഉയർന്നു നില്ക്കുന്ന അങ്ങേ പള്ളിമെത്ത!... കാരിരുമ്പാണികളിൽ തൂങ്ങിത്തളർന്നു്, നിണച്ചോല ഒഴുകിക്കൊണ്ടുള്ള അവിടുത്തെ അസാധാരണ നിദ്ര!! .. രക്തപ്പശയിലും ചെളിവിയർപ്പിലുംകൂടെ ഇഴുകിച്ചേർന്നിരിക്കുന്ന വസ്ത്രഖണ്ഡത്താൽ അർദ്ധനഗ്നമായ ആ "പള്ളിയറവേഷം"!!

ദാസൻ യജമാനനേക്കാൾ വലിയവനല്ല. അന്ത്യനിദ്രയിൽ ഒരുതുള്ളി രക്തമെങ്കിലും ചൊരിയാൻ സാധിക്കുന്നെങ്കിൽ അതാണു് ഈയുള്ളവന്റെ ഏററവുംവലിയ ഭാഗ്യം. ആകയാൽ ഞാൻ പ്രതീക്ഷിക്കട്ടെ, രക്തപങ്കിലമായ ആ നിമിഷം. യാതനാകലുഷിതമായ ആ നിമിഷം, .... ഹാ! അതൊരു ചുമട്ടുതാങ്ങി

യാണ്. ഈ മഹാഭാരം എനിക്കൊന്നിറക്കിവച്ചു വിശ്രമിക്കണം. അതൊരു മധുരാഹ്വാനമാണ്— അങ്ങേപ്പുറത്തുള്ള നോക്കെത്താത്ത ആ മൈതാനപ്പരപ്പിലേക്ക് എനിക്കൊന്നു കടന്നു ചെല്ലണം. ആകയാൽ സ്നേഹനിധേ! ഇതാ ദാസൻ വാതില്ക്കൽ മുട്ടുന്നു. അവിടുന്ന് ഒന്നു തുറന്നുതരുമോ?

(വീണ്ടും മുൻപോലെ ധ്യാനസുഷുപ്തിയിൽ ലയിച്ചു നിലകൊള്ളുന്നു)

അണിയറയിൽ ഒരു സ്വരം: ഇതാ! ഈ ഗുഹയിൽക്കാണേണം. അയാൾ പലപ്പോഴും വന്നു പ്രാർത്ഥിക്കാറുണ്ടെന്നാണറിവ്.

(മൂന്നു ഘാതകന്മാർ പ്രവേശിക്കുന്നു. ഒരുവന്റെ കൈയ്യിൽ മൂർച്ചയേറിയ ഒരു ശൂലം)

ഒന്നാമൻ:- (ശ്ലീഹായെ കാണുന്നു) കള്ളവേദാന്തി! അമ്പടാ! നീ ഗുഹയിൽക്കയറി പാത്തിരിക്കുകയാ, അല്ലേ? ആരും കാണുകയില്ലെന്നാണ് വിചാരം? കിട്ടിപ്പോയി, കിട്ടിപ്പോയി, ചുണയുണ്ടെങ്കിൽ ഒന്നു രക്ഷപെട്ടു പോകു, കാണട്ടെ.

(ഘാതകൻ ശ്ലീഹായുടെ വക്ഷസ്സിൽ ശൂലം തറക്കുന്നു. അദ്ദേഹം കൂപ്പുകൈയോടെ നിപതിക്കുന്നു. സ്റ്റേജിന്റെ മദ്ധ്യഭാഗത്തായി തെരുവുകർട്ടൻ വീഴുന്നു. ഘാതകർ അട്ടഹാസപൂർവ്വം ആർത്തു ചിരിച്ചുകൊണ്ട് രംഗത്തേയ്ക്കോടി വരുന്നു)

മൂവരും ചേർന്ന്:- (വിജയോന്മദഭാവത്തിൽ പൊട്ടിച്ചിരിച്ചു തുള്ളിച്ചാടിക്കൊണ്ട്) ഹ ഹ ഹാ... ... ഹ ഹ ഹാ...... അവൻ ചത്തു!......ചത്തു!...... ചത്തതുതന്നെ!...... ചാകാത്തവൻ ചത്തു ......ഹ ഹ ഹാ! ... ...... (ഓടി മറയുന്നു)

(ക്രിസ്ത്യാനികൾ ഭയവിഹ്വലരായി ഓടി വരുന്നു. ശ്ലീഹായെ കാണുന്നു)

ക്രിസ്ത്യാ:- ഗുരുനാഥൻ— ഗുരുനാഥൻ— അയ്യോ, പാതകികൾ, കഷ്ടം, കഷ്ടം, ദൈവമേ— ഗുരുനാഥൻ.

(കർട്ടൻ)

## രംഗം 21.

സ്ഥാനം:- ശ്ലീഹായുടെ ശവകുടീരം.

സമയം:- പ്രഭാതം.

മനോഹരമായ കല്ലറ പുഷ്പഹാരങ്ങളാൽ അലംകൃതമായിരിക്കുന്നു. ചുററും എരിഞ്ഞുകൊണ്ടിരിക്കുന്ന രജതദീപങ്ങളുടെ പ്രകാശം. പൌലോസ്, കേപ്പാ, എന്നീ മെത്രാന്മാരും മാളിയേക്കൽ, കടപ്പൂർ റമ്പാന്മാരും പ്രാർത്ഥനാനിരതരായി മുട്ടുകുത്തി നില്ക്കുന്നു.

(കർട്ടൻ ഉയരുമ്പോൾ അന്തരീക്ഷത്തിൽനിന്നു് സ്വർണ്ണവർണ്ണത്തിൽ ഒരു ദിവ്യപ്രഭ പ്രസരിക്കുന്നു. എല്ലാവരും ഉയരത്തിൽ ഒരു വിദൂരതയിലേക്കു് ഉററുനോക്കുന്നു. നേരിയ സ്വരത്തിൽ അശരീരിവാക്യം കേൾക്കുന്നു

(പ്രേമസംഗീത വൃത്തം)

“അനുസ്മരിക്കുന്നോരെൻ ചരമം, അവർകൾക്കെല്ലാവു
അനുഗ്രഹങ്ങൾസതതം സുലഭം, ഈശ്വരകൃപയാലേ
നമസ്കരിപ്പോരെൻ കല്ലറയിൽ സാദരമെങ്കിലഹോ,
നവോൽഗ്ഗതിക്കായർഹതയുള്ളോർവിൺ
“മണിമേട”യതിൽ.

(എല്ലാവരും ഭക്തിപൂർവ്വം ശിരസ്സു നമിക്കുന്നു. ദിവ്യപ്രഭ പൊലിയുന്നു)

(കർട്ടൻ)



Printed at the
Mar Louis Memorial Press, Alwaye
and published by the
"S. H. League" at the St. Joseph's Ap. Seminary.
Alwaye.

DC Library
*00007177*
T62 M31

T62
M31

T62
M31